Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1955 ഒക്ടോബർ 5—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് എറണാകുളം 113 കന്നി 19 | ലക്കം 9

## എളങ്കുളം ചെറുപുഷ്പ ദൈവാലയം

ആശീർവ്വാദകർമ്മം 1955 ഒക്ടോബർ 2-ാംനു-ഞായറാഴ്ച, മഹാവന്ദ്യ ദിവ്യശ്രീ എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമനസ്സുകൊണ്ട് കല്പിച്ചുനിർവ്വഹിച്ചു

ദൈവാലയാശീർവ്വാദത്തെ തുടർന്നു അൾത്താരയുടെ കൂദാശാകർമ്മം സഹായമെത്രാൻ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി നിർവ്വഹിച്ചു



വിശുദ്ധ കൊച്ചുത്രേസ്യാ വിരാജിക്കട്ടെ!

(തിരുനാൾ—ഒക്ടോബർ 3)

എറണാകുളം-തൃപ്പൂണിത്തുറ റോഡിനഭിമുഖമായി എളങ്കുളത്ത്, എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് പണികഴിപ്പിച്ചിട്ടുള്ള ഈ മനോഹരദൈവാലയം കലാവൈദഗ്ദ്ധ്യത്തിൻെറ ചെറിയൊരു വിജയസ്തംഭമായി പരിലസിക്കുകയാണ്—ലക്ഷോപലക്ഷം യാത്രികരെ ദൈവസ്മരണയിലേക്കു ആനയിച്ചുകൊണ്ട്—ദൈവാരാധനയ്ക്കു ക്ഷണിച്ചുകൊണ്ട്.

ആധുനികലോകത്തിൻെറ കുഴഞ്ഞ പ്രശ്നങ്ങളുടെ നിലയില്ലാത്ത ചുഴിക്കുത്തുകളിൽപെട്ടു നട്ടംതിരിയുന്ന അവശലക്ഷങ്ങൾക്ക് ആദ്ധ്യാത്മികാശ്വാസത്തിൻെറ മുരളീഗാനം മീട്ടിക്കൊണ്ട്—സ്വർഗ്ഗീയാനുഗ്രഹസുമങ്ങൾ സുലഭമായി വാരിവിതറിക്കൊണ്ട്—സാന്ത്വനസന്ദേശമരുളുകയാണ് ആധുനികനൂററാണ്ടിൻെറ അഭിമാനസ്തംഭമായ ആ വീരചരിത—വിശുദ്ധ കൊച്ചുത്രേസ്യാ. വിശുദ്ധ കൊച്ചുത്രേസ്യായുടെ സ്നേഹഗാനത്തിൻെറ മോഹനമായ ഈരടികൾ ഭൗതികത്വത്തിൻെറ മാദകലഹരിയാൽ വിവശരായ ജനലക്ഷങ്ങളുടെ ശ്രോത്രങ്ങളിൽ പതിയുന്നതിനും ഹൃദയത്തിൽ പ്രതിധ്വനിക്കുന്നതിനും, തന്മൂലം നിർമ്മലവും സനാതനവുമായ ശാന്തിയുടെ സന്ദേശം ലോകം ഗ്രഹിക്കുന്നതിനും ഈ സ്മാരകദൈവാലയം പ്രചോദനമാകാതിരിക്കയില്ല.

# ക്രിസ്തുവിന്റെ അവകാശവാദം

(എം. ഒ. ജോസഫ്, നെടുങ്കുന്നം)

തങ്ങൾ ദൈവങ്ങളാണെന്നോ, ദൈവത്തിൽനിന്നുള്ള സന്ദേശം വഹിക്കുന്നവരാണെന്നോ അവകാശവാദം ചെയ്തിരുന്ന അനേകരെ ലോകചരിത്രത്തിന്റെ പക്ഷങ്ങളിൽ നമുക്കു കണ്ടെത്തുവാൻ കഴിയും. ബുദ്ധൻ, മുഹമ്മദ്, ക്രിസ്തു, സോക്രട്ടീസ്, കൺഫ്യൂഷ്യസ്, സൊറാസ്റ്റർ ഇങ്ങനെ അനേകമനേകം പേർ. മററാരേയുംപോലെ തങ്ങൾക്കു പറയുവാനുള്ളതു് ലോകത്തോടു പറയുന്നതിനുള്ള അവകാശം അവർക്കുമുണ്ട്. എന്നാൽ അവരുടെ അവകാശവാദം നീതീകരിക്കത്തക്കതാണോയെന്നു പരീക്ഷിച്ചു തീരുമാനിക്കേണ്ടിയിരിക്കുന്നു. എല്ലാ മനുഷ്യർക്കും, എല്ലാ സംസ്കാരങ്ങൾക്കും, എല്ലാ കാലങ്ങൾക്കും സ്വീകാര്യമായ രണ്ടു പരീക്ഷണോപാധികളുണ്ട്: യുക്തിയും ചരിത്രവും.

ഈ അവകാശവാദികളിൽ ആരെങ്കിലും ദൈവത്തിൽനിന്നു വന്നിട്ടുള്ളവരാണെങ്കിൽ, അവർ തന്റെ പ്രതിനിധികളാണെന്നു സ്ഥാപിക്കുന്നതിലേക്ക് കുറഞ്ഞപക്ഷം അവരുടെ ആഗമനത്തെ ദൈവം പ്രഖ്യാപനം ചെയ്തിരിക്കണമെന്നു യുക്തി അനുശാസിക്കുന്നു. ദൈവം ആരെയെങ്കിലും മനുഷ്യരുടെ അടുക്കലേക്കു അയക്കുന്നപക്ഷം, ആ ദൂതൻ എപ്പോൾ വരുമെന്നും, ഏതു കാലത്തു ജീവിക്കുമെന്നും, എവിടെ ജനിക്കുമെന്നും, ഏതൊരു സിദ്ധാന്തം പഠിപ്പിക്കുമെന്നും, എന്തൊരു പരിപാടി അംഗീകരിക്കുമെന്നും മററുമുള്ള വിവരങ്ങൾ മനുഷ്യരെ ധരിപ്പിക്കുവാനുള്ള ഒരു ബാദ്ധ്യതയും ദൈവത്തിനുണ്ടായിരിക്കുന്നു. ദൂതന്റെ ജീവിതവും പഠനവും ഈ പ്രഖ്യാപനങ്ങൾക്ക് അനുസൃതമായിരിക്കുന്ന പക്ഷം, അയാൾ ദൈവത്തിൽനിന്നുള്ളവനാണെന്നു മനസ്സിലാക്കുവാൻ നമുക്കു പ്രയാസമുണ്ടായിരിക്കയില്ല.

ദൈവം ഇങ്ങനെ ചെയ്യാത്ത പക്ഷം, ഏതൊരു വിഡ്ഢിക്കും മനുഷ്യന്റെ മുൻപിൽ പ്രത്യക്ഷപ്പെട്ടു "ഞാൻ ദൈവമാണ്," "ഞാൻ ദൈവത്തിൽനിന്നു വരുന്നവനാണ്," "ദൈവത്തിൽനിന്നുള്ള ഒരു സന്ദേശം എനിക്കുണ്ട്," എന്നെല്ലാം പറയുന്നതിനു സാധിക്കുമെന്നും യുക്തി നമ്മെ മനസ്സിലാക്കുന്നു. അയാളുടെ വാദം ശരിയാണോയെന്നു പരീക്ഷിക്കുന്നതിനുള്ള യാതൊരു മാർഗ്ഗവും ഉണ്ടായിരിക്കുന്നില്ല. അയാളുടെ വാക്കു മാത്രമാണു പ്രമാണം.

ഒരു വിദേശരാജ്യത്തിൽനിന്നുള്ള സന്ദർശകൻ ന്യൂഡൽഹിയിലെത്തി, താൻ തന്റെ രാജ്യത്തിന്റെ സ്ഥാനപതിയാണെന്നു പറഞ്ഞാൽ, പാസ്പോർട്ടും സാക്ഷ്യപത്രങ്ങളും കാണിക്കുകയെന്നല്ലേ നാം അയാളോടു ആവശ്യപ്പെടുക. അയാൾ കാണിക്കുന്ന രേഖകൾ അയാളുടെ ആഗമനത്തീയതിക്കു മുൻപുള്ളവയായിരിക്കണമെന്നും നാം നിഷ്കർഷിക്കുന്നു. സ്ഥാനപതികളിൽനിന്നും ഇത്തരം തെളിവുകൾ നാം ആവശ്യപ്പെടുന്നുവെങ്കിൽ, മതത്തെപ്പോലെ സർവ്വപ്രധാനമായ ഒരു മണ്ഡലത്തിൽ, എത്രയധികം ശുഷ്കാന്തിയോടെ നാം അതു് ആവശ്യപ്പെടേണ്ടിയിരിക്കുന്നു. "നിങ്ങൾ വരുന്നുവെന്നതിനു്, നിങ്ങളുടെ ആഗമനത്തിനു മുൻപു്, എന്തൊരു രേഖയാണ് ഉണ്ടായിരിക്കുന്നതു്?"

ദൈവമെന്ന അവകാശവാദം പുറപ്പെടുവിക്കുന്നവരെ ഈ പരീക്ഷണോപാധിയോടുകൂടി നമുക്കൊന്നു സമീപിക്കാം. നമുക്കു അവരോടു ചോദിക്കാം: "അല്ലയോ സോക്രട്ടീസ്, അങ്ങയുടെ ജനനത്തിനുമുൻപു്, അങ്ങ് വരുന്നുവെന്നു ആർക്കെങ്കിലും അറിയാമായിരുന്നോ?" "ബുദ്ധാ, ആരെങ്കിലും അങ്ങയെപ്പററിയും അങ്ങയുടെ സന്ദേശത്തെപ്പററിയും മുൻകൂട്ടി പ്രഖ്യാപിക്കുകയും, ഒരു ദിവസം അങ്ങു ബോധിവൃക്ഷച്ചുവട്ടിൽ ഇരിക്കുമെന്നു പ്രവചിക്കുകയും ചെയ്തിട്ടുണ്ടോ?" "മുഹമ്മദ്, അങ്ങു ദൈവത്തിൽനിന്നുള്ള ഒരു നബിയാണെന്നു ജനങ്ങൾക്കു ബോദ്ധ്യമാകത്തക്കവണ്ണം, അങ്ങയുടെ ആഗമനത്തിനുമുൻപു്, അങ്ങയുടെ ജനനസ്ഥലത്തേയും ജീവിതരീതിയേയും പററി ആരെങ്കിലും രേഖപ്പെടുത്തിവെച്ചിട്ടുണ്ടോ?" "ഈശോ, അങ്ങ് വരുമെന്നും, എവിടെ ജീവിക്കുമെന്നും, അങ്ങയുടെ ജീവിതച്ചുററുപാടുകൾ എന്തൊക്കെയായിരിക്കുമെന്നും അങ്ങേക്കു മുൻപു് ആർക്കെങ്കിലും അറിയാമായിരുന്നോ?"

ഒരാൾ ഒഴികെ, എല്ലാവരും നിശ്ശബ്ദരായിരിക്കുന്നു. ബുദ്ധനെപ്പററിയോ, മുഹമ്മദിനെപ്പററിയോ, സോക്രട്ടീസിനെപ്പററിയോ, ക്രിസ്തു ഒഴികെ മററാരെയെങ്കിലും പററിയോ യാതൊരു പ്രവചനവും ഉണ്ടായിരിക്കുന്നില്ല. അവരെല്ലാം വന്നു് "ഇതാ ഞാൻ, എന്നിൽ വിശ്വസിക്കുക" എന്നു മാത്രം പറഞ്ഞു. ക്രിസ്തു മാത്രം "എന്റെ ആഗമനത്തെപ്പററി വിശദാംശങ്ങളിൽപ്പോലും മുൻകൂട്ടി പറയപ്പെട്ടിട്ടുണ്ട്" എന്നു സാഭിമാനം പ്രഖ്യാപിക്കുന്നു. യഹൂദന്മാരുടെ ഗ്രന്ഥങ്ങളും ബാബിലോണിയാക്കാർ, പേർഷ്യാക്കാർ, ഗ്രീക്കുകാർ, റോമ്മാക്കാർ മുതലായവരുടെ ചരിത്രങ്ങളും പരിശോധിക്കുവാൻ അദ്ദേഹം നമ്മോടു ആവശ്യപ്പെടുന്നു. യുക്തിയും ചരിത്രവും മൂലമുള്ള പരീക്ഷണത്തിൽ വിജയിയായ ക്രിസ്തുവിന്റെ വ്യക്തിത്വം നമ്മോട് ഇങ്ങനെ പറയുന്നു:-

"ഞാൻ ജനിക്കുന്നതിനു രണ്ടായിരം കൊല്ലങ്ങൾക്കു മുൻപു അബ്രാഹം എന്നൊരു മനുഷ്യൻ ജീവിച്ചിരുന്നു. ഏതൊന്നിനാൽ ഭൂമിയിലെ സകല ഗോത്രങ്ങളും അനുഗ്രഹിക്കപ്പെടു"മോ, ആ ജനതയുടെ നേതാവായിരുന്നു അദ്ദേഹം. ഞാൻ ജനിക്കുന്നതിനു് രണ്ടായിരം കൊല്ലങ്ങൾക്കുമുൻപു അബ്രാഹത്തിന്റെ ജനതയിൽ ജനിക്കുവാനിരിക്കുന്നവൻ ജാതികൾ, അതായതു് യഹൂദന്മാരും യഹൂദരല്ലാത്തവരും, പാത്തിരിക്കുന്നവൻ ആണെന്നു് പ്രവചിക്കപ്പെട്ടിരുന്നു. ഞാൻ ജനിക്കുന്നതിനു് ഉദ്ദേശം 700 കൊല്ലങ്ങൾക്കുമുൻപു ഞാൻ ബെത്‌ലഹമിൽ ജനിക്കുമെന്നും, കാലത്തിന്റെ തികവിൽ ജനിക്കുന്നവനെങ്കിലും കാലത്തിനു മുൻപുള്ള നിത്യജന്മത്തോടുകൂടിയവനാണെന്നും പ്രവചിക്കപ്പെട്ടിരുന്നു.

"എന്റെ ജന്മസ്ഥലം മാത്രമല്ലാ പ്രവചിക്കപ്പെട്ടിരുന്നതു്. ഞാൻ ഒരു കന്യകയിൽനിന്നു ജനിക്കുമെന്നു്, എന്റെ ജനനത്തിനു 700 വർഷങ്ങൾക്കുമുൻപു പ്രവചിക്കപ്പെട്ടിരുന്നു. "ഒരു കന്യക ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും; അവന്റെ പേരു് എമ്മാനുവൽ എന്നു വിളിക്കപ്പെടും." ഞാൻ ജനിക്കുന്നതിനു് ഉദ്ദേശം 700 വഷങ്ങൾക്കുമുൻപു്, കിഴക്കുനിന്നുള്ള രാജാക്കന്മാർ എനിക്കു സ്വർണ്ണവും കുന്തുരുക്കവും മീറായും കാഴ്ചസമർപ്പിക്കുമെന്നും, ഞാൻ ഈജിപ്തിലേക്കു ഓടിപ്പോകേണ്ടിവരുമെന്നും, നസ്രസിൽ വന്നു താമസിക്കുമെന്നും പ്രവചിക്കപ്പെട്ടിരുന്നു. ഓർശ്ലേമിന്റെ മതിലുകൾ വീണ്ടും പണിയുവാൻ സൈറസ് കല്പന പുറപ്പെടുവിച്ചതിനുശേഷമുള്ള ഒരു നിശ്ചിതകാലയളവിനുള്ളിൽ ഞാൻ വരുമെന്നു്, ഞാൻ ജനിക്കുന്നതിനു് 600 കൊല്ലം മുൻപു പ്രവചിക്കപ്പെട്ടിരുന്നു. ഞാൻ ജനിക്കുന്നതിനു 500 കൊല്ലങ്ങൾക്കുമുൻപു എന്റെ പേരു് ഈശോ അതായതു രക്ഷകൻ എന്നായിരിക്കുമെന്നു മുൻകൂട്ടി പറയപ്പെട്ടിരുന്നു.

"എന്റെ സ്വഭാവത്തിന്റെ വിശദാംശങ്ങൾ പോലും മുൻകൂട്ടി പറയപ്പെട്ടിരുന്നു. അതായതു ഞാൻ കൃപാലുവായിരിക്കുമെന്നും ക്ലേശിതരെ ആശ്വസിപ്പിക്കുമെന്നും, എന്റെ സ്വന്തം ജനങ്ങളാൽ തിരസ്കൃതനാകുമെന്നും മററും. എന്റെ മരണത്തെപ്പററിയുള്ള വിശദവിവരങ്ങൾ പോലും മുൻകൂട്ടി പ്രവചിക്കപ്പെട്ടിരുന്നു. എന്റെ കൈകളിലും കാലുകളിലും ക്ഷതങ്ങൾ ഉണ്ടായിരിക്കുമെന്നും, എന്റെ മേലങ്കിക്കുവേണ്ടി എന്റെ ശത്രുക്കൾ ചീട്ടിയിടുമെന്നും, എന്നെ കൊല്ലുമ്പോഴും എന്റെ ശരീരത്തിലെ ഒരു അസ്ഥിപോലും അവർ തകർക്കുകയില്ലെന്നും പല നൂററാണ്ടുകൾക്കു മുൻപേ പ്രവചിക്കപ്പെട്ടിരുന്നു. എന്റെ മരണസമയത്തു് എന്റെ ദാഹശമനത്തിനായി എനിക്കു കൈപ്പും ചൊറുക്കായും നൽകപ്പെടുമെന്നു ആയിരം കൊല്ലങ്ങൾക്കുമുൻപു ദീർഘദർശനം ചെയ്യപ്പെട്ടിരുന്നു.

(തുടരും)


## സെൻറമേരീസ് ഫണ്ട്, കുറപ്പന്താ

### മാഞ്ഞൂർ P. O.

### പ്രതിമാസലേലച്ചിട്ടി No 6

### ക്യാഷ്, സെക്യൂരിററിയിന്മേൽ

1955 നവംബർ 10-ാംനു- (1131 തുലാം 24) ആരംഭം

താഴെ കാണുന്ന നമ്പരുകൾ ഉണ്ടായിരിക്കുന്നതാണ്.

| | | | | | | |
|---|---|---|---|---|---|---|
| 120 | രൂപാവീതം | 3000 | രൂപ | മുതലുള്ള | എ | നമ്പർ |
| 80 | " | 2000 | " | " | ബി | " |
| 40 | " | 1000 | " | " | സി | " |
| 20 | " | 500 | " | " | ഡി | " |
| 10 | " | 250 | " | " | ഇ | " |

തലവര്യോല രണ്ടും ഒപ്പിട്ട് എ, ബി, സി, ഡി, ഇ ക്ലാസ്സുകൾക്ക് യഥാക്രമം, 40, 30, 20, 10, 5 രൂപാവീതം അഡ്വാൻസായി ഒക്ടോബർ 25-ാംനു-ക്കകം എത്തിച്ചുതരേണ്ടതാണ്.

ഇവിടെ എല്ലാവിധ ബാങ്കിടപാടുകളും സൗകര്യപ്രദമായി നടത്തപ്പെടും.

ഏജൻറ്, കണ്ടാരപ്പള്ളിൽ കെ. സി. ചാക്കോ B. A.
കുറപ്പന്താ, 28-9-1955


ആദ്ധ്യാത്മികവീഥി

# ജ്ഞാനവായന

(തുടർച്ച)

ദൈവത്തിന്റെ വത്സലമക്കളേ,

കഴിഞ്ഞയാഴ്ചത്തെ ലേഖനത്തിലെ ഒരു ഭാഗം അല്പം തെററിദ്ധാരണയ്ക്കു വക നൽകുന്നില്ലയോ എന്നു ഭയപ്പെടുന്നു. ജ്ഞാനവായനയുടെ ഉദ്ദേശത്തെക്കുറിച്ച് പറഞ്ഞപ്പോൾ ജിജ്ഞാസയെ തൃപ്തിപ്പെടുത്താനോ, പ്രസംഗത്തിനായി പുതിയ ആശയങ്ങൾ ശേഖരിക്കാനോ, വിമർശനത്തിനോ, ആയി ജ്ഞാനവായന നടത്തരുതെന്നു പ്രസ്താവിക്കയുണ്ടായി. മേൽ പറഞ്ഞ ഉദ്ദേശങ്ങളോടുകൂടി ആദ്ധ്യാത്മികഗ്രന്ഥങ്ങൾ ഒരിക്കലും വായിക്കരുതെന്നല്ല വിവക്ഷ. മററുള്ളവരുടെ പുണ്യാഭിവൃദ്ധിക്കായി ജോലി ചെയ്യുന്ന ആളുകൾക്കു പ്രത്യേകിച്ചും, അല്ലാത്തവർക്കും ആദ്ധ്യാത്മീയകാര്യങ്ങളെക്കുറിച്ച് നല്ല അറിവുണ്ടായിരിക്കേണ്ടതാണ്. അതിനൊരുത്തമമാർഗ്ഗം നല്ല ഗ്രന്ഥങ്ങളുടെ പാരായണമാണെന്നുള്ളതിനു തർക്കമില്ല. അതിനാൽ സൗകര്യമുള്ളപ്പോളെല്ലാം ധാരാളം നല്ല പുസ്തകങ്ങൾ വായിക്കേണ്ടതാണ്. എന്നാൽ പ്രസ്തുതവായനയെപ്പററി ശരിക്കുള്ള അർത്ഥത്തിൽ ജ്ഞാനവായനയെന്നു പറയാൻ പാടില്ല.

ജ്ഞാനവായനയെന്ന പദത്താൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു് സ്വന്ത ആവശ്യത്തിനായി മാത്രം നടത്തുന്ന പ്രാർത്ഥനാസ്വഭാവമായ സദ്ഗ്രന്ഥപാരായണമാണ്. അതിനായി ദിവസേന കഴിയുമെങ്കിൽ ഒരു അര മണിക്കൂറെങ്കിലും നീക്കിവക്കുന്നതു നന്നായിരിക്കും. ഇങ്ങനെ പ്രത്യേകം നീക്കിവച്ചിരിക്കുന്ന സമയത്തു നമ്മുടെ സ്വന്തം കാര്യം മാത്രമേ നോക്കാവൂ, എന്ന അർത്ഥത്തിലാണു വേറെ ഉദ്ദേശമുണ്ടായിരിക്കരുതെന്നു പറഞ്ഞതു്. അല്ലെങ്കിൽ സ്വയം ഒന്നും ഭക്ഷിക്കുന്നതിനു ശ്രദ്ധിക്കാതെ മററുള്ളവർക്കുവേണ്ടി വിവിധവിഭവങ്ങളോടുകൂടിയ വിരുന്നൊരുക്കുന്ന ഭൃത്യന്മാരെയായിരിക്കും നാം അനുകരിക്കുന്നതു്.

വേറൊരു സംഗതികൂടി ഓർത്തിരിക്കേണ്ടതുണ്ട്. മുൻപറഞ്ഞവണ്ണം ആദ്ധ്യാത്മിക ജ്ഞാനസമ്പാദനത്തിനായി പല ഗ്രന്ഥങ്ങൾ പാരായണം ചെയ്യേണ്ടതാണെന്നിരുന്നാലും നമ്മുടെ നിത്യോപയോഗത്തിനായി നമുക്കു ഏററവും ഉപകാരപ്രദമെന്നു അനുഭവംകൊണ്ടു മനസ്സിലായിട്ടുള്ള ഏതെങ്കിലും ഒരു പുസ്തകം തെരഞ്ഞെടുത്തു് അതു പല ആവർത്തി വായിച്ചു അതിലെ ആശയങ്ങൾ പ്രവൃത്തിയിൽ വരുത്തുന്നതായിരിക്കും പല പുസ്തകങ്ങൾ വായിച്ചു വായിച്ചു തള്ളുന്നതിനേക്കാൾ കൂടുതൽ ഉപകാരപ്രദം. വി. കൊച്ചുത്രേസ്യാ തെരഞ്ഞെടുത്ത പുസ്തകം സുവിശേഷങ്ങളായിരുന്നു.

ഒരേ പുസ്തകം തന്നെ പല പ്രാവശ്യം വായിക്കുമ്പോൾ അതിലുള്ള പ്രധാന ആശയങ്ങൾ കൂടുതൽ കൂടുതൽ ആഴമായി നമ്മുടെ ഹൃദയത്തിൽ പതിയുമെന്നു മാത്രമല്ല, ആദ്യവായനകളിൽ കാണാതിരുന്ന പുതിയ ആശയങ്ങൾ പ്രത്യക്ഷപ്പെട്ടുവരുന്നതായും അനുഭവപ്പെടും.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ അനുസരിച്ചു ക്രമമായി ജ്ഞാനവായന നടത്തണമെന്നുള്ള അഭ്യർത്ഥനയോടുകൂടി, പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവ്

## For favours received



Mrs. Mary Sebastian
Trichur

# വിനോദവീഥി

ഒരു പുരാണവസ്തുഗവേഷകൻ ഒരു പ്രാചീനഗ്രാമത്തിൽക്കൂടി കടന്നുപോകുമ്പോൾ വളരെ പഴകിയ ഒരായുധംകൊണ്ടു ഒരു വൃദ്ധൻ വിറകുവെട്ടുന്നതുകണ്ടു. ജിജ്ഞാസുവായ ഗവേഷകൻ ആ വൃദ്ധനെ സമീപിച്ച് ചോദിച്ചു:- "നിങ്ങളുടെ ഈ ആയുധം വളരെ വിചിത്രമായിരിക്കുന്നല്ലോ. അതേസംബന്ധിച്ച എന്തെങ്കിലും ഐതിഹ്യമുണ്ടോ?"

അഭിമാനബോധത്തോടുകൂടി വൃദ്ധൻ നിവർന്നുനിന്നു പറഞ്ഞു:- "ഐതിഹ്യമുണ്ടോ എന്നു്! ഇതിനു ഈ മലയാളത്തോളമെങ്കിലും പഴക്കമുണ്ടെന്നുള്ളതു തീർച്ചയാണ്. ശ്രീ പരശുരാമൻ മലയാളം സൃഷ്ടിക്കുവാൻ ആഞ്ഞെറിഞ്ഞ മഴുവ് കരയിലടിഞ്ഞു ഞങ്ങളുടെ പൂർവ്വികന്മാർക്കു കിട്ടി. അതൊരിക്കലും ഞങ്ങൾ അന്യാധീനപ്പെടുത്തിയിട്ടില്ല. ഇതാണ് ഞങ്ങളുടെ കുടുംബത്തിന്റെ ഐശ്വര്യം"

ഗവേഷകൻ മഴു വാങ്ങി ജിജ്ഞാസയോടെ പരിശോധിച്ചു:- "ഇതിനത്രയധികം പഴക്കം കാണുന്നില്ലല്ലോ."

വൃദ്ധൻ:- "കൊള്ളാം, അതിന്മേൽ നോക്കിയാലെന്തുകാണാനാണ്? അതിന്റെ അലകു എന്റെ ആയുസ്സിൽതന്നെ മൂന്നുമാറി, പിടി രണ്ടു തവണയും."

x x



"മാത്തുച്ചനിങ്ങനൊരു തലവേദനവന്നു കിടപ്പിലാവാനെന്താ മോളെ കാരണം?"

"പെലിക്കഞ്ഞിനൊരു ഭാഗ്യക്കുറി കിട്ടീന്നുപറഞ്ഞന്നു തുടങ്ങീതാ ഈ വേദനേം പരവേശോമൊക്കെ."

## ചെറുകഥ

# "ചോരപുരണ്ട മണ്ണ്"

[തൃക്കൊടിത്താനം ചാക്കോ]

മറിയച്ചേട്ടത്തി പള്ളിയിൽ പോകുക സാധാരണയല്ല. പിന്നെ പെരുന്നാളുന്നാൾ പോകും അതു തീർച്ചയാണ്. പ്രത്യേകിച്ചു കാരണമൊന്നുമില്ല, അന്നു പോയാൽ മറന്നിരിക്കുന്ന പല സ്നേഹബന്ധങ്ങളും പുതുക്കാം, വീട്ടാവശ്യത്തിനു പററിയ പിഞ്ഞാണം, പിള്ളേർക്കു വേണ്ടുന്ന കളിപ്പാട്ടം ഇവകളൊക്കെ ഇഷ്ടപ്പെട്ടതുനോക്കി എടുക്കാം. ആണ്ടിലൊരിക്കൽ കിട്ടുന്ന ഒരവസരമാ. അതു പാഴാക്കിക്കളയുവാൻ മറിയച്ചേട്ടത്തി ഒരുങ്ങീട്ടുമില്ല, ഒരുങ്ങുകയുമില്ല. അഥവാ ആ അവകാശത്തിൽ ആരെങ്കിലുംകൈവെച്ചാൽ പിന്നെ അന്നു "പുകിലാ" ആ വീട്ടിൽ.

അന്നൊരു ഞായറാഴ്ച ആയിരുന്നു മറിയച്ചേട്ടത്തി പള്ളിയിൽ വന്നതു അയൽപക്കത്തുള്ള പല പെണ്ണുങ്ങൾക്കും ഒരു പുതുമയായിത്തോന്നി. പള്ളിക്കമ്മാദികൾക്കിടയിൽഏലിച്ചേട്ടത്തിയും അന്നച്ചേട്ടത്തിയുംകൂടി എന്തൊക്കെയോ കുശുകുശുക്കുന്നുണ്ട്. ചിലർക്ക് ഇവരുടെ ഈ പെരുമാററം അസഹ്യമായിത്തോന്നി. വൈദികൻ, ദിവ്യബലി അർപ്പിച്ചശേഷം "സങ്കീർത്തി"യിലേക്കു പോയി. പലരും പള്ളിക്കു വെളിയിലിറങ്ങി. അപ്പോഴാണ് ഏലിച്ചേട്ടത്തിയും അന്നച്ചേട്ടത്തിയും അറിയുന്നതു് കുർബാന തീർന്നു എന്നുള്ള സംഗതി. മററുള്ളവരെപ്പോലെ അവരും കൃതാർത്ഥരായി ഇറങ്ങി.

അവർ മറിയച്ചേട്ടത്തിയോടു കുശലപ്രശ്നങ്ങൾ ആരാഞ്ഞുതുടങ്ങി.

"നിന്റെ മകളുടെ കല്യാണം ഒറച്ചോ?" ഏലിച്ചേട്ടത്തി വിഷയം എടുത്തിട്ടു.

"ഇല്ല ചേട്ടത്തി." മറിയ ഉത്തരം നൽകി.

"ങാ...?"

"എന്റെ ചേട്ടത്തീ, സ്ത്രീധനത്തോടടുക്കുമ്പോൾ മാത്രം ഒക്കുകയില്ല. നാന്നൂറോ അഞ്ഞൂറോ തന്നെ കൊടുക്കണമെങ്കിൽ എങ്ങിനെയാണെന്നു എനിക്കറിഞ്ഞുകൂടാ."

"ഓരോന്നിന്റെ തലേലെഴുത്താണേ...." ഏലി തീർത്തുപറഞ്ഞു.

"തേണ്ടാ ആ "തറുതി"യുടെ മകളെ ഒന്നും കൊടുക്കാതെ ഒരുത്തൻ കെട്ടിക്കൊണ്ടുപോയി. അതൊക്കെ മറിയേ ഒരു ഭാഗ്യമാ."

"ആ കിളിപോലിരിക്കുന്നപെണ്ണല്ലേ ചേട്ടത്തീ?" അന്ന ചുളുവിൽ സംസാരവിഷയത്തിൽ കയറി.

"പിന്നെ നടക്കേണ്ട സമയത്തു് എല്ലാം നടക്കും" ഏലി മറിയയെ സമാധാനപ്പെടുത്തി.

വീടിനോടടുത്തപ്പോൾ മറിയച്ചേട്ടത്തി യാത്രപറഞ്ഞു പിരിഞ്ഞു.

"എടീ കുഞ്ഞമ്മേ! ഇച്ചിരി കാപ്പി കൊണ്ടുവന്നേ. നിന്റെ അപ്പനെന്തിയേ? അതിയാൻ എങ്ങാണ്ടെറങ്ങിയിരിക്കുകയാ; പെണ്ണേ നീ പള്ളിപ്പോയോ? പോയേച്ചും വേഗം വരണം. അവർ ഇന്നു നിന്നെ കാണാൻ വരും. താമസിക്കരുതേ! കേട്ടോ മോളേ!"

കുഞ്ഞമ്മ പള്ളിയിലേക്കു തിരിച്ചു.

X X X

"അവരു് എപ്പം വരുമെന്നാ?"

"മിക്കവാറും നാലുമണിക്കായിരിക്കും" ഔതച്ചേട്ടൻ സംശയാസ്പദമായി പറഞ്ഞു.

"ചെറുക്കനു മൊതലുള്ളവനാണോ? ശമ്പളം കിട്ടുന്നവനാണോ?" ഇതൊക്കെ മറിയച്ചേട്ടത്തിക്കറിയണം.

"എല്ലാംകൊണ്ടും നമുക്കു ചേരുന്ന ഒരു ബന്ധമാണ്. രണ്ടാമ്പിള്ളേരുണ്ട്. മൂത്തതു് ഒരു പെണ്ണാണ്. അവളെകെട്ടിച്ചയച്ചു. നാലുപത്തു സെൻറു സ്ഥലം ഉണ്ട്. ദിവസം രണ്ടു രണ്ടര രൂപാ അവനുണ്ടാക്കും." ഔതച്ചേട്ടൻ ചെറുക്കന്റെ ചുററുപാടുകളുടെ ഒരു വിവരണം ഭാര്യയെ പറഞ്ഞുകേൾപ്പിച്ചു.

"എന്നാ കൊടുക്കണം സ്ത്രീധനം...?"

"എഴുനൂററി അൻപതു രൂപാ കൊടുക്കണമെന്നാണ് "തെല്ലാള"കാരൻ വക്കി ആശാൻ പറയുന്നതു്."

"തേ! വരുന്നല്ലോ ആശാൻ." മറിയച്ചേട്ടത്തി ചൂണ്ടിക്കാണിച്ചു.

"വക്കിആശാനേ, ഇരിക്ക്. മറിയേ, കുറച്ചു കാപ്പിയിട്ടേ."

"ഓ! ഒന്നും വേണ്ടാ ഔതച്ചേട്ടാ.... പിന്നെ അവർ നാലുമണിക്കു വരും. തുകയുടെ കാര്യത്തെക്കുറിച്ചു ഒന്നുകൂടി കണ്ടു സംസാരിക്കാം."

"ഈ എഴുനൂററി അൻപതു് ഒക്കെ എങ്ങിനെ കൊടുക്കാനാണ്....?" കാപ്പിയുമായിവന്ന മറിയച്ചേട്ടത്തി ഒരു പ്രമേയം അവതരിപ്പിച്ചു. "വക്കിആശാനേ കപ്പയ്ക്കും കുരുമുളകിനും തേങ്ങായ്ക്കുമെല്ലാം വിലകുറഞ്ഞു, അതനുസരിച്ചു് ഈ സ്ത്രീധനത്തിനും കുറവുവരുത്തേണ്ടേ?"

അതൊരു യുക്തിയായ ചോദ്യമാണെന്നു ഔതച്ചേട്ടനു തോന്നി. അയാൾ അതു ഊന്നി വക്കി ആശാനോടു പറഞ്ഞു.

വക്കിആശാനും അതു ഏറെക്കുറെ ശരിയാണെന്നു തോന്നി. അയാൾ പറഞ്ഞു: "ആവുംവിധം മത്തായിച്ചേട്ടനോടു പറഞ്ഞുനോക്കാം. പക്ഷേ, പെണ്ണിനെ കെട്ടിക്കണമെങ്കിൽ പണംവേണം ചേട്ടത്തി. ഇന്നാളൊരുദിവസം അങ്ങേക്കുററിലെ ദേവസ്യാസാറു പത്രത്തിൽ വായിക്കുന്നതു കേട്ടു "സ്ത്രീധനനിരോധനവില്ല്" വരാൻപോണപോലും."

"ഓ! ഈ ഭരണക്കാരെല്ലാംകൂടി വല്ലോംഒക്കെഒപ്പിക്കും, അല്ലേ ആശാനേ. ഭൂനയവില്ല് വരുന്നെന്നു കേട്ടതേ ഒള്ളു. ഭൂമിയുടെ വിലപോലും പോയി. നമ്മേപ്പോലെയുള്ള പാവങ്ങൾക്കു് ഒരു പത്തു സെൻറു വിററു വല്ല കാര്യവും നടത്തണമെന്നു വിചാരിച്ചാൽ അതും പററുകയില്ല. ഇനിയും ഈ വില്ലുകൂടി വരുന്നെന്നു കേട്ടാമതി, പിന്നെ പെമ്പിള്ളേരേക്കൂടി കെട്ടിക്കാൻ ഒക്കാതെവരും. കർത്താവേ, ഇതെന്തൊരു കാലം! ഇതൊക്കെ ഇപ്പോഴാ കേൾക്കുന്നതു്. നമ്മുടെ അപ്പനപ്പൂപ്പന്മാരുടെ കാലംമുതല്ലേ നടപ്പുള്ളതാ ഈ സ്ത്രീധനം ഏർപ്പാടു്. ഇവരെങ്ങനെ മാററാനാ ഈ "വില്ല്"കൊണ്ടു വിചാരിക്കുന്നതു്?" ഔതച്ചേട്ടൻ ഒരു ദീർഘനിശ്വാസത്തോടുകൂടി പറഞ്ഞുതീർത്തു.

"ഇതു വല്ലോം നടക്കാൻപോകുന്നോ ചേട്ടാ. നമുക്കറിയാമ്മേലേ ഈ റേഷൻകാലത്തു് "ബ്ലാക്കു" നടത്തിയതു്. ഈ ഗവമ്മെണ്ടു വിചാരിച്ചിട്ടു് "ബ്ലാക്കു" നടക്കാതിരുന്നോ? ഇയാടെ മകൾക്കു് താൻ ഇഷ്ടമുള്ള പണം കൊടുക്കുന്നതിൽ ഗവമ്മെണ്ടിനെന്തു കാര്യം? അപ്പന്റെ സ്വത്തു് മക്കൾക്കല്ലാതെ ഇവന്മാർക്കാണോ? ഇതൊക്കെ നല്ല കൂത്താ!"

"ഗവമ്മെണ്ടു വില്ലുകൊണ്ടുവന്നു കഴിയുമ്പോൾ ചേട്ടനേപ്പോലുള്ളവർക്കു പിന്നെ പണിയില്ലാതെ വരുമല്ലോ?" മറിയച്ചേട്ടത്തിയുടെ ഈ ഒളിയമ്പു് വക്കിആശാനു കണക്കിനു ഏററു. ഔതച്ചേട്ടനും അതു തീരെ ഇഷ്ടപ്പെട്ടില്ല.

വക്കിആശാൻ പരുഷസ്വരത്തിൽ പറഞ്ഞു: "ഞങ്ങളേപ്പോലെയുള്ളവർ ഇല്ലായിരുന്നെങ്കിൽ എല്ലാം നരച്ചു വീട്ടിനകത്തു നിക്കത്തേയുള്ളു."

"പോകട്ടാശാനേ, ഈ പെണ്ണുങ്ങളു വല്ലോം പറയുന്നതു കാര്യമാക്കാനുണ്ടോ? വീടു ഭരിക്കുന്നതും, രാജ്യം ഭരിക്കുന്നതും എങ്ങിനെയാണെന്നു ഇവക്കറിയാമോ? പിന്നെ കല്യാണക്കാര്യം ഓർമ്മയിലിരിക്കണം. സ്ത്രീധനം കൂട്ടുന്നതും, കുറയ്ക്കുന്നതുമെല്ലാം ആശാന്റെ മിടുക്കാ. സ്വന്തം കാര്യംപോലെ വിചാരിച്ചോണം. ഞാൻ ആശാനെ അതുപോലെ കണ്ടോളാം. പോരേ? കൂടിപ്പോയാൽ ഒരഞ്ഞൂറു ഉറപ്പിക്കു. അതായതു് പത്തു സെൻറു സ്ഥലവും കുറച്ചാഭരണവും. ഇതിനേ നമുക്കു വശമുള്ളു."

"എന്നാൽ ഞാൻ പോകട്ടെ." ആശാൻ യാത്രചോദിച്ചു. "പിന്നെ ചെറുക്കനും മററും ഇന്നുവരും. അവരെ മാനമായി പറഞ്ഞയക്കണം. ഞാൻ നാളെ പരാന്നുവെളുക്കുമ്പോൾകാവാലത്തെത്തും."



മുക്കന്നൂർ
ചെറുപുഷ്പ
ദേവാലയത്തിൽ
വിശുദ്ധ
കൊച്ചുത്രേസ്യായുടെ
തിരുനാൾ
1955 ഒക്ടോബർ 9-ാംനു-
ഞായറാഴ്ച
സാഘോഷം
കൊണ്ടാടുന്നതാണ്.

"എന്നാ ഞാൻ പോണു."

"ആശാനേ, ഒന്നു മുറുക്കിയിട്ടു പോ. എടീ മറിയേ, ഇച്ചിരി മുറുക്കാൻ ആശാനു കൊടുത്തേ."

ആശാൻ ഇരുന്നു മുറുക്കി. ആ മുറുക്കിത്തുപ്പിൽ മറിയച്ചേട്ടത്തിയോടുള്ള ഒരു പകവീട്ടൽ ദൃശ്യമായി.

ഉഗ്രമായ വെയിലിന്റെ ചൂടു് ഒട്ടു കുറഞ്ഞു. സൂര്യൻ പടിഞ്ഞാറോട്ടു ചരിഞ്ഞു.

മറിയച്ചേട്ടത്തി മകളെ വിളിച്ചു. "എന്നാമ്മേ" തയിച്ചുകൊണ്ടിരുന്ന കുഞ്ഞമ്മ വിളികേട്ടു.

"പെണ്ണേ, നീ ഒന്നുപോയി കുളിക്കു്."

"ഞാൻ വൈകിട്ടു കുളിച്ചോളാം."

"എടീ, അവരിപ്പം വരും." മറിയച്ചേട്ടത്തി മുന്നറിയിപ്പുനൽകി.

"ആരാമ്മേ?" കുഞ്ഞമ്മ ജിജ്ഞാസയോടുകൂടി ചോദിച്ചു.

"കാവാലത്തുള്ള ഒരു ചെറുക്കൻ."

"ഓ! ഇങ്ങനെയൊരു കാഴ്ചയുണ്ടോ? എന്നും കല്യാണമേ, കല്യാണമേ എന്നുള്ള വിചാരമേ ഈ അമ്മയ്ക്കുള്ളു. ഇത്ര ധൃതിവയ്ക്കാനെന്തിരിക്കുന്നു?"

"എടീ, നീയല്ല അതൊന്നും നിശ്ചയിക്കുന്നതു്. ഒരു നല്ല കാര്യത്തിനൊരുങ്ങുമ്പം ഒരവതി വയ്ക്കു്. വച്ചുവച്ചു് വരുന്നവരെല്ലാം പോകുവാ. കൊച്ചീലെ ഇറങ്ങിപ്പോകണമെന്നല്ല വിചാരം. ഗൊണമതിയാരംകെട്ടതു്. വേഗംപോയി കുളിക്കു്." മറിയച്ചേട്ടത്തി ധൃതിയിൽ പലഹാരങ്ങളുണ്ടാക്കുന്നതിനിടയിൽ ഇത്രയും പറഞ്ഞുതീർത്തു. "എന്റെ അൽഫോൻസാമ്മേ, ഇതെങ്കിലും ഒറയ്ക്കണേ." എന്റെ പാറേമാതാവേ, ഞങ്ങളെ കൈവിടല്ലേ." മറിയച്ചേട്ടത്തി ഈ വിപൽസന്ധിയിൽ ഈ പരിശുദ്ധ നാമധേയങ്ങളെ വിളിച്ചപേക്ഷിച്ചു.

അതിഥികളെ കാത്തു ഔതച്ചേട്ടൻ വരാന്തയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. ഇടയ്ക്കിടയ്ക്കു മറിയച്ചേട്ടത്തിയോടെന്തൊക്കെയോ പറയുന്നുമുണ്ട്.

"മറിയേ, അവർ വരുന്നുണ്ട്." പുഞ്ചിരിയോടുകൂടി, അടുക്കളയിലിരിക്കുന്ന മറിയച്ചേട്ടത്തിയെ അയാൾ അറിയിച്ചു. "കാപ്പിയെല്ലാം റെഡിയായോ?"

കാവാലത്തുകാരൻ കുഞ്ഞച്ചനും, അവന്റെ ഏക അളിയൻ ചാണ്ടിയുംകൂടിയാണ് ഔതച്ചേട്ടന്റെ മകൾ കുഞ്ഞമ്മയെ കാണാൻ വന്നിരിക്കുന്നതു്.

ഔതച്ചേട്ടൻ മകളെ വിളിച്ചു. അമ്മയുടെ പല ശ്രമങ്ങൾക്കുശേഷം കുഞ്ഞമ്മ പലഹാരങ്ങളുമായി ആഗതരുടെ മുൻപിൽ വന്നു.

അങ്ങനെ ആ പ്രഥമസന്ദർശനം സമംഗളം പര്യവസാനിച്ചു. അതിഥികൾ യാത്രപറഞ്ഞു പിരിഞ്ഞു.

X X X

രാത്രി കുത്തഴിഞ്ഞ ഒരു പുസ്തകംപോലെ നാലുപാടും പരന്നു. ഗ്രാമങ്ങളിലുള്ള ചെററക്കുടിലുകളിൽ മണ്ണെണ്ണവിളക്കിന്റെ പ്രകാശം കണ്ടുതുടങ്ങി.

പ്രാർത്ഥനയ്ക്കു ഔതച്ചേട്ടൻ എല്ലാവരേയും വിളിച്ചു. എല്ലാവരും അങ്ങിങ്ങായി സ്ഥലംപിടിച്ചു. എല്ലാവരും പ്രാർത്ഥനയിൽ മുഴുകി.

"ശുദ്ധമാനമറിയമേ തമ്പുരാ... എടീ, കുഞ്ഞമ്മേ, കോഴിക്കൂട്ടു് അടച്ചോ?......പാപികളായ.... ഞങ്ങൾക്കുവേ.....പശുവിനു വെള്ളംകൊടുത്ത ചട്ടി എടുത്തുവച്ചോ...? കർത്താവേ! ഞങ്ങൾക്കൊന്നും വരുത്തരുതേ......എന്റെ മകളെ ഉപേക്ഷിക്കരുതേ!"

മറിയച്ചേട്ടത്തിക്കു് പ്രാർത്ഥനയിലുള്ള ഏകാഗ്രത! മറിയച്ചേട്ടത്തിക്കു മാത്രമുള്ള ഒരു ദൂഷ്യമല്ല. മിക്ക വീടുകളിലും പ്രാർത്ഥനയ്ക്കുള്ള പ്രാധാന്യം ഇത്രയുമേയുള്ളു.

നിശാചക്രം വളരെവേഗം കറങ്ങിക്കൊണ്ടിരുന്നു. അതോടൊപ്പം ഔതച്ചേട്ടന്റെ ഹൃദയവും കറങ്ങുകയാണ്.

പുലരി വിളിച്ചറിയിച്ചു.

അന്നു പകൽ മുഴുവനും, ആ മാതൃഹൃദയം വേദനിക്കുകയായിരുന്നു. കാവാലത്തുകാർ അഞ്ഞൂറു രൂപയ്ക്കു സമ്മതിച്ചിരുന്നെങ്കിൽ! പിന്നെയും ഉണ്ടാകണം വക്കി ആശാനുള്ള "തെല്ലാള്"പണം, കുഞ്ഞമ്മയുടെ അനുജത്തി മേരിക്കു ബ്ലൗസ്, പാവാട, എനിക്കൊരു കച്ചമുറി, കവണി, നല്ലൊരു ചട്ട. മറിയച്ചേട്ടത്തി ചിലവിന്റെ ഒരു പട്ടിക നിരത്തി. ഒരു നീണ്ട നിശ്വാസത്തോടുകൂടി അവയ്ക്കെല്ലാം പൂർണ്ണവിരാമമിട്ടു.

X X X

"എന്താ വക്കിച്ചേട്ടാ", മത്തായിച്ചേട്ടൻ ചോദിച്ചു.

"ഇനിയും ബാക്കികാര്യങ്ങൾ അറിയുവാൻ." ആശാൻ തന്റെ യാത്രയുടെ ഉദ്ദേശ്യം വെളിപ്പെടുത്തി.

"എഴുനൂററൻപതു്", അതുതന്നെ."

"അല്പംകൂടി കുറയ്ക്കണം. ഉല്പന്നങ്ങൾക്കെല്ലാം വിലയിടിവാ."



"അതൊക്കെ ആശാനെ. ഉള്ളന്നങ്ങൾക്കേയുള്ളു. ചെറുക്കന്മാർക്കൊന്നും അങ്ങനെ വിലയിടിവു വന്നിട്ടില്ല." മത്തായിച്ചേട്ടൻ അഭിമാനത്തോടുകൂടി പറഞ്ഞു.

"അതു ശരിയാ...പക്ഷേ!...." അവ്യക്തമായ ഭാഷയിൽ വക്കി ആശാൻ സൂചിപ്പിച്ചു.

"വക്കിച്ചേട്ടാ, വള്ളമൂന്നുകാരനു ആയിരം രൂപാ കിട്ടുമല്ലോ? ഇയാൾ നല്ല കാര്യമാ എന്നൊക്കെ പറഞ്ഞതുകൊണ്ടല്ലേ എഴുന്നൂററിഅൻപതാക്കിയതു് അല്ലേൽ എന്റെ മകനു് ആയിരം ഉറുപ്പികയാ....ആയിരം."

"മത്തായിച്ചാ, അങ്ങനെയൊന്നും കടുംകൈ പിടിക്കരുതേ, പണമൊക്കെ നമ്മളുണ്ടാക്കുന്നതല്ലേ. നല്ല മിടുക്കിപ്പെണ്ണു്, നല്ല കുടുംബം, കാണാൻകൊള്ളാവുന്ന പെൺകുട്ടി. ഇതൊക്കെയല്ലേ നോക്കേണ്ടതു്. പണംമാത്രം നോക്കിയാൽ മതിയോ?"

"അതും ശരിയാ," മത്തായിച്ചേട്ടൻ വക്കിയാശാന്റെ അഭിപ്രായം ഏറെക്കുറെ ശരിയാണെന്നു സമ്മതിച്ചു.

"ആശാനേ, പിന്നെന്തു കൊടുക്കും? കേൾക്കട്ടെ."

"അഞ്ഞൂറുറുപ്പിക" വക്കിച്ചേട്ടൻ തീർത്തുപറഞ്ഞു.

"അതു വളരെ കുറവാ, വക്കിച്ചേട്ടാ."

"ഇപ്പോഴത്തെ കാലസ്ഥിതിക്കു് ആ തുക കൂടുതലാ. ഔതച്ചേട്ടൻ മുന്നൂറാൻപതിൽ ഒട്ടും കൂടുതൽ തരികയില്ലെന്നു തീർത്തുപറഞ്ഞതാണു്. പഠിച്ചപണി മുഴുവൻ എടുത്തിട്ടാ, അയാൾ അഞ്ഞൂറുരൂപയ്ക്കു സമ്മതിച്ചതു്."

"അല്പംകൂടി വ്യത്യാസപ്പെടുത്തരുതോ വക്കിച്ചേട്ടാ?"

"ഒരു നിവൃത്തിയുമില്ല" വക്കി ആശാൻ മുറുകിതന്നെ പറഞ്ഞു. "പിന്നെ മക്കൾക്കു് എന്തും കൊടുക്കുന്നതിനു മനസ്സുള്ള ആളാ ഔതച്ചേട്ടൻ. ഇപ്പോൾ പണത്തിനു വിഷമമായതുകൊണ്ടാ. പിന്നീടെന്തെങ്കിലുംകൂടി അതിയാൻ ചെയ്യാതിരിക്കില്ല."

"ആശാനേ വന്നേ, ഊണുകഴിക്കാം."

ഊണുകഴിക്കുന്നതിനിടയിൽ വക്കിആശാൻ മറെറാരുപ്രശ്നം അവതരിപ്പിച്ചു: "ചേട്ടാ, സ്ത്രീധനം തല്ക്കാലം പണമായിട്ടല്ല."

"പിന്നെ നിലമായിട്ടോ? ഒരുപ്പൂവോ ഇരുപ്പൂവോ?" മത്തായിച്ചേട്ടൻ ആകാംക്ഷയോടുകൂടി ചോദിച്ചു.

"രണ്ടുമല്ല, കരയായിട്ടു്" ആശാൻ ഊന്നിപ്പറഞ്ഞു.

"എത്ര ഏക്കർ തരും?"

"വെറും പത്തുസെൻറും, കുറച്ചു ആഭരണവും."

"വേണ്ടാ, വേണ്ടാ. പത്തുസെൻറു സ്ഥലത്തിനും മററും എന്റെ മകനെ തരികയില്ല."

"ചേട്ടാ, ധൃതിപ്പെടാതെ." വറുത്ത മീൻ ചവയ്ക്കുന്നതിനിടയിൽ ആശാൻ പറഞ്ഞു: "അഞ്ഞൂറുരൂപയ്ക്കു സമ്മതിച്ചോ?"

"ആശാൻ പറഞ്ഞാൽ പിന്നെങ്ങിനെ സമ്മതിക്കാതിരിക്കും."

"പിന്നെ വസ്തുവേണ്ടാ അല്ലേ മത്തായിച്ചാ?"

"അതെ." മത്തായിച്ചേട്ടൻ അറിയിച്ചു.

"ആശാനേ, അവർ സ്ഥലവും തന്നു, നാം കല്യാണവുംനടത്തി എന്നിരിക്കട്ടെ. അതു കഴിയുമ്പോൾ അവർ ചെറുക്കനെ ഉപദേശിച്ചുപദേശിച്ചു വസ്തു തിരികെ കൈക്കലാക്കുമെന്നേ. ഇപ്പോൾ പെൺകുട്ടർ എടുത്തിരിക്കുന്ന ഒരു വിദ്യയാണിതു്, ആശാനറിയാമോ? ഈ മത്തായി ഇതൊക്കെ ഒത്തിരി കണ്ടിട്ടുള്ള കൂട്ടത്തിലാ. ആ വേല അവരുടെ മനസ്സിലിരിക്കട്ടെ. ഇതൊന്നും ഇവിടെ ചിലവാകുകയില്ലെന്നു വക്കിച്ചേട്ടൻ പറഞ്ഞേരു്."

വിഭവസമൃദ്ധമായ ഊണുകഴിഞ്ഞു് മത്തായിച്ചേട്ടൻ എഴുന്നേൽക്കാൻ ഭാവിച്ചു. അപ്പോഴും അയാൾ എന്തൊക്കെയോ പറയുന്നുണ്ടു്, ആശാൻ മൂളികേൾക്കുന്നുമുണ്ടു്. പക്ഷേ പിഞ്ഞാണത്തിൽ ശേഷിച്ചിരിക്കുന്ന വറുത്ത കരിമീനിലേക്കാണു് ആശാന്റെ ശ്രദ്ധയും കൈയും.

"രൂപയാണെങ്കിൽ സമ്മതിച്ചിരിക്കുന്നു." ഒരേമ്പക്കത്തിനിടയിൽ മത്തായിച്ചേട്ടൻ പറഞ്ഞു.

"അങ്ങനെതന്നെ." വക്കിച്ചേട്ടൻ ഉറപ്പുകൊടുത്തു.

"ചേട്ടൻ വ്യാഴാഴ്ച വരണം ഉറപ്പിക്കാൻ."

"പക്ഷെ നമ്മെക്കൂടി ഗൌനിച്ചേക്കണേ." വക്കിആശാൻ ദെല്ലാളുഫീസ് ഓർമ്മപ്പെടുത്തി.

മത്തായിച്ചേട്ടൻ താണസ്വരത്തിൽ ഒന്നു മൂളി. വക്കിആശാൻ യാത്രയായി. (തുടരും)

ആത്മകഥാകഥനം

# ലോർണാ കല്ലഹാൻ

(വിവർത്തകൻ:- ഫാദർ തോമസ് മൂത്തേടൻ എം. എ. ഡി. ഡി.)

ഞാൻ എന്തുകൊണ്ടു കത്തോലിക്കാസഭയിൽ ചേർന്നുവെന്നു് ആരും എന്നോടു ചോദിച്ചിട്ടില്ല. അതിനു കാരണമുണ്ടു്. ഒരു കുടുംബനായികയായ ഞാൻ ആരുടെയും കണ്ണിൽ പെടാനിടയില്ല. പേരും പെരുമയുമില്ലാത്തവർ കത്തോലിക്കാസഭയിലല്ല, ബുദ്ധമതത്തിൽ ചേർന്നാലും ആരന്വേഷിക്കുവാൻ പോകുന്നു? എന്റെ മാനസാന്തരം കഴിഞ്ഞിട്ടു് ഇന്നേക്കു് ഇരുപത്തിമൂന്നു കൊല്ലമായി. ഇന്നു ഞാൻ എന്നോടുതന്നെ ചോദിക്കുകയാണു് ഞാൻ എന്തിനു കത്തോലിക്കാസഭയിൽ ചേർന്നുവെന്നു്. എനിക്കു ഒരു പ്രോട്ടസ്റ്റൻറുകാരിയായി തുടരാമായിരുന്നു; യോഗാഭ്യാസം ആരംഭിക്കുകയോ ബുദ്ധമതത്തിൽ ചേരുകയോ ചെയ്യാമായിരുന്നു. മനസ്സാക്ഷിയനുസരിച്ചു ജീവിച്ചാൽ പോരേ എന്നും ചോദിക്കാമായിരുന്നു. ആ സ്ഥിതിയിൽ എന്റെ ഈ ഉത്തരം വല്ലവർക്കും പ്രയോജകീഭവിച്ചേക്കുമെന്നു കരുതിമാത്രമാണു് ഞാൻ ഈ ലേഖനം എഴുതുന്നതു്.

പ്രസിദ്ധ മാനസാന്തര ചരിത്രങ്ങളോടു തുലനംചെയ്തുനോക്കുമ്പോൾ എന്റെ മാനസാന്തരത്തിൽ അസാധാരണമായി യാതൊന്നുമില്ല. ഒരു മതത്തെ അന്വേഷിച്ചു ഞാൻ സ്വർഗ്ഗകവാടങ്ങളിൽ മുട്ടിനിന്നിട്ടില്ല. ഈശ്വരനെ അന്വേഷിച്ചോ ഈ ജീവിതത്തിന്റെ മായാസ്വഭാവത്തെപ്പററി ധ്യാനിച്ചോ ഞാൻ ഉറക്കമൊഴിച്ചിട്ടുമില്ല. ജീവിതത്തിന്റെ അപൂർണ്ണതകളെല്ലാം എനിക്കു് അജ്ഞാതമായിരുന്നു. അമേരിക്കയിലെ ഒരു വലിയ നഗരത്തിൽ ഒരു സെക്രട്ടറിജോലി വഹിച്ചുകൊണ്ടിരുന്ന ചെറുപ്പക്കാരിയായ എന്റെ മുമ്പിൽ ജീവിതസന്തോഷങ്ങൾ നിരന്നുനിന്നിരുന്നു. ചില സമയത്തു മരണത്തെപ്പററിയുള്ള ഒരു ചിന്ത എന്റെ മനസ്സിൽ വരും; എന്നാൽ മരണം എല്ലാവർക്കുമുള്ളതല്ലേ എന്നോർത്തു ഞാൻ ആശ്വസിക്കും. ജീവിതാർഭാടങ്ങളുടെയെല്ലാം അന്ത്യമായി ഞാൻ അതിനെ വീക്ഷിച്ചിരുന്നില്ല; മാത്രമല്ല ചെറുപ്പമായിരുന്നതുകൊണ്ടു് വിഷാദാത്മകമായ ആ ചിന്ത മനസ്സിന്റെ അഗാധങ്ങളിൽത്തന്നെ ഞാൻ ഒതുക്കിനിറുത്തി.

പക്ഷേ ഈശ്വരൻ കടന്നുവന്നു. അവിടുത്തേക്കു യഥേഷ്ടം ഉപയോഗിക്കുവാൻ പര്യാപ്തമായ ഒരു സാധനമാണു എന്നിലുള്ളതെന്നു അവിടുന്നു കണ്ടു. എന്റെ യുവസ്നേഹിതനിൽനിന്നു തെററിപ്പിരിഞ്ഞു പോന്ന നാളുമുതൽ അവിടുന്നു് എന്നെ പ്രതീക്ഷിച്ചുനില്ക്കുകയായിരുന്നു. ഒരു കത്തോലിക്കനായിരുന്നുവെന്നുള്ളതു മാത്രമാണു് എന്റെ യുവസ്നേഹിതനിൽനിന്നു വേർപിരിയുവാനുള്ള ഏകകാരണം. ഞങ്ങളുടെ വിവാഹാലോചന ഭംഗിയായി മുന്നോട്ടു പോയിക്കൊണ്ടിരുന്നതാണു്; എന്നാൽ ഒരു ദിവസം അദ്ദേഹം എന്നോടു കത്തോലിക്കാസഭയിൽ ചേരേണ്ട കാര്യത്തെപ്പററിയും അതിനായി ഒരു വൈദികനോടു ഉപദേശങ്ങൾ സ്വീകരിക്കേണ്ട ആവശ്യകതയെപ്പററിയും സംസാരിച്ചു. എനിക്കു വൈദികരെ കാണുവാനെല്ലും ഇഷ്ടമില്ലായിരുന്നു. ഞാൻ അതിനു വഴിപ്പെടുന്നില്ലെന്നു ബോദ്ധ്യമായപ്പോൾ തികഞ്ഞ ഒരു കത്തോലിക്കനായിരുന്ന ആ സ്നേഹിതൻ എന്റെ ഇഷ്ടംപോലെ ചെയ്യുവാൻ ആവശ്യപ്പെട്ടുകൊണ്ടു് എന്നിൽനിന്നു പിരിഞ്ഞു.

---

പ. തിരുക്കുടുംബത്തിന്റേയും ചെറുപുഷ്പത്തിന്റേയും വി. 10-ാംപീയൂസിന്റേയും മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ജോസ് VI. Formൽ അപ്രതീക്ഷിതമായി ജയിച്ചതിനും തുടന്നു പഠിക്കുവാൻ സാധിച്ചതിനും ഉപകാരസ്മരണ.

എന്നു എ. കെ. ജോസഫ്

---

എന്നാൽ ഈശ്വരൻ എന്നെ വിട്ടുമാറിയില്ല. അവിടുന്നു് എന്റെ മൌഢ്യം കണ്ടറിഞ്ഞിട്ടുള്ളതാകയാൽ ഈ പ്രാവശ്യം അവിടുന്നു എന്നോടു കൂടുതൽ സമർത്ഥമായി പെരുമാറുകയാണു ചെയ്തതു്. ഞാൻ ജോലിചെയ്തിരുന്ന ഓഫീസിൽ ധാരാളം നല്ല കത്തോലിക്കരുണ്ടായിരുന്നു. അവർ കത്തോലിക്കരായിരുന്നെങ്കിലും അവരോടു് എനിക്കു സ്നേഹം തോന്നി. അതിനാൽ വായിക്കുവാൻ അവർ വെറുതെ തന്നിരുന്ന പ്രസിദ്ധീകരണങ്ങൾ ഞാൻ സ്വീകരിച്ചുവെന്നു മാത്രമല്ല ഒരു ദിവസം അവരോടുകൂടെ പള്ളിയിൽ പോയി അവിടത്തെ തിരുക്കർമ്മങ്ങളിൽ പങ്കുകൊണ്ടു. കത്തോലിക്കാസഭയോടു ആദ്യമായി പരിചയപ്പെട്ടിട്ടു നാലു സംവത്സരം ഇതിനകം കടന്നുപോയിരുന്നു. തിരുസ്സഭയോടുണ്ടായിരുന്ന വെറുപ്പു നീങ്ങിയെന്നല്ലാതെ അതിനോടു് ആകർഷണമൊന്നും എനിക്കു തോന്നിയില്ല. എനിക്കു ചില അഭിപ്രായങ്ങളുണ്ടായിരുന്നു; മാത്രമല്ല ഒരു സാന്മാർഗ്ഗികസംഹിതയിൻ കീഴാണു ഞാൻ ജീവിച്ചിരുന്നതു്. തന്മൂലം വേറൊരു മതം എന്നെ ഒരിക്കലും പിടിച്ചടക്കുകയില്ലെന്നായിരുന്നു എന്റെ അന്നത്തെ ബോദ്ധ്യം.

എനിക്കു തെററിപ്പോയി. ഈശ്വരൻ അന്നു് എന്നെ നോക്കി പുഞ്ചിരി തൂകിക്കാണും. ഞാൻ എന്റെ സ്ഥാനത്തു് മുട്ടുകുത്തിനില്ക്കുമ്പോൾ ചിലർ എഴുന്നേററു് അൾത്താരയുടെ സമീപത്തുള്ള റെയിലുകളുടെ അരികെ ചെന്നു മുട്ടുകുത്തുന്നതു കണ്ടു. എന്തിനാണു് അവർ അങ്ങോട്ടു പോയതെന്നു് എനിക്കു അറിഞ്ഞുകൂടായിരുന്നു; എന്നാൽ അവർ തിരിച്ചുപോന്നിരുന്നതു കൈകൾ നെഞ്ചിൽ കൂപ്പിയും ദൃഷ്ടികൾ ഭക്തിവിനയരസങ്ങൾ പ്രകാശിപ്പിക്കത്തക്കവിധം കീഴോട്ടു താഴ്ത്തിയുമാണെന്നു ഞാൻ കണ്ടു. ഞാൻ അവരെ തുറിച്ചുനോക്കിയൊന്നുമില്ലെങ്കിലും അവരുടെ ഭാവഭേദം എന്നെ അത്യധികം ആകർഷിച്ചു. എന്താണു് അവരിലങ്ങനെ ഭാവഭേദം വരുത്തിയതെന്നു വിചാരിച്ചുതന്നെ ഞാൻ സമയം കുറേ കഴിച്ചു.

പള്ളിയിൽനിന്നു പുറത്തു വന്നപ്പോൾ അവരെല്ലാം പണ്ടത്തേപ്പോലെതന്നെ വർത്തമാനം പറഞ്ഞുതുടങ്ങി; എന്നാൽ ബലിപീഠപാർശ്വത്തിങ്കൽ അവരിലുണ്ടായ ഭാവപ്പകർച്ചയായിരുന്നു എന്റെ ചിന്താവിഷയം. അതിൽ ഒരു വലിയ അന്തരം ഞാൻ കണ്ടു. ഞാനും അവരോളം നല്ലവൾ തന്നെ എന്നായിരുന്നു എന്റെ ബോധ്യം: എന്നാൽ അവർക്കുള്ളതിൽ എന്തോ ഒന്നു എനിക്കില്ലായിരുന്നുവെന്നു എനിക്കു തോന്നിത്തുടങ്ങി. പെട്ടെന്നു പ്രത്യേകകാരണമൊന്നുമില്ലായിരുന്നുവെങ്കിലും ഞാൻ മരണത്തെപ്പററി വിചാരിച്ചു തുടങ്ങി. ആ സമയത്തു മരിക്കുവാൻ എനിക്കു ഭയം തോന്നി.

ഇതുവരെ ഞാൻ ഈശ്വരനോടു് ഒളിച്ചുകളിക്കുകയായിരുന്നു, എന്നാൽ അപ്പോൾ എനിക്കു് അവിടുത്തെ സമാശ്ലേഷിക്കുവാനായിരുന്നു ആഗ്രഹം. ഞാൻ എന്റെ കൂട്ടുകാരോടു് ഇപ്രകാരം പറഞ്ഞു: "എന്നെ തൽക്ഷണം കത്തോലിക്കാസഭയിൽ ചേർക്കുക. ഈ ശൂന്യമായ ലോകത്തിൽ ഇനിയും ജീവിക്കുവാൻ ഞാൻ അഭിലഷിക്കുന്നില്ല." എന്നാൽ ഈശ്വരൻ ധൃതിക്കാരനല്ല. അവിടുത്തേക്കു് എന്നെ ആവശ്യമുണ്ടായിരുന്നു; എന്നാൽ അജ്ഞയായി അവിടുത്തേപക്കൽ ഓടിയെത്തണമെന്നു് അവിടുന്നു് ആഗ്രഹിച്ചില്ല. അവിടുന്നു തന്റെ ചീട്ടുകൾ എന്റെ മുമ്പിൽവച്ചു. അവിടുന്നു് എനിക്കു തരാൻ പോകുന്നതും ഞാൻ അവിടുത്തേക്കു നൽകേണ്ടതുമായ സമസ്തവും ഞാൻ മനസ്സിലാക്കി. അങ്ങനെ ഞാൻ മതപഠനമാരംഭിച്ചു. മദ്ധ്യാഹ്നഭക്ഷണസമയത്തായിരുന്നു എന്റെ ചെറിയ വേദപാഠക്ലാസ്സുകൾ.

ഇന്നും ഫാദർ സള്ളിവന്റെ ഒരു ചോദ്യം ഞാൻ ഓർക്കുന്നുണ്ടു്. അതാതുദിവസത്തെ വേദപാഠക്ലാസ്സു കഴിയുമ്പോൾ അദ്ദേഹം മന്ദഹാസസമന്വിതം ചോദിച്ചിരുന്നു: "ഹാ, ചോദ്യം വല്ലതുമുണ്ടോ?" ഇല്ലായെന്നു തലകൊണ്ടു് ആംഗ്യം കാണിച്ചു. ഞാൻ സമസ്തവും സ്വീകരിച്ചുകഴിഞ്ഞിരുന്നു, കൊളുത്തും ഇരയും ചരടുമെന്നുതന്നെ പറയാം. പാഠം കഴിഞ്ഞു മാമ്മോദീസാ സ്വീകരിക്കുവാനുള്ള ദിവസം കാത്തിരിക്കയായിരുന്നു ഞാൻ. ഇത്രയും ധൃതി ഒരു പ്രേമത്തിലുമുണ്ടാകയില്ലെന്നാണു് എനിക്കു തോന്നിയതു്. ചിലർ വിചാരിച്ചു ഞാൻ ഉടനെ സന്യാസം ആശ്ലേഷിക്കുമെന്നു്. എന്നാൽ ഞാൻ ലോകത്തെ ഉപേക്ഷിക്കുവാൻ ആഗ്രഹിച്ചിരുന്നില്ല; ദൈവം അതു് എന്നിൽനിന്നു് ആവശ്യപ്പെട്ടുമില്ല. എന്റെ ബലഹീനതകൾ അവിടുത്തേക്കു സുവിദിതമായിരുന്നു.

(ശേഷം 7-ാംപേജിൽ)

---

**അത്ഭുതപ്രവർത്തകയായ**

**കൊരട്ടിമുത്തിയുടെ പെരുന്നാൾ**

ഇക്കൊല്ലം ഒക്ടോബർ 16-ാംതിയ്യതി [കന്നിമാസം 30-ാംതീയതി] ഞായറാഴ്ചയാണു്.

ടി. പള്ളിവികാരി

---

(10-ാംപേജു തുടർച്ച)

ഞ്ഞുതുടങ്ങി. യാക്കോബായസഭ ഉത്ഭവിച്ചതു് 5-ാംനൂററാണ്ടിലും വളർച്ചയാരംഭിച്ചതു് 6-ാംനൂററാണ്ടിലുമാകയാൽ മാർത്തോമ്മാശ്ലീഹാ ഇവിടെ സ്ഥാപിച്ചതു് യാക്കോബായസഭയോ ആ വിശ്വാസമോ ആയിരിക്കയില്ലല്ലോ. 1-ാം നൂററാണ്ടിൽ സ്ഥാപിതമായ മലങ്കരസഭ, 5-ാം നൂററാണ്ടിൽ ഉത്ഭവിച്ച സഭയുടെ ഘടകമായിരുന്നുവെന്നു് സുബുദ്ധിയുള്ളവരാരും പറകയില്ല. പിന്നെ അന്ത്യോക്യാബന്ധത്തെപ്പററിയാണെങ്കിൽ, അന്ത്യോക്യാപാത്രിയർക്കീസ്, റിശ്രൂപാത്രിയർക്കീസമായ റോമിലെ മാർപ്പാപ്പായ്ക്കു കീഴ്പ്പെട്ടു് കത്തോലിക്കാസഭയുടെ ഐക്യത്തിൽ നിലകൊണ്ടുമിരുന്നു.


ഈ കാലഘട്ടത്തിൽ പുനരൈക്യത്തെ ത്വരിതപ്പെടുത്തുന്നതിനും സത്യാന്വേഷികൾക്കു നേർവഴി നിർദ്ദേശിക്കുന്നതിനും ചില കത്തോലിക്കപ്രസ്ഥാനങ്ങൾ അവിടവിടെ ആരംഭിച്ചു പ്രവർത്തനം തുടന്നു. കോട്ടയം രൂപതാദ്ധ്യക്ഷനായിരുന്ന അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിയുടെ ശ്രമഫലമായി പുനരൈക്യപ്പെടുന്ന യാക്കോബായ വൈദികരെ അന്ത്യോക്യൻറീത്തിൽ സ്വീകരിക്കുന്നതിനു 1921 ജൂലൈ 5-ാംനു റോമിൽനിന്നു അനുവാദം ലഭിക്കയും പരസ്യകല്പനമൂലം അദ്ദേഹം അതു പ്രസിദ്ധീകരിക്കയും ചെയ്തു. തിരുമേനി, ബഹുമാന്യന്മാരായ പുലയൻകാട്ടിൽ അച്ചൻ, നെടുഞ്ചിറ അച്ചൻ, ഇരണിക്കൽ അച്ചൻ മുതലായ വൈദികരേയും ചില അൽമേനികളേയും ആ നിലയിൽ സ്വീകരിക്കയും പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു ദത്തശ്രദ്ധനായി ഓടി നടന്നു പ്രവർത്തിക്കയും ചെയ്തിരുന്നു. ചങ്ങനാശ്ശേരിരൂപതയിൽ ഒരു വേദപ്രചാരസഖ്യത സ്ഥാപിച്ചു് റവ. ഫാദർ ഡോമിനിക്ക് തോട്ടാശ്ശേരി എം. എ. എൽ. ററി. അതിന്റെ ഡയറക്ടരായി പ്രവർത്തനത്തിനിറങ്ങി. ഇതുമൂലം മല്ലപ്പള്ളി മാരാമൺ കല്ലൂപ്പാറ തിരുവല്ലാ മുതലായ സ്ഥലങ്ങളിൽ സത്യപ്രകാശത്തിന്റെ വെൺകതിരുകൾ വീശിത്തുടങ്ങി. എറണാകുളം, തൃശ്ശൂർ എന്നീ രൂപതകളും ഇതിനായി ഉണർന്നു പ്രവർത്തിക്കാൻ തുടങ്ങി.

കൊല്ലം രൂപതാദ്ധ്യക്ഷനായിരുന്ന പുണ്യശ്ലോകനായ ബൻസിഗർ തിരുമേനി, സുറിയാനിക്കാരുടെയിടയിൽ കത്തോലിക്കസഭയെ പററിയുള്ള അജ്ഞത നീക്കിയാൽ സൽഫലമുളവാകുമെന്നു ദിവ്യദൃഷ്ടികൊണ്ടു ദർശിച്ചു് അതിനു തക്ക മിഷ്യനറിമാരെ ചില പ്രത്യേക സ്ഥലങ്ങളിൽ നിയോഗിച്ചു. "തിരുഹൃദയമിഷ്യൻ" എന്ന പേരിൽ അകത്തോലിക്കസുറിയാനിക്കാരുടെ പുനരൈക്യത്തിനുള്ള ഒരു പദ്ധതി കരാറാണത്തു സമാരംഭിച്ചു. ഇതിന്റെ നേതൃത്വം വഹിച്ചു ഫലപ്രദമായി പ്രവർത്തിച്ചതു് ചാരുമൂട് മിഷ്യൻ ഡിസ്ട്രിക്ട് വികാരിയായിരുന്നു്, പിന്നീടു കോട്ടാർ രൂപതയുടെ പ്രഥമമെത്രാനായിത്തീർന്ന ദിവംഗതനായ ഡോക്ടർ ലോറൻസ് പെരേരാതിരുമേനിയായിരുന്നു. ഇദ്ദേഹത്തിന്റെ

# എളങ്കുളം ദേവാലയാശീർവ്വാദവും
## വി. കൊച്ചുത്രേസ്യായുടെ തിരുനാളും

പ്രോഗ്രാമനുസരിച്ചു് എളംകുളം ദേവാലയത്തിൻെറ ആശീർവ്വാദകർമ്മവും അൾത്താരയുടെ കൂദാശാകർമ്മവും ഒക്ടോബർ 2-ാംനു ഞായറാഴ്ച വൈകിട്ടു 4 മണിക്കു സാഘോഷം നിർവ്വഹിക്കപ്പെട്ടു. എറണാകുളം മെത്രാപ്പോലീത്തൻ അരമനയിൽനിന്നു പല കാറുകളുടേയും നൂറോളം സൈക്കിളുകളുടേയും അകമ്പടിയോടുകൂടി അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയേയും സഹായമെത്രാൻ തിരുമേനിയേയും എളങ്കുളത്തേക്കാനയിച്ചു അഭിനവദേവാലയത്തിനു മുന്നുഭാഗത്തു സജ്ജീകരിച്ചിരുന്ന കമനീയമായ ആർച്ചിങ്കൽവച്ചു തിരുമേനിമാരെ ഹാരമണിയിച്ചു സ്വീകരിച്ചു. വൈദികർ, സന്യാസികൾ, സന്യാസിനികൾ, സെമ്മിനാരിവിദ്യാർത്ഥികൾ, ദർശനസമൂഹങ്ങൾ, ഭക്തസംഘടനകൾ മുതലായവർ അണിനിരന്നു് നാലായിരത്തിലധികം വരുന്ന ഒരു ജനസംഘത്തിനിടയിലൂടെ ബാൻറുമേളം, കൊടി, കുട, വെള്ളിക്കുരിശുകൾ മുതലായവയുടെ അകമ്പടിയോടുകൂടി നടത്തപ്പെട്ട സ്വീകരണം അതിഗംഭീരമായ ഒന്നായിരുന്നു. ദേവാലയകവാടത്തിങ്കൽവച്ചു ആശീർവ്വാദകർമ്മം സമാരംഭിച്ചു. അഭിവന്ദ്യ മെത്രാപ്പോലീത്താച്ചൻ തിരുമേനിയാണ് അതു നിർവ്വഹിച്ചതു്. തുടന്നു അൾത്താരയുടെ കൂദാശാകർമ്മം സഹായമെത്രാൻ തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ നടന്നു.

ദേവാലയത്തിൻെറ പ്രത്യേക മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ 3-ാംനു തിങ്കളാഴ്ച സാഘോഷം നടന്നു. രാവിലെ 7 മണിക്കു സമാഗതനായ മെത്രാപ്പോലീത്താ തിരുമേനിക്കു വൈദികസ്വീകരണം നൽകി ദേവാലയത്തിലേക്കാനയിച്ചു. തിരുമേനിതന്നെ ആഘോഷമായ പ്രഥമദിവ്യബലിയപ്പണം നിർവ്വഹിച്ചു. കുട്ടികൾക്കു തിരുമേനി പ്രഥമദിവ്യകാരുണ്യം എഴുന്നെള്ളിച്ചുകൊടുക്കുകയുമുണ്ടായി. തുടന്നു തിരുനാൾ സുപ്പസ്സുകർബാന റവ. ഫാദർ ജോസഫ് വിതയത്തിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടന്നു. റൈററു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി വിശുദ്ധ കുർബാനയുടെ വാഴ്വും ലാക്ആലാഹാ എന്ന സ്തോത്രഗീതാലാപവും നിർവ്വഹിച്ചു. തുടന്നു നിർമ്മലാകോളേജ് പ്രിൻസിപ്പാൾ റവ. ഫാദർ തോമസ് നെടുങ്കല്ലേൽ എം. എ. എൽ. ടി. അവർകൾ തിരുനാൾ പ്രഭാഷണം നടത്തി. റവ. ഫാദർ ജോസഫ് ശങ്കുരിക്കൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലുള്ള തിരുനാൾപ്രദക്ഷിണത്തോടുകൂടി പരിപാടികൾ മംഗളപൂർവ്വം പര്യവസാനിച്ചു. തിരുകർമ്മങ്ങളിലും ഇതരപരിപാടികളിലും ആയിരക്കണക്കിനു ഭക്തജനങ്ങൾ ആദ്യന്തം സംബന്ധിച്ചിരുന്നു. ദേവാലയ നിർമ്മാണത്തിൻെറ മേൽനോട്ടം വിദഗ്ദ്ധമായ രീതിയിൽ നിർവ്വഹിച്ച അതിരൂപതാ പ്രൊക്കുറേറർ റവ. ഫാദർ ആൻറണി പാറായ്ക്കൽ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു എന്നുള്ളതു പ്രസ്താവാർഹമാണ്. വിശുദ്ധ കൊച്ചുത്രേസ്യായുടെ സ്വർഗ്ഗീയപുഷ്പവർഷം ഈ പുണ്യതീർത്ഥംവഴി ലോകത്തിനു സൗഭാഗ്യമരുളട്ടെ!



സ്വീകരണഘോഷയാത്രയുടെ ഒരു ഭാഗം



അഭിവന്ദ്യ തിരുമേനിമാർ പുതിയ ദേവാലയത്തിൻെറ മദ്ബഹായിൽ തിരുകർമ്മങ്ങൾ നിർവ്വഹിക്കുന്നു.

പ്രേഷിതാരൂപിയും സ്നേഹമയമായ പെരുമാററവും സേവനതൃഷ്ണയും പാണ്ഡിത്യവും മൂലം, ചാരുമ്മൂട്, നൂറനാട്, കററാണം മുതലായ സ്ഥലങ്ങളിൽനിന്നും ഏതാനും സുറിയാനിക്കാർ കത്തോലിക്കസഭയിലേക്കു പുനരൈക്യപ്പെടുകയുണ്ടായി. കററാണത്തു ചാങ്ങത്തറയിൽ സി. ജി. തോമസ്സ് ബി. എ. ബി. എൽ. അതിൽ പ്രമുഖസ്ഥാനത്തിനു അർഹനാണ്. പ്രേഷിതാരൂപിയാൽ നിറയപ്പെട്ടിരുന്ന അഭിവന്ദ്യന്മാരായ ഈ തിരുമേനിമാർ ഇതുകൊണ്ടും തൃപ്തിപ്പെടാതെ സുറിയാനിക്കാരായ വൈദികരുടെ സേവനം, ഈ പ്രദേശങ്ങളിൽ കൂടുതൽ ഫലപ്രദമായിരിക്കുമെന്നു കണ്ടു് സീറിയൻ കർമ്മലീത്താനിഷ്പാദുക മൂന്നാംസഭയിൽ നിന്നും ത്യാഗികളും സേവനസന്നദ്ധരും അഭിജ്ഞന്മാരുമായ ചില വൈദികപുംഗവന്മാരെ വരുത്തി കൊട്ടാരക്കര, പന്തളം, തുമ്പമൺ, പുത്തൻകാവു മുതലായ പ്രദേശങ്ങളിൽ നിയോഗിച്ചയച്ചു. ഇവർ പലയിടങ്ങളിൽ സഞ്ചരിച്ചു്, പലരെ സമീപിച്ചു്, ഉപദേശങ്ങൾ കൊടുത്തും സംശയങ്ങൾ തീർത്തും ലഘുലേഖകളും പ്രസിദ്ധീകരണങ്ങളും വിതരണം ചെയ്തും രൂഢമൂലമായിരുന്ന തെററിദ്ധാരണകൾ നീക്കുകയും, സമാധാനസംദായകമായ ഏക സത്യമാർഗ്ഗം നിർദ്ദേശിക്കുകയും അങ്ങനെ പുനരൈക്യപൊൻപുലരിയുടെ പ്രഭാതകിരണങ്ങൾ മധ്യതിരുവിതാംകൂറിലെങ്ങും പ്രസരിപ്പിക്കുകയും ചെയ്തു.

തുമ്പമൺ വല്ല്യപ്പൻ എന്നപേരിൽ അറിയപ്പെടുന്ന ചക്കാലമണ്ണിൽ തൊമ്മൻ കോരുതു് എന്ന വയോവൃദ്ധൻ അക്കാലത്തു നാട്ടിലും വീട്ടിലും നിന്നു ഏകനായി പുനരൈക്യപ്പെട്ടു ഇങ്ങപ്പെട്ട രൂപവും ധരിച്ചു്, കത്തോലിക്കവൈദികരേയും ദേവാലയവും അന്വേഷിച്ചു നടന്നു അനേകംപേരെ ചിന്താധീനരാക്കിയ ആളാണ്. മാവേലിക്കര ആസ്ഥാനമാക്കി സുപ്രസിദ്ധവാഗ്മിയും പ്രസംഗികനുമായ റവ. ഫാദർ ജോൺ റിബേരാ എം. എ. ഡി. ഡി. യും പുനലൂർ ഡിസ്ട്രിക്ട് വികാരി റവ. ഫാദർ ജോൺ മേരിയും പുനരൈക്യവിത്തും പേറിക്കൊണ്ടു നല്ല സ്ഥലം നോക്കി വിതച്ചുകൊണ്ടിരുന്നു. മധ്യതിരുവിതാംകൂറിലെ സുറിയാനിക്കാർക്കു സുപരിചിതനും പേരെടുത്ത സുവിശേഷപ്രാസംഗികനു മായ മാവേലിക്കര ററി. ഡി. ശമുവേൽ ഉപദേശിയും പുനരൈക്യത്തിനു പ്രേരിതനായി. (തുടരും)

# ഇടവകവാർത്തകൾ

**ബാങ്കളൂർ:** ഇവിടെ സ്ഥാപിക്കുവാൻ പോകുന്ന കേരളസുറിയാനി കർമ്മലീത്താസഭവക സെമ്മിനാരിയുടെ കെട്ടിടങ്ങൾക്കു ആവശ്യമായ മൂന്നരഏക്കർ സ്ഥലം മൈസൂർ സംസ്ഥാനനിയമമനുസരിച്ചു് ചുമത്തേണ്ട കരത്തിൽനിന്നൊഴിവാക്കിക്കൊണ്ടു് ഗവമ്മെൻറു് ഉത്തരവു പാസാക്കിയിരിക്കുന്നു. മൈസൂർഗവമ്മെൻറു് ഇതിൽ കാണിച്ചിരിക്കുന്ന സന്മനസ്സ് എത്രയും അഭിനന്ദനീയമാണ്. പതിനായിരത്തിൽപ്പരം ഉറുപ്പികയാണു ഈ നടപടിമൂലം ഇളവുചെയ്യപ്പെട്ടിട്ടുള്ളതു്.

**പേരാവൂർ:** എറണാകുളം അതിരൂപതാ സഹായമെത്രാൻ റൈററു് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു്, തലശ്ശേരിരൂപതാ അഡ്മിനിസ്ട്രേറ്റർ റൈററു് റവ. മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ തിരുമേനിയുമൊരുമിച്ചു് സെപ്റ്റംബർ 25-ാംനു രാവിലെ 8-45 നു് സ്ഥലത്തെത്തുകയും നാലായിരത്തോളം വരുന്ന ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ വെരി റവ. ഫാദർ ഫിലിപ്പ് മുറിഞ്ഞകല്ലേൽ, റവ. ഫാദർ മാത്യു മേക്കുന്നേൽ ബി. എ എന്നിവർ തിരുമേനിമാരെ ഹാരമണിയിച്ചു സ്വീകരിച്ചു് പള്ളിയിലേക്കാനയിക്കുകയുംചെയ്തു. ഡോക്ടർ പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു നടത്തിയ പ്രസംഗത്തിൽ ഇന്നത്തെ ക്രിസ്ത്യാനികൾ ആദ്ധ്യാത്മികമായി നിർവ്വഹിച്ചുപോരുന്ന സേവനങ്ങളെപ്പററിയും ജീവിതശുദ്ധി അതിനെല്ലാം നിദാനമായിരിക്കണമെന്നതിനെപ്പററിയുംസമൃക്കായി വിവരിച്ചു. അഭിവന്ദ്യ തിരുമേനിമാർക്കു് സ്ഥലം സത്യാരാധനാസഖ്യത്തിൻെറ വകയായി ഓരോ ജ്ഞാനപുഷ്പമഞ്ജരി സമപ്പിക്കപ്പെട്ടു. ഡോക്ടർ പാറേക്കാട്ടിൽ തിരുമേനി വി. കുർബാനയുടെ വാഴ്വു നടത്തി. സെൻറു് ജോസഫ്സ് ഹൈസ്കൂൾ, നിർമ്മലാഹോസ്പിററൽ മുതലായ സ്ഥാപനങ്ങൾ സന്ദർശിച്ചശേഷം തിരുമേനിമാർ ഉദ്ദേശം പതിനൊന്നരമണിയോടുകൂടി തലശ്ശേരിക്കു പോകുകയുംചെയ്തു.

**ഇടത്വാ:** സ്ഥലം കാട്ടപ്പള്ള പള്ളിയിൽ ആണ്ടുതോറും നടത്തിവരുന്ന വിശുദ്ധ കൊച്ചുത്രേസ്യാ പുണ്യവതിയുടെ നവനാൾപ്രാർത്ഥന ഇക്കൊല്ലവും പതിവുപോലെ സെപ്റ്റംബർ 24-ാം തീയതി തുടങ്ങി ഒക്ടോബർ 3-ാം തീയതി അവസാനിച്ചിരിക്കുന്നു.

**കുറവിലങ്ങാട്:** തിരുക്കൊച്ചി സംസ്ഥാനത്തുള്ള സകല സ്കൂളുകളിലേയും ലൈബ്രറികളിൽ വാങ്ങിയിരിക്കേണ്ട ഗ്രന്ഥങ്ങളുടെ ശേഖരത്തിൽ പ്രതിദിനസുവിശേഷവും അപ്പുവുചെയ്തുകൊണ്ടു് വിദ്യാഭ്യാസഡയറക്ടർ ഉത്തരവിട്ടിരിക്കുന്നതായി അറിയുന്നു. പ്രസ്തുത ഗ്രന്ഥത്തിൻെറ വിവർത്തകനായ സാഹിത്യതിലകൻ ഫാദർ സി. കെ. മററത്തിൻെറ ഫ്റഡറിക്ക് ഒസ്സാനാം, പൂവും കായും (മൂന്നു വാല്യങ്ങളും), ചരിത്രചർച്ച, ഉപന്യാസപ്രകാശിക, ക്രിസ്തുഭഗവാൻ, ഗുരുഗീത തുടങ്ങിയുള്ള കൃതികളും ഡയറക്ടരുടെ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും കാണുന്നു.

**നെയ്യശ്ശേരി:** ബ. പാറേമ്മാക്കൽ യൗസേപ്പച്ചൻെറ നിയ്യാണത്തിൽ, ഇവിടത്തെ വിൻസെൻറു് ഡി പോൾ സംഘം അനുശോചനയോഗം കൂടുകയും, പ്രമേയം പാസാക്കുകയും, പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തിരിക്കുന്നു.

**ആവോലി:** ദി മോർണിംഗ്സ്റ്റാർ ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ പ്രസിഡൻറു് ശ്രീ ടി. വി. മാത്യു അവർകളുടെ അദ്ധ്യക്ഷതയിൽ സെ 30-ാംനു കൂടിയ പൊതുസമ്മേളനം ബീഹാർ, മദ്ധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനഗവമ്മെൻറുകൾ അവിടത്തെ കത്തോലിക്കരോടു കൈക്കൊണ്ടിരിക്കുന്ന വിരുദ്ധമനോഭാവത്തിൽ ഉത്കണ്ഠ പ്രകടിപ്പിക്കുകയും പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

"ഒരു മതേതരക്ഷേമരാഷ്ട്രമായ ഭാരതത്തിൽ, ഓരോ മതസ്ഥർക്കും ആരാധനാസ്വാതന്ത്ര്യവും മതപ്രചരണസ്വാതന്ത്ര്യവും ഭരണഘടന വാഗ്ദാനം ചെയ്തിരിക്കുന്ന ആർഷഭാരതത്തിൽ, മദ്ധ്യപ്രദേശ്, ബീഹാർ തുടങ്ങിയ സംസ്ഥാനഗവമ്മെൻറുകൾ അവിടത്തെ ക്രിസ്ത്യാനികളുടെനേരെ പ്രത്യേകിച്ചു്, കത്തോലിക്കരുടെ വിദ്യാഭ്യാസ, സാമൂഹ്യരംഗങ്ങളിൽ അനുവർത്തിക്കുന്ന അനീതിപരവും നശീകരണപരവുമായ നയത്തിൽ ഭയചകിതരാവുകയും, അവിടത്തെ മദ്ദനത്തിൽ ഈ യോഗം ഉത്കണ്ഠ പ്രദശിപ്പിക്കുകയും, ഈ നയം കത്തോലിക്കരോടുള്ള ഒരു വെല്ലുവിളിയായി പരിഗണിക്കുകയും ചെയ്യുന്നതുകൊണ്ടു് ഇക്കാര്യത്തിൽ കേന്ദ്രഗവമ്മെൻറു് ഇടപെട്ടു് ന്യൂനപക്ഷങ്ങളുടെ മൗലികാവകാശസംരക്ഷണം നിർവ്വഹിക്കണമെന്നു് അഭ്യർത്ഥിക്കുകയും ചെയ്യുന്നു." ശ്രീ സി. വി. ജോസഫ് അവതരിപ്പിച്ച പ്രമേയം സമ്മേളനം ഐകകണ്ഠ്യേന പാസ്സാക്കി. പ്രമേയത്തിൻെറ പകപ്പ് ഇൻഡ്യൻ പ്രധാനമന്ത്രി, ആഭ്യന്തരമന്ത്രി, ലോകസഭാസ്പീക്കർ തുടങ്ങിയവക്കു അയച്ചുകൊടുക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുംചെയ്തു.

**വല്ലം:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ "കുട്ടികളുടെ ദിനം" ആഡംബരപൂർവ്വം കൊണ്ടാടിയിരിക്കുന്നു. മാസാദ്യശനിയാഴ്ച (ഒക്ടോബർ 1) രാവിലെ മാതൃസ്വരൂപം വഹിച്ചു് ജപമാലയുംചൊല്ലി ആഘോഷമായ പ്രദക്ഷിണം നടത്തുകയും കുട്ടികൾ എല്ലാവരും ദിവ്യബലിയിൽ സംബന്ധിച്ചു് പൊതുദിവ്യകാരുണ്യസ്വീകരണം നടത്തുകയുംചെയ്തു. ബ. ഡയറക്ടർ റവ. ഫാദർ തോമസ് കണ്ടത്തിൽ അവർകൾ "ഫാത്തിമാസന്ദേശ"ത്തെ പുരസ്കരിച്ചു് തദവസരത്തിൽ ഒരു പ്രസംഗം ചെയ്യുകയുംചെയ്തു.

**കീരിക്കോട്:** സ്ഥലത്തു നവീനരീതിയിൽ പണിതീർത്തിരിക്കുന്ന സെൻറു് മാത്യൂസ് കപ്പേളയിൽ സെപ്റ്റംബർ 21-ാംനു വിശുദ്ധ മത്തായിശ്ലീഹായുടെ തിരുനാൾ അത്യാഡംബരപൂർവ്വം ആഘോഷിക്കപ്പെട്ടു.

# ചരമവാർത്തകൾ

**പാലാരിവട്ടം:** നെടിയനം (കളവത്തു്) ശ്രീ തൊമ്മി അവർകളുടെ ഭാര്യ മറിയം അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു് ഒക്ടോ. 3-ാംനു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം അന്നു വൈകുന്നേരം വൈദികരും, അത്മായരുമടക്കം വമ്പിച്ച ഒരു ജനാവലിയുടെ സാന്നിദ്ധ്യത്തിൽ യഥാവിധി നടത്തപ്പെട്ടു.

**കിടങ്ങൂർ:** ഈ പള്ളിയിടവക പടയാട്ടിൽ മത്തായി വറിയതു് തൻെറ 100-ാമത്തെ വയസ്സിൽ സെപ്റ്റംബർ 22-ാംനു നിര്യാതനായി. ശവസംസ്കാരം പിറേറദിവസം രാവിലെ 9മണിക്കു് വെരി റവ. ഫാദർ ജോർജ് കവലക്കാട്ട് അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടന്നു. റവ. ഫാദർ ഉറുമീസ് പാലാട്ടി മൃതദേഹം വച്ചു് റാസക്കുർബാന അപ്പിച്ചു. ചരമപ്രസംഗം ഫാദർ കവലക്കാട്ടു നടത്തി. ഇതുപ്രമാണിച്ചു് സാധുക്കൾക്കു അരിവിതരണമുണ്ടായിരുന്നു. എറണാകുളം സഹായമെത്രാൻ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി പരേതൻെറ ദീനശയ്യയിൽ അദ്ദേഹത്തെ സന്ദർശിച്ചു് വാഴ്വു നൽകുകയുണ്ടായി.

R. I. P.



വി. ഫ്റാൻസിസ് അസീസ്സിയുടെ സഹായത്താൽ ലഭിച്ച വിശേഷാനുഗ്രഹങ്ങൾക്കു് ഉപകാരസ്മരണ.

ഒരു മൂന്നാംസഭാംഗം
കാഞ്ഞിരപ്പള്ളി

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 ‖ ERNAKULAM, OCTOBER 5 ‖ No. 9


## കമ്മ്യൂണിസ്റ്റ് മതമർദ്ദനം

കാലപ്പഴക്കംകൊണ്ടു് വിരസങ്ങളായ ആശയങ്ങൾ ക്രമേണ ഹൃദ്യങ്ങളായി തോന്നാറുണ്ടു്. കമ്മ്യൂണിസത്തെ സംബന്ധിച്ചും ഇങ്ങനെയൊരു മദനാഗതി സാമാന്യജനങ്ങളിൽ കടന്നുകൂടുന്നുണ്ടോയെന്നു സംശയിക്കണം. ചില സ്ഥലങ്ങളിലും ചില സാഹചര്യങ്ങളിലുംകമ്മ്യൂണിസംപത്തിയൊതുങ്ങി പതിയിരിക്കാറുണ്ടു്. ശാന്തം, പാവം എന്നു് അല്പജ്ഞന്മാർ ആ കാളസർപ്പത്തെപ്പററി സഹതാപം പ്രദർശിപ്പിക്കുന്നതിനു പ്രേരിതരാകുന്നു. അതിന്റെ വിപ്ലവപരിപാടികൾമൂലം സംസിദ്ധമായതോ, അല്ലെങ്കിൽ അതിന്റെ പ്രചാരകന്മാരാൽ അപ്രകാരം തെററിദ്ധരിപ്പിക്കപ്പെട്ടതോ ആയ ചില നേട്ടങ്ങൾ പാവപ്പെട്ടവരെ വ്യാമോഹിപ്പിക്കാറുണ്ടു്. അതിന്റെ പൊള്ളയായ വാഗ്ദാനങ്ങളും വ്യാമോഹപരമായ ഉറപ്പുകളും കുപ്രസിദ്ധമാണെങ്കിലും ചഞ്ചലമാനസരായവർക്കു അതും ഇടർച്ചയ്ക്കു നിദാനമാണു്. ഈ തരത്തിലുള്ള പ്രലോഭനങ്ങൾ അടിക്കടി വന്നലച്ചുകൊണ്ടിരിക്കുമ്പോൾ കമ്മ്യൂണിസത്തോടുള്ള സഹജവും ന്യായയുക്തവുമായ വെറുപ്പു് സാവധാനത്തിൽ അക്കൂട്ടരിൽ അവഗണനയായും, സഹിഷ്ണതയായും, പ്രതിപത്തിയായും രൂപംപ്രാപിക്കുന്നതു മനുഷ്യന്റെ സ്വഭാവത്തിലുള്ള ഒരു ദുർബലതയാണു്. അതുകൊണ്ടു് കമ്മ്യൂണിസത്തിന്റെ വിനാശകരങ്ങളായ തത്വങ്ങളിലോ ആദർശങ്ങളിലോ പ്രവർത്തനപരിപാടികളിലോ സാരമായ യാതൊരു വ്യതിയാനവും ഉണ്ടായിട്ടില്ലെന്നും, കമ്മ്യൂണിസം കമ്മ്യൂണിസമായിരിക്കുന്നിടത്തോളം കാലം അതു സംഭവ്യമല്ലെന്നും സദാപി അനുസ്മരിക്കപ്പെടേണ്ട ഒരു കാര്യമാണു്. നിരീശ്വരപരമായും മതവിരുദ്ധമായുമുള്ള അതിന്റെ മൗലികതത്വങ്ങൾ അലംഘനീയങ്ങളാണു്. സോവ്യററുരഷ്യയാകട്ടെ അതിന്റെ ഉപഗ്രഹരാജ്യങ്ങളാകട്ടെ കമ്മ്യൂണിസത്തിന്റെ നയപരിപാടികളിൽനിന്നു അണുവിടയും വ്യതിചലിച്ചിട്ടില്ലെന്നും തീർച്ചയാണു്. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സിക്രട്ടറിയും കമ്മ്യൂണിസത്തിന്റെ ഇന്നത്തെ ഔദ്യോഗികവക്താവുമായ എം. നികിതക്രൂഷേവുതന്നെ ഈയിടെ പരസ്യമായി ചെയ്തൊരു പ്രസ്താവന ഞങ്ങൾ അന്യത്ര ചേർത്തിട്ടുള്ളതു ഈ വസ്തുതയ്ക്കു പ്രബലവും പ്രകടവുമായ സാക്ഷ്യമാണു്.

കമ്മ്യൂണിസത്തിന്റെ പ്രഖ്യാപിതതത്വങ്ങളിൽതന്നെ ഇതിനു തെളിവുണ്ടു്. "ദൈവത്തെ സംബന്ധിക്കുന്ന ഏതൊരാശയവും അത്യധികം വിഷംനിറഞ്ഞതും വിഷം വമിക്കുന്നതുമായ കരണവാണു്"—"മതം മനുഷ്യനെ മയക്കുന്ന കറുപ്പാണു്"—"എല്ലാ മതങ്ങളേയും ഞങ്ങളുടെ ഏററം വലിയ ശത്രുവായിട്ടാണു ഞങ്ങൾ പരിഗണിക്കുന്നതു്; മതങ്ങളോടു സഹിഷ്ണതയായിരിക്കുകയെന്നു പറയുന്നതിനുപോലും ഞങ്ങൾക്കു സാദ്ധ്യമല്ല"—"മതപരമായ എല്ലാ അഭിനിവേശങ്ങളേയും പാടേ നശിപ്പിക്കണം"—ഇവയൊക്കെയാണു് കമ്മ്യൂണിസത്തിന്റെ മൂലതത്വങ്ങൾ. അവയിൽനിന്നു അണുവോളവും മാറിയിട്ടില്ലെന്നും മാറുക സാദ്ധ്യമല്ലെന്നും പാർട്ടിയുടെ ഔദ്യോഗികവക്താവു വിശദമാക്കുകയും ചെയ്യുന്നു. അതു നിഷേധിക്കുന്നതിനോ അതിനെ എതിർക്കുന്നതിനോ മററാർക്കാണു സാധിക്കുക? ദൈവവിശ്വാസത്തിനെതിരായും മതത്തിനെതിരായും പ്രഖ്യാപിതമായിരിക്കുന്ന സമരം കമ്മ്യൂണിസം ഇന്നും ഊർജ്ജിതമായും ശക്തിയായും നടത്തിപ്പോരുന്നുവെന്നുള്ളതു് ഒരു കേവലവസ്തുതമാത്രമാണു്.

കമ്മ്യൂണിസം മതവിരുദ്ധമാണെന്നുള്ള അതിന്റെ ആന്തരികസ്വഭാവം, സർവ്വശക്തിയോടുംകൂടി അതിനെ ചെറുക്കുന്നതിനുള്ള ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ബാദ്ധ്യത ഓരോ മതവിശ്വാസിയിലും അവശേഷിപ്പിക്കുകയാണു്. മതവ്യത്യാസം ഇവിടെ പരിഗണനീയമല്ല. ഹിന്ദുവും, മുസ്ലീമും, ബുദ്ധമതാനുയായിയും ക്രിസ്ത്യാനിയുമെല്ലാം ഇക്കാര്യത്തിൽ ഒരേവിധത്തിലുള്ള ഉത്തരവാദിത്വം വഹിക്കുന്നവരാണു്, മതവിശ്വാസത്തെ അവർ ആത്മാർത്ഥമായി വിലമതിക്കുന്നുണ്ടെങ്കിൽ. മററു പലവിധത്തിലുള്ള ഐക്യമുന്നണികൾ ഇക്കാലത്തു രൂപംപ്രാപിക്കുകയും ശക്തിയോടുകൂടി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടെങ്കിലും സർവ്വപ്രധാനമായ ഇക്കാര്യത്തിൽ സുശക്തമായ ഒരൈക്യമുന്നണിപ്രവർത്തനം ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. തീർച്ചയായും കത്തോലിക്കർ ഇക്കാര്യത്തിൽ മഹത്തായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടു്. കമ്മ്യൂണിസ്റ്റുകൾക്കും അറിയാം, കത്തോലിക്കാസഭയാണു് കമ്മ്യൂണിസത്തിന്റെ ഒന്നാംനമ്പർ ശത്രുവെന്നു്. തന്മൂലം കമ്മ്യൂണിസ്റ്റാധിപത്യം കൈവരുന്ന രാജ്യങ്ങളിലെല്ലാം സഭ അതിദാരുണമായി പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ടു്. കമ്മ്യൂണിസ്റ്റു രാജ്യങ്ങളിൽ ഇന്നു 60 കോടിയോളം കത്തോലിക്കർ അനുഭവിച്ചുപോരുന്ന നാരകീയയാതനകൾ അവർണ്ണ്യങ്ങളാണു്. എന്നാൽ ആ രാജ്യങ്ങളിൽ ഒന്നരക്കോടിയിലധികം അകത്തോലിക്കരും അതേ പീഡനങ്ങൾക്കു വിധേയരാണു്. അവിടങ്ങളിലുള്ള ഇതരമതസ്ഥരും, അവർ മതഭക്തരായി ജീവിക്കുന്നതിനുദ്യമിക്കുകയാണെങ്കിൽ ഇതേ ദാരുണാനുഭവംതന്നെയാണു് നേരിടേണ്ടിവരിക. അതുകൊണ്ടു് കമ്മ്യൂണിസത്തിന്റെ മതമർദ്ദനപരിപാടി അതിന്റെ ആന്തരികസ്വഭാവത്തിൽതന്നെ അവിഭാജ്യമായി നിലകൊള്ളുന്ന പ്രകൃതമാണെന്നും, അതുകൊണ്ടു് മതവിശ്വാസികൾ അവരുടെ പ്രവർത്തനപരിപാടികൾ അതനുസരിച്ചു തയാറാക്കേണ്ടതു് മതത്തിന്റെ നിലനില്പിനു അനിവാര്യമാണെന്നും പ്രത്യേകം അനുസ്മരിക്കേണ്ട വസ്തുതകളാണു്.

പരിശുദ്ധ മാർപ്പാപ്പാ ഈ മാസത്തെ പ്രാർത്ഥനാനിയോഗമായി ലോകത്തിനു നിർദ്ദേശിച്ചിട്ടുള്ളതു് കമ്മ്യൂണിസ്റ്റു് മതമർദ്ദനമനുഭവിക്കുന്ന സഭാവിഭാഗത്തിനുവേണ്ടി—അവിടങ്ങളിൽ ക്രൂരമായ പീഡകൾക്കു വിധേയരാക്കപ്പെടുന്ന കത്തോലിക്കാ മതാദ്ധ്യക്ഷന്മാർക്കും വൈദികർക്കുംവേണ്ടി പ്രാർത്ഥിക്കുന്നതിനാണല്ലോ. കമ്മ്യൂണിസത്തിന്റെ മതമർദ്ദനത്തെപ്പററിയുള്ള സ്മരണ ഇതിനു നമ്മെ പ്രേരിപ്പിക്കട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### രഷ്യ നിരീശ്വരത്വം ഉപേക്ഷിക്കയില്ല

കഴിഞ്ഞ ആഴ്ചയിൽ ഫ്രഞ്ചു രാജ്യതന്ത്രജ്ഞന്മാരും പത്രപ്രവർത്തകരും ഉൾപ്പെട്ട ഒരു പ്രതിനിധിസംഘം രഷ്യ സന്ദർശിക്കുകയുണ്ടായി. കമ്മ്യൂണിസ്റ്റു് പാർട്ടി സിക്രട്ടറിയായ എം. നികിതക്രൂഷേവുമായി അവർ നടത്തിയ ഒരു സന്ദർശനത്തിൽവച്ചു് ഫ്രഞ്ചു നാഷനൽ അസംബ്ലി പ്രസിഡണ്ടായ എം. പിയറേ ഷ്നീറെ ഉന്നയിച്ച ഒരു ചോദ്യത്തിനു മറുപടിയായി മതത്തെ സംബന്ധിച്ച സോവ്യററിന്റെ നയം ക്രൂഷേവു് ഇപ്രകാരം വിശദീകരിച്ചു:- "മതത്തിനെതിരായി സോവ്യററു യൂണിയൻ 38 കൊല്ലമായി നടത്തിക്കൊണ്ടിരിക്കുന്ന സമരത്തെ അവസാനിപ്പിക്കുന്നതിനോ വ്യത്യാസപ്പെടുത്തുന്നതിനോ ഉദ്ദേശമില്ല. ഇനിയും അവശേഷിച്ചിട്ടുള്ള മതബോധത്തിന്റെ അവശിഷ്ടങ്ങളെ നിഷ്പക്ഷതയോടെ അവഗണിക്കത്തക്കവണ്ണം സോവ്യററു് രാജ്യത്തിന്റെ ശക്തി അത്രയ്ക്കു വർദ്ധിച്ചിട്ടുണ്ടു്. എന്നാൽ നിങ്ങൾ തെററായ അനുമാനങ്ങളെടുക്കരുതു്. ഞങ്ങൾ നിരീശ്വരത്വത്തിൽ ഉറച്ചു നില്ക്കുന്നു. മതത്തിനെതിരായ കമ്മ്യൂണിസത്തിന്റെ മനോഭാവത്തിൽ യാതൊരു വ്യതിയാനവും സംഭവിച്ചിട്ടില്ല. മതമാകുന്ന കറുപ്പിന്റെ മയക്കുശക്തിയെ ഉച്ചാടനം ചെയ്യാൻ കഴിവുള്ളതെല്ലാം ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണു്. പ്രസംഗങ്ങൾവഴിയായും വാദപ്രതിവാദങ്ങൾ വഴിയായും മററു മാർഗ്ഗങ്ങളിലൂടേയും ഇതു പ്രാവർത്തികമാക്കിപ്പോരുന്നുണ്ടു്." സെപ്തംബർ 27-ാംനു-യിലെ മെയിൽപത്രത്തിൽ കൊടുത്തിട്ടുള്ള 25-ാംനു-യിലെ ഒരു പാരീസ് റിപ്പോർട്ടാണു് മേലുദ്ധരിച്ചതു്. രഷ്യ മാനസാന്തരപ്പെട്ടുവെന്നും, രഷ്യയിൽ എവിടെയും ധാരാളം പള്ളികളും അനേകം വൈദികരേയും കണ്ടുവെന്നും പത്രങ്ങളിൽ പ്രസ്താവനകളിറക്കുന്നവരും മൈതാനങ്ങളിൽ കണ്ഠക്ഷോഭം ചെയ്യുന്നവരും ഇതിന്റെ അർത്ഥമെന്താണെന്നു ആലോചിക്കുന്നതു നന്നായിരിക്കും.

* * *

### വെറുക്കപ്പെട്ട ഭരണാധിപൻ തുരത്തപ്പെട്ടു

പത്തുകൊല്ലമായി അമേരിക്കയിലെ അർജൻറീനാ രാജ്യത്തിലെ മുടിവയ്ക്കാത്ത രാജാവായി ഏകച്ഛത്രാധിപത്യം നടത്തുകയായിരുന്നു പ്രസിഡൻറു പെറോൺ. അധികാരലഹരി അദ്ദേഹത്തെ അഹംഭാവിയും സ്വേച്ഛാധിപതിയുമാക്കി. പൊതുജനങ്ങൾ അദ്ദേഹത്തെ വെറുത്തു. ജനസ്വരത്തെ വകവയ്ക്കാതെ തന്റെ പാർശ്വവർത്തികളിൽ മതിമറന്നു വിശ്വസിച്ചു് രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന കത്തോലിക്കരുടെ അവകാശങ്ങളെ കവർന്നെടുക്കുന്നതിനും അക്രമപരമായ നിയമങ്ങൾകൊണ്ടു അവരെ മർദ്ദിക്കുന്നതിനും അദ്ദേഹം സന്നദ്ധനായി. ഏതാനും മാസങ്ങൾക്കു മുമ്പാണു് പെറോൺഭരണത്തിനെതിരായി വമ്പിച്ചതോതിലുള്ള പ്രക്ഷോഭണങ്ങൾ നടമാടിയതു്. ആകപ്പാടെ തന്റെ നിലപാടു അവതാളത്തിലായി എന്നുകണ്ടു അദ്ദേഹം അധികാരത്തിൽ പിടിച്ചുനില്ക്കുന്നതിനു ചില ഒത്തുതീർപ്പുപ്രകടനങ്ങളെല്ലാം നിർവ്വഹിച്ചു തല്ക്കാലം രക്ഷപെട്ടു. പക്ഷെ പുള്ളിപ്പുലിയുടെ പുള്ളികൾ മാഞ്ഞുപോയില്ല. അധികാരം കൈയിലുറച്ചു എന്നു കണ്ടപ്പോൾ പഴയ വിക്രിയകൾ പുനരാരംഭിച്ചു. റിയോ ദെ ജെനേയിരോയിലെ ദിവ്യകാരുണ്യകോൺഗ്രസിൽ സംബന്ധിച്ചശേഷം അർജൻറീനായിൽ പര്യടനം നടത്തി ഫിലിപ്പൈനിൽ മടങ്ങിയെത്തിയ ജാരോയിലെ മെത്രാപ്പോലീത്താ ഡോക്ടർ കുനെയോ തിരുമേനി അർജൻറീനായിലെ സ്ഥിതിഗതികളെപ്പററി പരസ്യമായി പ്രസ്താവിച്ചതു്, "തിരുസഭയോടു അക്രമങ്ങൾ പ്രവർത്തിച്ച പ്രസിഡൻറു പെറോണെ തുരത്തിയാലല്ലാതെ അർജൻറീനായിൽ സമാധാനമുണ്ടാവുകയില്ല" എന്നാണു്. അതക്ഷരാർത്ഥത്തിൽ ഇന്നു സഫലമായിരിക്കുകയാണു്. പെറോണിന്റെ ദുർനയങ്ങളാൽ പൊറുതിമുട്ടിയ ജനവിഭാഗം വീണ്ടും പ്രക്ഷുബ്ധരാവുകയും വിപ്ലവം പൊട്ടിപ്പുറപ്പെടുകയും ചെയ്തു. പെറോൺ അദ്ദേഹത്തിന്റെ ഏതാനും അനുയായികളോടുകൂടി പെരാഗ്വേക്കാരുടെ വകയായ ഒരു ചെറിയ പടക്കപ്പലിൽ അഭയംതേടി. പ്രസ്തുത കപ്പൽ ബ്യൂനോസ് അയേഴ്സ് തുറമുഖത്തിൽ തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുകയായിരുന്നു. ജനറൽ എഡ്വാർഡോ ലോണാർഡോയാണു് തല്ക്കാലം പ്രസിഡണ്ടുസ്ഥാനം ഏറെറടുത്തിരിക്കുന്നതു്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സംഘടിതമായ കാബിനററു് ഭരണം തുടരുകയാണു്. രാജ്യത്തിൽ പ്രശാന്തത വീണ്ടും കളിയാടുന്നതിനു തുടങ്ങുന്നു. പരിശുദ്ധമാർപ്പാപ്പായുടേയും മററു പ്രമുഖനേതാക്കന്മാരുടേയും ശുപാർശയനുസരിച്ചു പെറോണിനെ പെരാഗ്വെയിൻ കപ്പലിൽ രാജ്യംവിടുന്നതിനു അനുവദിച്ചു. ഇപ്രകാരം അർജൻറീനായുടെ ദുർഘടസന്ധി വിജയപൂർവ്വം തരണം ചെയ്യപ്പെട്ടു എന്നു പറയാം. പെറോണിന്റെ അനുഭവം അധികാരലഹരികൊണ്ടു മതിമറന്നു പോകുന്നവർക്കു ഒരു ഗുണപാഠമായിരിക്കുമെന്നു സമാധാനിക്കാം.

* * *

### റഷ്യൻസോഷ്യലിസം ഇന്ത്യക്കുവേണ്ട

#### ശ്രീമതി ഇന്ദിരാഗാന്ധിയുടെ പ്രസംഗം

ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിലെ വനിതാവിഭാഗത്തെ പ്രതിനിധീകരിച്ചുകൊണ്ടു് തിരുക്കൊച്ചിയിലെ വനിതാസംഘടനകൾ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളെ നേരിൽ കണ്ടു റിപ്പോർട്ടു സമർപ്പിക്കുന്നതിനു രാജ്യത്തിന്റെ വിവിധകേന്ദ്രങ്ങളിൽ സന്ദർശനം നടത്തി കടന്നുപോയ ശ്രീമതി ഇന്ദിരാഗാന്ധി അവരുടെ പല പ്രസംഗങ്ങളിലും സോവ്യററുനയം ഇന്ത്യക്കു നാശകാരണമാണെന്നും തന്മൂലം സ്വീകാര്യമല്ലെന്നും വിശദമാക്കുകയുണ്ടായി. സെപ്ററംബർ 25-ാം തീയതി തൃശ്ശൂർ ടൗൺഹാളിൽ ചേർന്ന യോഗത്തിൽ ശ്രീമതി ഇപ്രകാരമാണു് പ്രസ്താവിച്ചതു്:- "നമ്മുടെ നാടു ഇന്നൊരു പരിവർത്തനത്തെ തരണം ചെയ്യുകയാണു്. സോഷ്യലിസ്റ്റിക്കു് സമ്പത്തു് വ്യവസ്ഥയാണു് അതിന്റെ ലക്ഷ്യം. സമത്വം എന്നു പറയുമ്പോൾ എല്ലാ വശങ്ങളിലും ജനങ്ങൾക്കു സമത്വം നൽകാൻ ഗവമ്മേണ്ടിനു സാധിക്കുന്നതല്ല. എല്ലാവർക്കും തുല്യാവസരം നൽകുമെന്നേ അതുകൊണ്ടർത്ഥമാക്കുന്നുള്ളു. രഷ്യയിൽ ഉല്പാദനവും, യന്ത്രവും, പ്രസിദ്ധീകരണവും, വാണിജ്യവും, വ്യവസായവും, ഗതാഗതവുമെല്ലാം സ്റ്റേററുടമയിലാണു് നടക്കുന്നതു്. ഇതു സ്വതന്ത്രമായ ശാസ്ത്രീയപുരോഗതിയേയും സാഹിത്യപ്രവർത്തനത്തേയും ചിന്താഗതിയേയും തടഞ്ഞുനിർത്തുന്നു. വ്യക്തികളുടെ ഉയർച്ചയ്ക്കും, സ്വതന്ത്രമായ കണ്ടുപിടുത്തങ്ങൾക്കുമുള്ള സാദ്ധ്യതയെ ഈ സ്റ്റേററുടമസമ്പ്രദായം നിഹനിക്കുന്നു. ഈവിധമായ സോഷ്യലിസ്റ്റ്സമ്പ്രദായം സ്വീകരിക്കാൻ നമ്മുടെ ജനങ്ങൾ ഒരുക്കമല്ല. കഴിഞ്ഞ കാലങ്ങളിൽ രഷ്യയിലെ ജനങ്ങൾ കടന്നുപോയ മാർഗ്ഗത്തിലൂടെ ഇന്നും കടന്നുപോകുവാൻ അവരെ നിർബ്ബന്ധിച്ചാൽ, അവർ പ്രസ്തുത വിഷമതകൾ സഹിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല........ ഇന്ത്യയുടെ നയം പ്രോരഷ്യനാണെന്നും, പ്രോഅമേരിക്കനാണെന്നും പലരും കുററം പറയുന്നുണ്ടു്. എന്നാൽ ഇതൊന്നുമല്ല ഇന്ത്യയുടെ നയം. അതു തികച്ചും പ്രോഇന്ത്യനാണു്." എറണാകുളത്തുവച്ചു നടന്ന സ്വീകരണയോഗത്തിൽവച്ചു ശ്രീമതി സ്പഷ്ടമായി പ്രസ്താവിച്ചതു് "കമ്മ്യൂണിസം നമ്മുടെ നാടിനു പററിയതല്ല" എന്നത്രെ.

### ജപാപ്പസ്തോലസഖ്യത്തിന്റെ ഒക്ടോബർമാസത്തെ പൊതുനിയോഗം

"മർദ്ദിതസഭയിലെ മെത്രാന്മാർക്കും വൈദികർക്കും വേണ്ടി."

### വേദപ്രചാരനിയോഗം

"വേദപ്രചാരപുരോഗതി, പ്രത്യേകിച്ചും ആഫ്റിക്കൻ രാജ്യങ്ങളിൽ, മിഷനറിമാരുടേയും ധനത്തിന്റേയും അഭാവംകൊണ്ടു മന്ദീഭവിക്കാതിരിക്കുന്നതിനു്."

### അടുത്തയാഴ്ചയിൽ

ഒക്ടോബർ

6 വ്യ: വി. ബ്രൂനോ
7 വെ: വി. മർക്കോസ്
8 ശ: വി. ബ്രിജീത്ത
9 ഞാ: പന്തക്കുസ്ത 19-ാം ഞാ. ക. മറിയത്തിന്റെ മാതൃത്വം
10 തി: വി. ഫ്റാൻസിസ്കോസു ബോർജിയ
11 ചൊ: വി. യോഹന്നാനും പൗലോസും
12 ബു: വി. കെവുറേലോസും മെത്തോദിസും


## സ്വർഗ്ഗരാജ്ഞി

ദേവമാതാവിന്റെ സ്ഥാനങ്ങളും വരങ്ങളും, അവയുടെ വിശദീകരണവും, സംശയനിവാരണവും, സംബന്ധിച്ചു് വെ. റവ. മോൺ. ജേക്കബ്ബ് നടുവത്തുശേരി അവർകൾ സത്യദീപത്തിൽ തുടർച്ചയായി എഴുതിയിരുന്ന ലേഖനങ്ങളുടെ സമാഹാരമായി, ക്രൗൺ എട്ടിലൊന്നു സൈസിൽ, നൂറു പേജിൽ കമനീയമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിനു് വില 6 ണ മാത്രം.

കച്ചവടക്കാർക്കു് പത്തിനു രണ്ടു കമ്മീഷൻ.

ആവശ്യപ്പെടുക:
മാർ ലൂയീസ് മെമ്മോറിയൽ പ്രസ്, എറണാകുളം-1

വാരാന്ത്യവീക്ഷണം

# പശ്ചിമജർമ്മനിയും സോവ്യററ്റഷ്യയും

[സി ഐ. ജോൺ തലയോലപ്പറമ്പു]

പാരീസ് ഉടമ്പടിക്കു അംഗീകാരം നൽകിയാൽ ഭാവിയിൽ പശ്ചിമജർമ്മനിയുമായി സോവ്യററ്യൂണിയൻ യാതൊരുതരത്തിലും ബന്ധം പുലർത്തുന്നതല്ലെന്നാണ് കഴിഞ്ഞ ജനുവരിയിൽ സോവ്യററ്റഷ്യ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചതു്. ഇതിനു പശ്ചിമജർമ്മൻ ചാൻസലർ അഡനോവർക്ക് സോവ്യററ്യൂണിയൻ സന്ദർശിക്കാനുള്ള ക്ഷണം കിട്ടി. പ്രസ്തുത ക്ഷണത്തിനു പിന്നിലുള്ള ഉദ്ദേശത്തെപ്പററി സാമാന്യതരത്തിൽ തോന്നാവുന്ന സംശയംവച്ചുകൊണ്ടുതന്നെയാണ് പശ്ചിമജർമ്മനിയുടെ സുഹൃത്തായ അമേരിക്കയിലേക്ക് അഡനോവർ പോയതു്. ഇത്രയുള്ള പ്രാധാന്യമേ അഡനോവറുടെ അമേരിക്കൻ സന്ദർശനത്തിനുണ്ടായിരുന്നുള്ളു. എന്നാൽ മോസ്ക്കോ സന്ദർശിക്കുവാൻ അഡനോവറെ ക്ഷണിച്ചതിനു് ചില രാഷ്ട്രീയോദ്ദേശങ്ങളെല്ലാമുണ്ട്. മോസ്ക്കോയിൽവച്ചു നടന്ന സുപ്രധാനമായ സംഭാഷണങ്ങളിൽനിന്നുതന്നെ അതു് മനസ്സിലാക്കാവുന്നതുമാണ്. ജർമ്മൻ ഏകീകരണത്തിനു് സോവ്യററ്യൂണിയൻ വിയോജിക്കുന്നതിന്റെ രഹസ്യം പശ്ചിമജർമ്മനിയുടെ സ്വാതന്ത്ര്യമായ നിലനില്പിനെ ഭയപ്പെട്ടിട്ടാണ്. അതായതു് 7 കോടി 80 ലക്ഷം ജനങ്ങളാണ് മൊത്തത്തിൽ ജർമ്മനിയിലുള്ളതു്. അതിൽ 5 കോടിയിലധികംപേർ പശ്ചിമജർമ്മനിയിലുമാണ്. ഒരു ഏകീകൃതജർമ്മനി ഉണ്ടാകുകയും പശ്ചിമജർമ്മനിയിലെ ജനങ്ങൾ അതായതു് 5 കോടിയിലധികം ജനങ്ങൾ റഷ്യൻ ആധിപത്യത്തെ ഇഷ്ടപ്പെടാതെ നില്ക്കുകയും ചെയ്യുന്ന ഒരവസരത്തെപ്പററി സോവ്യററ്യൂണിയനു് ചിന്തിക്കുവാൻകൂടി നിവൃത്തിയില്ല. പൂർവ്വജർമ്മനിയിലാണെങ്കിൽതന്നെ അവിടത്തെ ഭരണകൂടത്തെ എതിർക്കുന്ന ലക്ഷക്കണക്കിനു ജനങ്ങളുണ്ട്. മണിക്കൂറുതോറും ആഭ്യന്തരമത്സരങ്ങളിലേക്കു വഴുതിവീഴാനുള്ള എല്ലാ സാദ്ധ്യതകളും അവിടെ ഉണ്ടെങ്കിലും ഭരണകൂടം ഏർപ്പെടുത്തിട്ടുള്ള ഭയങ്കരങ്ങളായ നടപടികളിൽ അവിടത്തെ വിപ്ലവകാരികളുടെ വിപ്ലവവാസന അടങ്ങിപ്പോകുകയാണ്. അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് ലക്ഷക്കണക്കിനാളുകൾ പശ്ചിമജർമ്മനിയിലേക്കു അഭയാർത്ഥികളായി വന്നിട്ടുണ്ട്. വന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ പരിതസ്ഥിതികൾവച്ചു് നന്നായി ചിന്തിച്ചതിനുശേഷമാണ് സോവ്യററ്യൂണിയൻഭാഗത്തുനിന്നു് സംഭാഷണം നടത്തുവാൻ സന്നദ്ധമായതു്. മുൻപിലത്തേതുപോലെ ഒരു ഏകീകൃതജർമ്മനിക്ക് വിലങ്ങുതടിയായിനിന്നാൽ അന്താരാഷ്ട്രരംഗത്തു് റഷ്യക്കുള്ള സ്ഥാനത്തിനു കോട്ടം തട്ടുമെന്നറിഞ്ഞുകൊണ്ട് ജർമ്മൻ ഏകീകരണംതന്നെയാണ് തങ്ങളുടേയും ലക്ഷ്യമെന്നു വരുത്തിക്കൂട്ടുവാനുള്ള ശ്രമംകൂടിയായിരുന്നു അതു്. ആസ്ട്രിയായെപ്പോലെ നിഷ്പക്ഷമായ ഒരു ഏകീകൃതജർമ്മനിയാണ് സോവ്യററിന്റെ അഭിലാഷമെന്നർത്ഥം. വിയററ്നാം സംയോജനത്തിനു് തത്വങ്ങളോ വ്യവസ്ഥകളോ ആവശ്യമില്ലെന്നാണ് "പ്രവദ" എഴുതിയതു്. എന്നാൽ ആ പ്രവദ ജർമ്മൻ ഏകീകരണത്തിനു നൂറുകണക്കിനു വ്യവസ്ഥകളും തത്വങ്ങളും മെട്ടത്തുയർത്തിപ്പിടിക്കുന്നതു കാണുമ്പോൾ ഒരുതരം സഹതാപം തോന്നിപ്പോകുന്നു.

ഭൂമിശാസ്ത്രപരമായും ഭാഷാപരമായും സാംസ്കാരികമായും യാതൊരകൽച്ചയുമില്ലാത്ത ജർമ്മനിയെ ഒന്നിച്ചുചേർക്കുകയെന്നതാണ് പ്രശ്നം. അതിനാരെങ്കിലും വിലങ്ങുതടിയായി നിന്നാൽ പ്രയോജനമുണ്ടെന്നു തോന്നുന്നില്ല. ഒരു ഏകീകൃതജർമ്മൻറിപ്പബ്ലിക്ക് ഉടലെടുത്തതിന്റെശേഷം ആ റിപ്പബ്ലിക്കിലെ ജനങ്ങളാണ് തങ്ങൾ നിഷ്പക്ഷതയിൽ കഴിയണമോ, മററാരുടെയെങ്കിലുംകൂടെ ചേരണമോയെന്നു തീരുമാനിക്കേണ്ടതു്. ജർമ്മൻ ഏകീകരണത്തെ സംബന്ധിച്ചു് മോസ്ക്കായിൽനടന്ന സംഭാഷണങ്ങൾ പശ്ചിമജർമ്മനിയും റഷ്യയുമായുള്ള ബന്ധം ഉറപ്പിക്കുന്നതിനു വേണ്ടിയാണ ഉന്നയിക്കപ്പെട്ടതു്. ഏതായാലും അഡനോവർ സോവ്യററ്യൂണിയന്റെ അടവുകൾക്കു് വശംവദനായില്ലെന്നും ജനാധിപത്യപരമായുള്ള ഒരു ഏകീകൃതജർമ്മനിക്കുവേണ്ടി അങ്ങേയററം വാദിച്ചുവെന്നും, സോവ്യററ്യൂണിയൻ തങ്ങളുടെ പിടിവാദങ്ങളിൽനിന്നു വിരമിക്കേണ്ടിവന്നുവെന്നുമാണ് അതേപ്പററിയുള്ള റിപ്പോർട്ടുകളിൽനിന്നു മനസ്സിലാക്കുന്നതു്.

## പശ്ചിമജർമ്മനിയിലെ ഗൂഢസംഘം

ചാൻസലർ അഡനോവർക്കെതിരായി പശ്ചിമജർമ്മനിയിൽ ഒരു ഗൂഢസംഘം പ്രവർത്തിച്ചുവരുന്നതായി വിശ്വാസയോഗ്യമായി അറിയുന്നുണ്ട്. അവരുടെ പ്രവർത്തനം കുറച്ചുനാളുകൾക്കുമുൻപുമുതൽ തുടങ്ങിയതായാണ് റിപ്പോർട്ട്. ഈ അടുത്തദിവസം നാലുപേരെ അറസ്റ്റു ചെയ്തപ്പോൾ അവരിൽനിന്നു കിട്ടിയ വിവരങ്ങളല്ല ഈ ഗൂഢസംഘത്തെപ്പററിയുള്ളതു്. 1954 അവസാനം ചില ബ്രിട്ടീഷ് പത്രലേഖകന്മാർ ഈ വിവരം വെളിപ്പെടുത്തിയിരുന്നു. അതിൽ പൂർവ്വജർമ്മനിയിൽനിന്നും അഭയാർത്ഥികളായി വന്നിട്ടുള്ളവരിൽ ഇങ്ങനെയുള്ള ഗൂഢസംഘത്തിൽ ഉൾപ്പെട്ടവരുണ്ടെന്നും അവരാണ് പ്രസ്തുത സംഘത്തിനു നേതൃത്വം കൊടുക്കുന്നതെന്നും പറയപ്പെട്ടിരുന്നു. വിയററ്നാമിലും ഡിംഡിമിനെതിരായി ഇങ്ങനെയൊരു സംഘം പ്രവർത്തിക്കുന്നതായിട്ടാണറിവു്. ഈ വിവരം മറെറാരുരൂപത്തിൽ നിഷ്പക്ഷരാജ്യക്കമ്മീഷൻ പ്രവർത്തനത്തെപ്പററി ഡിംഡിം വെളിപ്പെടുത്തിട്ടുണ്ട്. ഫോർമ്മോസായിൽ ചിയാങ്ങ്കൈഷക്കിനെതിരായും ഇങ്ങനെയൊരു സംഘടനയുണ്ട്. ഇതിലെ പ്രധാന പ്രവർത്തകർ ഒരു കേന്ദ്രത്തിൽനിന്നു പ്രവർത്തനപരിചയം സിദ്ധിച്ചവരാണെന്നു പറയപ്പെടുന്നു. ഏതായാലും അഡനോവരുടെ മോസ്ക്കോസന്ദർശനത്തെത്തുടർന്നു പൂർവ്വജർമ്മനിയിൽ വളരെയേറെ അതൃപ്തിയുളവായിട്ടുണ്ട്. ഈ അവസരത്തിൽതന്നെയാണ് ഗൂഢസംഘത്തെപ്പററിയുള്ള റിപ്പോർട്ടും പുറത്തുവരുന്നതു്. ഇത്തരം സംഘടിതപ്രവർത്തനങ്ങൾ ലോകവ്യാപകമായി ഇന്നു നടന്നുകൊണ്ടിരിക്കുകയാണ്. സമാധാനപ്രേമികളായ ലോകരാഷ്ട്രങ്ങൾ ഈ വിഷയത്തിനു കൂടുതൽ പ്രാധാന്യം നൽകി പര്യാലോചിക്കുന്നതു നന്നായിരിക്കും.

## കോമിൻഫോമിന്റെ ഭാവി

കോമിൻഫോമിന്റെ ഭാവിയെസംബന്ധിച്ചു് പലവിധ ഊഹാപോഹങ്ങളും ഇന്നു നടക്കുന്നുണ്ട്. ബാൻതുങ്ങ് കോൺഫറൻസിന്റെ അവസാനത്തിൽതന്നെ അതു പിരിച്ചുവിടുമെന്നു കരുതപ്പെട്ടു. എന്നാലതുണ്ടായില്ല. നെഹ്റു റഷ്യ സന്ദർശിച്ചു. അപ്പോഴും അതുണ്ടായില്ല. ചതുശ്ശക്തിസമ്മേളനം നടന്നു. അതിനു മുൻപായിതന്നെ കോമിൻഫോം പിരിച്ചുവിടുമെന്നു ന്യൂയോർക്കു ഹെറാൾഡ് ട്രിബ്യൂൺവരെ എഴുതിയിരുന്നു. എന്നാൽ ഇതെല്ലാമായിട്ടും കോമിൻഫോം അങ്ങനെതന്നെ നിന്നു. ലോകകമ്മ്യൂണിസ്റ്റു ജനതയ്ക്കു സന്ദേശങ്ങളും നിർദ്ദേശങ്ങളും കൊടുത്തുകൊണ്ടിരിക്കുന്ന കോമിൻഫോം പെട്ടെന്നു പിരിച്ചുവിടുന്നതു് യുക്തമല്ലെന്നു സോവ്യററ്യൂണിയനറിയാം. എന്നാൽ ഇപ്പോൾ രാജ്യാന്തരങ്ങളിലെ കമ്മ്യൂണിസ്റ്റു പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കത്തക്കതരത്തിലുള്ള വേറെ ചില പ്ലാനുകൾ അന്നിയായിൽ ആലോചനയിലിരിക്കുകയാണ്. യൂറോപ്പിന്റെ സോവ്യററ്യൂണിയൻ യാത്രയോടുകൂടി ആ പദ്ധതികൾ വിജയിക്കുമെങ്കിൽ കോമിൻഫോം പിരിച്ചുവിട്ടേക്കും. ചില ബ്രിട്ടീഷ് നിരീക്ഷകന്മാരുടെയിടയിലാണ് അടുത്തുതന്നെ കോമിൻഫോം പിരിച്ചുവിടുമെന്നു സംസാരമുള്ളതു്. എന്നാൽ അങ്ങനെ ഈ അവസരത്തിൽ പിരിച്ചുവിടുന്നതിനുതന്നെ അവർ അധികപ്രാധാന്യമൊന്നും കല്പിക്കുന്നുമില്ല. ഈ അവസരത്തിൽ കോമിൻഫോം പിരിച്ചുവിട്ടാൽ പേരുമാത്രം മാററിക്കൊണ്ട് മാറുതരത്തിലുള്ള പ്രവർത്തനം തുടർന്നു നടന്നുകൊണ്ടുതന്നെയിരിക്കും.

—o—

## ലോർണാകല്ലഹാൻ

(4-ാംപേജ് തുടർച്ച)

ഞാൻ അന്നു മാതാപിതാക്കന്മാരോടു കൂടെയാണു നിവസിച്ചിരുന്നതു്. എന്തോ വലിയ കാര്യങ്ങൾ നടക്കുവാൻ പോകുന്നുണ്ടെന്നു് അവർ ഗ്രഹിച്ചു. കത്തോലിക്കാസഭയിൽ ചേരുവാൻ ഒരുക്കമായി വേദപാഠക്ലാസ്സുകളിൽ ഞാൻ പോയിക്കൊണ്ടിരിക്കയാണെന്നു അവർ അറിഞ്ഞു. അവർ പരസ്പരം ഒന്നു നോക്കി. "ഇതെന്തിനു്" എന്നൊരു സന്ദേഹമാണ് ആ കണ്ണുകളിൽനിന്നു മൂകമായി പുറപ്പെട്ടതു്. മാതാപിതാക്കന്മാർ പള്ളിയിലൊന്നും പോയിരുന്നില്ലെങ്കിലും ഏതൊരു കത്തോലിക്കനേയുംപോലെ അവർ ഈശ്വരനിൽ വിശ്വസിച്ചിരുന്നു; പ്രാർത്ഥനകൾ ചൊല്ലിയിരുന്നു. അവരും അവസാനം സ്വർഗ്ഗത്തിലെത്തുമെന്നായിരുന്നു അവരുടെ വിശ്വാസം. എനിക്കും അതുപോരെ എന്നായിരുന്നു അവരുടെ വീക്ഷണഗതി. ഒരിക്കൽ അവർ ഇപ്രകാരം പറഞ്ഞു: "നീ കത്തോലിക്കാസഭയിൽ ചേർന്നാൽ സ്വാതന്ത്ര്യം പോയി കേട്ടോ. വിവാഹത്തിലൊരു തെററു പററിയാൽക്കൂടി അതിൽനിന്നു മോചനമില്ല. സന്താനനിയന്ത്രണമൊന്നും അവർ അനുവദിക്കുന്നില്ല. വെള്ളിയാഴ്ചദിവസങ്ങളിൽ മാംസം ഉപയോഗിച്ചുകൂടാ. നിന്റെ പാപങ്ങൾ വൈദികരോടു പറയണം."

ഞാൻ ഇതെല്ലാം സമ്മതിച്ചു; എന്റെ ഹൃദയത്തിൽ എന്താണിരിക്കുന്നതെന്നു് അവരോടു പറയുവാൻ എനിക്കു കഴിഞ്ഞില്ല. ഒരു കത്തോലിക്കയാവുക എന്നതു ഈശ്വരനെ പ്രേമിക്കുന്നതുപോലെയാണ്. കാമുകൻ എന്തെല്ലാം ചെറിയ കാര്യങ്ങളാണ് ആവശ്യപ്പെടുന്നതെന്നു നമുക്കു അറിയുവാൻ വഹിയാ. സന്തോഷപൂർവ്വം അദ്ദേഹത്തിന്റെ ഇംഗിതങ്ങൾ നിറവേററിയില്ലെങ്കിൽ ആ കാമുകനെ നഷ്ടപ്പെടുകതന്നെ ചെയ്യും.

അങ്ങനെ 1931 ഡിസമ്പർ മാസത്തിലെ ഒരു സായാഹ്നത്തിൽ എന്റെ മാമ്മോദീസാ നടന്നു. കുട്ടിയെ നടക്കുവാൻ പഠിപ്പിച്ചതിനു ശേഷം മാറിനില്ക്കുന്ന വത്സലമാതാപിതാക്കന്മാരെപ്പോലെ ഈശ്വരൻ സ്വല്പം മാറിനിന്നു് എന്നെ നടത്തിച്ചു ഞാൻ സ്നേഹംകൊണ്ട് എരിഞ്ഞിരുന്നു. എന്നാൽ എന്റെ പ്രോട്ടസ്റ്റന്റു സ്നേഹിതന്മാരുടെ മുമ്പിൽ അതു മുഴുവനും പ്രകാശിപ്പിച്ചില്ല. അതിനു വേണ്ട ധൈര്യം എനിക്കില്ലായിരുന്നു.

ക്രമേണ ദൈവം എന്നെ ശക്തിപ്പെടുത്തി. ഇന്നു് എവിടെ നിന്നും ഞാൻ ഉറക്കെ പറയാം, "ഞാൻ ഒരു കത്തോലിക്കയാണു്" എന്നു്. ആരംഭത്തിൽ ഞാൻ ഇതു ഒരു രഹസ്യമായിട്ടാണ് വച്ചിരുന്നതു്. അന്നു ഞാൻ കൊന്ത ചൊല്ലിയിരുന്നില്ല; മാത്രമല്ല കണ്ണുനീരോടുകൂടെ ഞാൻ പറയുന്നു ഒരു വെള്ളിയാഴ്ച ഒരു പ്രോട്ടസ്റ്റന്റു സ്നേഹിതന്റെ വീട്ടിൽവച്ചു ഞാൻ മാംസം ഭക്ഷിക്കപോലും ചെയ്തു. എന്റെ കത്തോലിക്കത്വം ശിശുദശയിലായിരുന്നു അന്നു്. ഞാൻ പലപ്പോഴും വീണു; എന്നാൽ ദൈവം എപ്പോഴും എന്നെ താങ്ങിയെഴുന്നേല്പിച്ചു. അവിടുന്നു എന്നെ ഒരു കത്തോലിക്കയുവാവിന്റെ കരങ്ങളിൽ ഏല്പിച്ചുകൊടുത്തു. കത്തോലിക്കാമാതാപിതാക്കന്മാരിൽനിന്നു ജനിച്ച ആ യുവാവു തന്റെ കത്തോലിക്കാവിശ്വാസത്തിൽ അഭിമാനം കൊണ്ടിരുന്നു. മുമ്പിലത്തെ ഒപ്പുശുശ്രൂഷ സ്വീകരിക്കാതെ എന്നെ വിവാഹം കഴിക്കുകയില്ലെന്നാണ അദ്ദേഹം പറഞ്ഞതു്. അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കണോ: "ഹ, മാമ്മോദീസാ കഴിഞ്ഞു മൂന്നു കൊല്ലമായിട്ടും മുമ്പിലത്തെ ഒപ്പുശുശ്രൂഷ സ്വീകരിച്ചില്ലപോലും." ആരും എന്നോടു പറഞ്ഞില്ലെന്നുള്ളതാണ് വാസ്തവം.

മാമ്മോദീസാ സർട്ടിഫിക്കററിനുവേണ്ടി ഫാദർ സള്ളിവനു എഴുതിയപ്പോൾ അതീവതാല്പര്യത്തോടെ അദ്ദേഹം ഇപ്രകാരമെഴുതി: "പ്രിയ ലോർണാ, മുമ്പിലത്തെ ഒപ്പുശുശ്രൂഷ സ്വീകരിക്കുവാൻ പോകുന്നുവെന്നു് അറിഞ്ഞു സന്തോഷിക്കുന്നു. ഇപ്പോഴും ഒരുത്തമകത്തോലിക്കായുവതിയാണെന്നു് അറിയുന്നതു ആഹ്ലാദകരമാണ്. ഞാൻ തിരുസ്സഭയിലേക്കു ചേർത്തവരിൽ ഏററം നല്ല ഒരംഗമായിരിക്കും നിങ്ങളെന്നുള്ള എന്റെ പ്രതീക്ഷ അസ്ഥാനത്തായിട്ടില്ല."

ഒരു കത്തോലിക്കയായി ജീവിക്കുന്നതു റോസപ്പൂമെത്തയിൽ കഴിയുന്നതുപോലെയാണെന്നു ഞാൻ പറയുകയില്ല. ഇടക്കിടയ്ക്കു നല്ല ദുഃഖങ്ങൾ അനുഭവപ്പെടുന്നുണ്ട്; എന്നാൽ ദുഃഖം വരുമ്പോൾ ഒരു ദൈവാലയത്തിൽ പ്രവേശിച്ചു് സക്രാരിയുടെ മുമ്പിൽ കുറേസമയം ചെലവഴിച്ചാൽ മതി ആശ്വാസവും സമാധാനവും പ്രാപിപ്പാൻ. അവിടുന്നു് അവിടെ യഥാർത്ഥത്തിൽ സന്നിഹിതനായിരുന്നു എന്റെ ആവലാതി കേൾക്കുന്നു.

അകത്തോലിക്കർക്കു ഗ്രഹിക്കുവാനും സമാശ്ലേഷിക്കുവാനും പ്രയാസമുള്ള ഒരു സംഗതിയാണിതു്. അപ്പത്തിന്റെ രൂപത്തിൽ പൂർണ്ണനായി താൻ വരുമെന്നു മിശിഹാ പറഞ്ഞിട്ടുണ്ടല്ലോ. അവിടുന്നു പറഞ്ഞിട്ടുള്ളതുകൊണ്ട് ഞങ്ങൾ വിശ്വസിക്കുന്നു. ലോകസൃഷ്ടി, ആത്മാവിന്റെ സൃഷ്ടി എന്നിവയേക്കാൾ വലിയൊരു രഹസ്യമല്ലിതു്. ശാന്തമായ ഒരു സമയത്തു നിങ്ങളൊരു കത്തോലിക്കാദേവാലയത്തിൽ പോയി നോക്കുക; നിങ്ങൾക്കിതനുഭവപ്പെടും. നിങ്ങൾക്കു വിഷമമുണ്ടെങ്കിൽ അവിടുന്നു ആശ്വസിപ്പിക്കും; അല്ലെങ്കിൽ അതു സഹിക്കുവാൻ അവിടുന്നു ശക്തിനൽകും. കണ്ണുനീരോടുകൂടെ ബലിപീഠറെയിലുകളിൽപ്പോയി വി. കുർബാന സ്വീകരിച്ചു് സമാധാനത്തിൽ തിരികെവരുന്ന യുവതികളിൽനിന്നും സക്രാരിയുടെ മുമ്പിൽ നെടുവീർപ്പിട്ടു പ്രാർത്ഥിക്കുന്ന യുവാക്കളിൽനിന്നും ഇവ അനുഭവപ്പെട്ടിട്ടുള്ളതാണെനിക്കു്. അവരുടെ ക്ലേശങ്ങൾ ലഘുവായിരുന്നുവെന്നു തോന്നുന്നില്ല. ബലിപീഠത്തിലെ ദൈവം അവരുടെ ആവലാതികൾ കേട്ടു് അവരെ ആശ്വസിപ്പിച്ചിരുന്നുവെന്നു തീർച്ചയാണ്; എന്തുകൊണ്ടെന്നാൽ സ്വല്പസമയം കഴിയുമ്പോൾ അവരെല്ലാം മന്ദഹാസവദനത്തോടെ സക്രാരിയുടെ മുമ്പിൽനിന്നു് എഴുന്നേററുപോകുന്നതു ഞാൻ കണ്ടിട്ടുണ്ട്.

കത്തോലിക്കാവിശ്വാസം അമൂല്യമാണ്. വില നിശ്ചയിക്കുവാൻ വഹിയാത്ത രത്നംതന്നെ. മാനസാന്തരപ്പെട്ടു സഭയിൽ ചേർന്നവർക്കേ അതിന്റെ വില മനസ്സിലാകയുള്ളു. എന്റെ ആദ്യത്തെ പ്രാർത്ഥനപ്പുസ്തകത്തിൽ ചില വാക്യങ്ങൾ ഞാൻ അടയാളപ്പെടുത്തിയിട്ടുണ്ട്. അവയിൽ ചിലതു ഞാൻ ഈയിടയ്ക്കു ഒന്നു മറിച്ചുനോക്കി: "ഇതു എന്റെ ശരീരമാണ്", "ഇതു എന്റെ രക്തത്തിന്റെ കാസയാണ്." ഇവ വായിച്ചതിനുശേഷം ഞാൻ പറയും: "ദൈവം എന്റെ ഉപകാരിയെ അനുഗ്രഹിക്കട്ടെ. കർത്താവു മാധുര്യമുള്ളവനാണെന്നു രുചിച്ചു കാണുവാൻ എന്നെ ക്ഷണിച്ചതു് ആ ഉപകാരിയാണല്ലോ." ഞാൻ രുചിച്ചുനോക്കി; മാധുര്യമാസ്വദിച്ചു, വിശപ്പുതീർന്നു. തന്നെ അറിഞ്ഞു സ്നേഹിച്ചു സേവിച്ചു നിത്യരക്ഷ പ്രാപിക്കുവാനാണ് ഈശ്വരൻ എന്നെ സൃഷ്ടിച്ചിരിക്കുന്നതെന്നു എനിക്കു ബോദ്ധ്യമായിക്കഴിഞ്ഞു.

ഞാൻ എന്തുകൊണ്ടു കത്തോലിക്കാസഭയിൽ ചേർന്നു? ദൈവം എന്റെ തോളിൽ വന്നു തട്ടിവിളിച്ചതുകൊണ്ടുതന്നെ. അല്ലയോ അകത്തോലിക്കരേ, ഈ സമയത്തു പക്ഷേ ഈശ്വരൻ നിങ്ങളുടെ തോളിൽ തട്ടിവിളിക്കുന്നുണ്ടാകും. അവിടുത്തെ ആഹ്വാനം നിങ്ങൾ സ്വീകരിക്കുന്നതിനു് ഞാൻ പ്രാർത്ഥിക്കാം.

(1955 ഏപ്രിൽ 15-ാം തീയതിയിലെ "സൺഡേ വിസിററർ" എന്ന പത്രത്തിൽനിന്നു്.)

# പുസ്തകാഭിപ്രായം

## മാടപ്രാവ്


(പേജ് 88. ഗ്രന്ഥകർത്താ:- മുട്ടത്തു വർക്കി ബി. എ.)

1890 ഒക്ടോബർ 16-ാംനു ഒരു ചെറുസൂനം വിടർന്നു. ആ ജീവിതം എത്ര ധന്യമായിരുന്നെന്നോ? ഗ്രന്ഥകാരന്റെ ഭാഷയിൽതന്നെ പറയാം:-"സ്വർഗ്ഗത്തിന്റെ മേൽതട്ടിനെ അലങ്കരിക്കേണ്ട അമൂല്യരത്നമായിരുന്നു അവൾ—മരിയഗൊരേത്തി. സ്വമാതാവായ അസൂന്ത ആ രത്ന

ത്തെ മിനുക്കിയെടുത്ത ശില്പിയായിരുന്നു. അസൂന്ത സ്വപുത്രിയെ പഠിപ്പിച്ച ഏററവും വലിയ പാഠം വിശുദ്ധതയായിരുന്നു. കുട്ടിക്കാലത്തുതന്നെ അവൾ അടക്കവും ഒതുക്കവും പരിശീലിച്ചു. മ്ലേച്ഛങ്ങളായ വികാരങ്ങൾക്കും വിചാരങ്ങൾക്കും വിശുദ്ധിയുടെ ശ്രീകോവിലിൽ പ്രവേശനമില്ലായിരുന്നു ലോകത്തിൻെറ കെട്ടുകളെല്ലാം അഴിച്ചഴിച്ച് അനശ്വരമായ പരലോകത്തിലേക്ക് അവൾ മുതൽ സമ്പാദിച്ചുകൂട്ടുകയായിരുന്നു. സ്വർഗ്ഗത്തിൽ വിടരേണ്ടുന്ന വാടാത്ത ലില്ലിപ്പൂവായിരുന്നു അവൾ. രക്തസാക്ഷിണിയുടെ കിരീടം ചൂടേണ്ടുന്ന രാജകുമാരിയായിരുന്നു അവൾ."

സ്വചാരിത്രസംരക്ഷണത്തിനുവേണ്ടി അവൾ ധീരസമരം ചെയ്തു. ഇരുപതു വയസ്സുകാരൻ കാമാന്ധനായ അലക്സാണ്ടർ പന്ത്രണ്ടു വയസ്സു തികയാത്ത ആ ബാലികയുടെ തളിർമേനിയിൽ കഠാരികുത്തുകളേല്പിച്ചു. ഒന്നരണ്ടല്ല, പതിനാലു കുത്തുകൾ! എന്നിട്ടും അവൾ ഭീരുവായി

## കൃതജ്ഞത



Sr. Alphonsa, I.C.

ബ. സി. അൽഫോൻസാമ്മയുടെ സഹായത്താൽ എൻെറ മകളുടെ രോഗം സുഖപ്പെട്ടതിനു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

എലവത്തിങ്കൽ മുട്ടിശ്ശേരിൽ ഔസേപ്പ് അന്തോണി വെങ്കിടങ്ങ്

കീഴടങ്ങി ദൈവവരപ്രസാദം നഷ്ടമാക്കിയില്ല. നിത്യജീവനുവേണ്ടി ക്ഷണഭംഗുരമായ മരണത്തെ അവൾ വരിച്ചു. അങ്ങനെ 1902 ജൂലൈ 5-ാംനു അവൾ വീരചരമം പ്രാപിച്ചു.

ലോകദൃഷ്ടിയിൽ ശോകാന്തനാടകമായിരുന്ന അവളുടെ ജീവിതചരിത്രത്തിലെ സുവർണ്ണാദ്ധ്യായം 1950 ജൂൺ 24 ാംനു എഴുതി ചേർക്കപ്പെട്ടു. അന്നാണ് ആ ഗ്രാമീണകന്യകയെ വിശുദ്ധപദവിയിലേക്ക് ഉയർത്തിയതു്. പത്തു ലക്ഷത്തോളം വരുന്ന ജനങ്ങളുടെ കണ്ണും കരളും കുളിർപ്പിച്ച ഗംഭീരചടങ്ങുകൾ!! ദിവ്യമായ ആ കർമ്മവേദിയുടെ മുമ്പിൽ ജരാനരബാധിച്ച ഒരു പടുകിഴവി ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ടു് ഇരുന്നിരുന്നു. അ

# വിവിധവൃത്താന്തങ്ങൾ

## ചരിത്ര പണ്ഡിതന്മാരോട്

### മാർപ്പാപ്പ

ചരിത്രപണ്ഡിതന്മാരുടെ പത്താമത്തെ സാർവ്വലൗകിക കോൺഗ്രസ്സ് ഈയിടെ റോമിൽ സമ്മേളിക്കുകയുണ്ടായി. അവർക്ക് സന്ദർശനം നൽകുന്നതിനുവേണ്ടി കാസ്റ്റൽഗണ്ടോൾഫോയിൽ നിന്നും പരിശുദ്ധ പിതാവു വത്തിക്കാനിലേക്ക് എഴുന്നെള്ളി. ലോകത്തിൻെറ എല്ലാ ഭാഗങ്ങളിൽനിന്നുമായി 2000 ത്തിൽപ്പരം പ്രതിനിധികളാണ് സന്ദർശനത്തിനു വന്നുചേർന്നിരുന്നതു്. സന്ദർശനാനുമതി നൽകപ്പെട്ടവരിൽ 54 പേർമാത്രം അതിൽ സംബന്ധിച്ചില്ല. അവർ റഷ്യയിൽനിന്നും റഷ്യയുടെ ചില ഉപഗ്രഹരാജ്യങ്ങളിൽനിന്നും വന്നിരുന്ന പ്രതിനിധികളായിരുന്നുവെന്നു പറയേണ്ടല്ലൊ. പരിശുദ്ധ മാർപ്പാപ്പാ ഫ്രഞ്ചുഭാഷയിൽ വിജ്ഞാനപ്രദമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. "വർഗ്ഗങ്ങളേയും രാജ്യങ്ങളേയും തമ്മിലകററുന്ന ആദ്ധ്യാത്മികവൈപരീത്യങ്ങളെ ശാസ്ത്രത്തിനോ സാങ്കേതികജ്ഞാനത്തിനോ നികത്താനാവില്ലെന്നു തെളിഞ്ഞുകഴിഞ്ഞിട്ടുണ്ടു്. അത്യാഹിതങ്ങൾക്കു നിവാരണമാകണമെങ്കിൽ, മാനവവംശത്തിൻെറ പൊതുനന്മയ്ക്കുവേണ്ടിയുള്ള മതപരവും ധാർമ്മികവുമായ പ്രബലങ്ങളായ ഏകീകരണശക്തികളെ ഉപയോഗപ്പെടുത്തേണ്ടതു് അത്യാവശ്യമാകുന്നു. ഈദൃശശക്തികൾ കത്തോലിക്കാസഭയിൽ കു

താണ് ആ വീരബാലികയുടെ ഭാഗ്യവതിയായ അമ്മ സ്വപുത്രിയുടെ ജീവിതം എളിമയിലും പരിശുദ്ധിയിലും കരുപ്പിടിപ്പിച്ചു ആ ശില്പിക്കു ലഭിച്ച അക്ഷയസമ്മാനം അവളെ പരിതൃപ്തയാക്കി.

കളങ്കമില്ലാത്ത ആ മാടപ്രാവിൻെറ ഏറെയാവർജ്ജകമായ കഥയാണ് ഈ പുസ്തകത്തിനാധാരം. മരിയാഗൊരേത്തിയുടെ ചരിത്രത്തെ ആവിഷ്കരിച്ചു മലയാളത്തിൽ ആറോ ഏഴോ പുസ്തകങ്ങൾ ഇതിനകം ആവിർഭവിച്ചിട്ടുണ്ടു്. എങ്കിലും ശ്രീ മുട്ടത്തുവർക്കിയുടെ അനുഗൃഹീത തൂലികയിൽക്കൂടി അതു പുറത്തുവന്നപ്പോൾ അതിൻെറ ആസ്വാദ്യതയും മേന്മയും ആകർഷകത്വവും ഒന്നു വേറെതന്നെയാണ്. ഇണപ്രാവുകൾ, പാടാത്ത പൈങ്കിളി തുടങ്ങിയ കലാസുന്ദരങ്ങളായ കൃതികളുടെ കർത്താവെന്ന നിലയിൽ കേരളീയർക്ക് പ്രിയംകരനായ ശ്രീ വർക്കിയുടെ ഗദ്യശൈലിയുടെ ലാളിത്യവും ഓജസ്സും അന്യാദൃശമാണ്. ശാശ്വതമൂല്യങ്ങൾ ആവിഷ്കരിക്കുന്ന ഇത്തരം ഈടേറിയ കൃതികൾക്കു സാമുദായികപരിധികളെ അതിലംഘിച്ചും സാർവ്വജനീനമായ സ്വീകരണം ലഭിക്കേണ്ടതാണ്.

(കെ. സി.)

ടികൊള്ളുന്നുവെന്നു അതിനറിയാം. ഈ വസ്തുതയ്ക്കു ചരിത്രപരമായ തെളിവുകൾ ഇനിയും ആവശ്യമില്ലെന്നു സഭ വിശ്വസിക്കുകയും ചെയ്യുന്നു. ആധുനികശാസ്ത്രത്തേയും സാങ്കേതികജ്ഞാനത്തേയും തിരുസഭ എതിർക്കുന്നില്ല. പ്രത്യുത, അവയ്ക്കിടയെന്നവണ്ണം വർത്തിക്കുന്നതിനും സമനില പാലിക്കുന്ന ഘടകമായിരിക്കുന്നതിനും ശ്രമിക്കുകയാണ്. ശാസ്ത്രവും സാങ്കേതികജ്ഞാനവും ജൈത്രയാത്ര ചെയ്യുന്ന ഇക്കാലത്തും പഴയ കാലങ്ങളിലെപ്പോലെതന്നെ സഭയ്ക്കു അതിൻെറ ദൗത്യം നിർവ്വഹിക്കുന്നതിനു സാധിക്കുന്നു." എന്നാണ് പരിശുദ്ധ പിതാവു പ്രസ്താവിച്ചതു്.

## വിശുദ്ധ പത്രോസിൻെറ കുഴിമാടം

വിശുദ്ധ പത്രോസിൻെറ ബസ്ലിക്കായുടെ അന്തർഭാഗങ്ങളിൽ അനേകം വർഷങ്ങളായി ചരിത്രപരമായ ഖനനഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണല്ലൊ. കഴിഞ്ഞ ആഴ്ചയിൽ വത്തിക്കാനിൽ സമ്മേളിച്ച കർദ്ദിനാളന്മാരുടേയും മെത്രാന്മാരുടേയും ചരിത്രപണ്ഡിതന്മാരുടേയും ഒരു മഹത്സദസ്സിൽ അതേപ്പററി പരിശുദ്ധ മാർപ്പാപ്പാ പ്രസ്താവിച്ചതു്, പ്രസ്തുത ഗവേഷണങ്ങളുടെ ഫലമായി വിശുദ്ധ പത്രോസിൻെറ ശവകുടീരം കണ്ടുപിടിച്ചുകഴിഞ്ഞിട്ടുണ്ടെന്നും ഇനിയും പുതിയതും വിലതീരാത്തതുമായ വളരെ അറിവുകൾ തന്മൂലം കൈവരുമെന്നു വിശ്വസിക്കുവാൻ ന്യായമുണ്ടെന്നുമാണ്. ഈ ഖനനജോലികൾ 1939-ൽ പരിശുദ്ധ പിതാവു മാർപ്പാപ്പായായ ഉടനെ സമാരംഭിച്ചതാണ്. 1950 ജൂബിലിവർഷത്തിലെ ക്രിസ്മസ് പ്രഭാഷണത്തിൽ അതിൻെറ അന്നുവരെയുള്ള വിജയത്തെ തിരുമനസ്സുകൊണ്ടു വെളിവാക്കി. വിശുദ്ധ പത്രോസിൻെറ കുഴിമാടത്തെ സംബന്ധിച്ചു് കൂടുതൽ മനസ്സിലാക്കുവാനാണ് സ്വാഭാവികമായി ജനങ്ങൾക്കു ഉൽക്കണ്ഠ. അതേപ്പററി പരിശുദ്ധ പിതാവു പറഞ്ഞതു്: "ഈ പ്രശ്നം സംബന്ധിച്ചുള്ള നിസ്സംശയമായ സമാധാനം ഇതാണ്. അപ്പസ്തോലപ്രമുഖനായ പത്രോസിൻെറ കുഴിമാടം കണ്ടുകിട്ടിയിട്ടുണ്ടു്. ഇതിനോടനുബന്ധപ്പെട്ട ഒരുപചോദ്യമുണ്ടു്, വിശുദ്ധ പത്രോസിൻെറ തിരുശേഷിപ്പുകളെപ്പററി, അവ കണ്ടുകിട്ടിയിട്ടുണ്ടോയെന്നു്? അപ്പസ്തോലൻെറ കുഴിമാടത്തോടൊപ്പം ചില മനുഷ്യഅസ്ഥികളുടെ അവശിഷ്ടങ്ങളും കണ്ടെടുത്തിട്ടുണ്ടു്. പക്ഷെ ഇവ അപ്പസ്തോലൻെറ അസ്ഥികളാണെന്നു സംശയരഹിതമായി സ്ഥാപിക്കത്തക്ക തെളിവുകൾ ലഭിച്ചിട്ടില്ല. അതുകൊണ്ടു് ആദ്യവസ്തുതയ്ക്കു—റോമിലെ ആദ്യമെ

## കർദ്ദിനാൾ ജോങ്ങ് നിര്യാതനായി



ഉട്രെക്റ്റിലെ മെത്രാപ്പോലീത്തായായിരുന്ന അത്യുന്നത കർദ്ദിനാൾ ജോൺ ദെ ജോങ്ങ് നിര്യാതനായിരിക്കുന്നു. കർദ്ദിനാൾസംഘത്തിൽ തിരുമേനിയുടെ ചരമത്തോടുകൂടി ഇപ്പോൾ ഏഴ് ഒഴിവുകളാണുണ്ടായിട്ടുള്ളതു്. തിരുമേനി 70-ാംവയസ്സു പൂർത്തിയാകുന്നതിനു രണ്ടു ദിവസം മുമ്പാണ് അവിചാരിതമായി മരണമടഞ്ഞതു്. ചരമവിവരമറിഞ്ഞ ഉടനെ കർദ്ദിനാൾ ഗ്രിഫിൻ തിരുമനസ്സുകൊണ്ടു വിമാനമാർഗ്ഗം ഉട്രെക്റ്റിലെത്തുകയും സംസ്കാരകർമ്മങ്ങളിൽ പ്രധാനകാർമ്മികത്വം വഹിക്കുകയും ചെയ്തു. കത്തീഡ്രൽ ദേവാലയത്തിൽ സ്ഥാനവസ്ത്രവിഭൂഷിതമായി സ്ഥാപിക്കപ്പെട്ട മൃതദേഹത്തെ 75000ത്തിൽപരം ആളുകൾ സന്ദർശിച്ചു അന്തിമോപചാരം പ്രദർശിപ്പിച്ചു. ഒരു ലക്ഷം പേർ സംസ്കാരകർമ്മങ്ങളിൽ പങ്കെടുത്തു. ജനങ്ങളുടെ മൗലികാവകാശങ്ങൾക്കുവേണ്ടി വാദിക്കുന്നതിൽ തിരുമേനി എന്നും മുൻകൈയെടുത്തു പ്രവർത്തിക്കുകയും സുദൃഢമായ നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ടു്. കർദ്ദിനാൾ ഫ്രിൻഗ്സ് തിരുമേനിയും, വത്തിക്കാനിലെ പല പ്രമുഖ വൈദികസ്ഥാനികളും, പല മെത്രാന്മാരും സംസ്കാരകർമ്മങ്ങളിൽ സംബന്ധിച്ചു. പ്രിൻസെസ്സ് വിൽഹെൽമിനാ, ജൂലിയാനാരാജ്ഞി എന്നീ തിരുമേനിമാർ പൂച്ചെണ്ടുകൾ കൊടുത്തയച്ചു പരേതനെ ബഹുമാനിക്കുകയുണ്ടായി.

ത്രാനും മാർപ്പാപ്പായുമായ പത്രോസിൻെറ ശവകുടീരത്തിനുമുകളിൽ പത്രോസിൻെറ ദേവാലയം നിലകൊള്ളുന്നുവെന്നുള്ള ചരിത്രയാഥാർത്ഥ്യത്തിനു—യാതൊരു സംശയവും വരുന്നില്ല" എന്നാണ്.

## ഒരു വീടിനു ഒരു കത്തോലിക്കാ പത്രം


രൂപതാടിസ്ഥാനത്തിൽ കത്തോലിക്കാ പ്രസിദ്ധീകരണപ്രചാരണഞായർ ഘോഷിച്ച അവസരത്തിൽ കാർഡിഫിലെ മെത്രാപ്പോലീത്താ മാക്ഗ്രാത്ത് തിരുമനസ്സുകൊണ്ടു് പ്രസിദ്ധപ്പെടുത്തിയ സന്ദേശത്തിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: "അടുത്ത ഭാവിയിൽ ആഴ്ചതോറും ഓരോ കത്തോലിക്കാഭവനത്തിലും ഓരോ കത്തോലിക്കാപത്രം വീതമെങ്കിലും പ്രവേശിപ്പിക്കത്തക്കവണ്ണം നിസ്തന്ദ്രമായ പരിശ്രമം ചെയ്യപ്പെടുമെന്നു നാം വിശ്വസിക്കുന്നു. പ്രസിദ്ധീകരണങ്ങൾക്കു ഇന്നു നന്മയോ തിന്മയോ ചെയ്യുന്നതിനുള്ള കഴിവുകളെപ്പററി നാം ഊന്നിപ്പറയേണ്ട ആവശ്യമില്ല. നമ്മുടെ കർത്താവിൻെറ ദിവസമായ ഞായറാഴ്ചകളിൽ ആശാസ്യമല്ലാത്ത പ്രസിദ്ധീകരണങ്ങൾ വളരെപ്പേരുടെ മാനസികഭക്ഷണമായിത്തീരുന്ന വസ്തുതയെപ്പററി നാം വിലപിക്കുകയും, സജ്ജനങ്ങൾ അവരുടേയും അവരുടെ സന്താനങ്ങളുടേയും രക്ഷയ്ക്കായി ഏതാദൃശമായ പ്രസിദ്ധീകരണങ്ങളെ അവരുടെ ഭവനങ്ങളിൽനിന്നുച്ചാടനം ചെയ്യുമെന്നു പ്രതീക്ഷിക്കുകയും അങ്ങിനെ ചെയ്യണമെന്നു അഭ്യർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു."

## പുതിയ ഭൂഗർഭാലയങ്ങൾ കണ്ടെത്തി

റോമിലെ പാരിയോളി ഡിസ്ട്രിക്റ്റിൽ വെള്ളക്കുഴലുകൾ സ്ഥാപിക്കുന്നതിനു കുഴിച്ചുകൊണ്ടിരുന്നപ്പോൾ മുക്കാൽ ശതാബ്ദത്തിലധികംകാലം അജ്ഞാതമായി കിടന്നിരുന്ന ഒരു ഭൂഗർഭാലയസംവിധാനം കണ്ടുപിടിച്ചിരിക്കുന്നു. 1865 ൽ അതു കണ്ടുകിട്ടിയതാണ്. പക്ഷെ 1872 ഓടടുത്തുണ്ടായ ഒരു മണ്ണിടിയൽമൂലം അതു അപ്രത്യക്ഷമായി. അതു വിശുദ്ധ പമ്പീലൂസിൻെറ ഭൂഗർഭാലയത്തിൻെറ ഭാഗമായിരിക്കാമെന്നാണ് കരുതപ്പെട്ടിരുന്നതു്. എങ്കിലും അതു തെളിച്ചെടുത്തപ്പോൾ ഇതേപ്പററി അറിവൊന്നും ലഭിച്ചില്ല. പൂർവ്വറോമാപ്പട്ടണത്തിൻെറ ചുററിലുമായുണ്ടായിരുന്ന 300-ൽപരം ഭൂഗർഭാലയവലയത്തിൻെറ ഒരു ഭാഗമാണ് പുതുതായി കണ്ടെത്തിയിട്ടുള്ളതു്. അതു നിരപ്പിൽനിന്നു ഉദ്ദേശം 24 അടി താഴെയാണ് സ്ഥിതിചെയ്യുന്നതു്. അതിൻെറ സ്ഥാപനകാലം 4-ാംനൂററാണ്ടിലായിരിക്കണമെന്നു വിശ്വസിക്കപ്പെടുന്നു. പഴയനിയമത്തേയും പുതിയനിയമത്തേയും അടിസ്ഥാനമാക്കിയിട്ടുള്ളതും മറെറാരിടത്തും കാണാത്തതുമായ പല ചിത്രീകരണങ്ങളും അതിൽ കാണുവാനുണ്ടു്.

## കർദ്ദി. മിൻസെന്തി എവിടെ?

അത്യുന്നത കർദ്ദിനാൾ മിൻസെന്തി തിരുമേനിയെ മോചിപ്പിച്ചുവെന്ന വാർത്ത പുറത്തുവിട്ടിട്ടിപ്പോൾ രണ്ടുമാസം കഴിഞ്ഞിരിക്കുന്നു. എങ്കിലും ഇന്നുവരേയും അതേപ്പററി വിശ്വാസയോഗ്യമായ യാതൊരറിവും കിട്ടിയിട്ടില്ല. വത്തിക്കാൻ പത്രമായ ഒസ്സെർവത്തോരെ പറയുന്നതു് തിരുമേനിയുടെ സാഹചര്യങ്ങളിൽ യാതൊരു വ്യത്യാസവും വന്നിട്ടില്ലെന്നുവേണം വിശ്വസിക്കുവാൻ എന്നാണ്. "കമ്മ്യൂണിസത്തിൻെറയും അതിൽനിന്നും അഭിനിവേശം സ്വീകരിക്കുന്ന ഭരണകൂടങ്ങളുടേയും മനോഭാവത്തിനു യാതൊരു വ്യത്യാസവും വന്നിട്ടില്ല" എന്നാണ് പ്രസ്തുത പത്രലേഖനം സമാപിക്കുന്നതു്.



തിരുസഭാചരിത്രം 83

# ഐർലണ്ടിന്റെ അപ്പോസ്തലനായ വിശുദ്ധ പാട്രിക്കു്

[പ്രൊഫസർ പി. ററി. തോമസ്]

റോമാസാമ്രാജ്യവിധാതാക്കളുടെ പാദസ്പർശമേല്ക്കാതെയും റോമൻ പരിഷ്കാരത്തിന്റെ ഉൽകൃഷ്ടമായ നേട്ടങ്ങളിലോ ഗർഹണീയമായ അധഃപതനത്തിലോ പങ്കാളിയാകാതെയും യൂറോപ്പിൽ സംഭവിച്ചുകൊണ്ടിരുന്ന രാഷ്ട്രീയവും സാമൂഹ്യവുമായ പരിവർത്തനങ്ങളിൽ നിന്നെല്ലാം വിട്ടകന്നും നിന്നിരുന്ന ഒരു ചെറിയ രാജ്യമാണു് ഐർലണ്ടു്. എന്നാൽ ബ്രിട്ടൻ, ഗാൾ, സ്പെയിൻ എന്നീ രാജ്യങ്ങളുമായി ഐർലണ്ടു പുരാതനകാലംമുതല്ക്കുതന്നെ കച്ചവടബന്ധത്തിൽ ഏർപ്പെട്ടിരുന്നു. ബ്രിട്ടന്റെ പശ്ചിമതീരത്തു് ചില സ്ഥാനങ്ങളിൽ ഐർലണ്ടുകാർ കുടിയേറിപ്പാർക്കുകയും ചെയ്തിരുന്നു. കൂടാതെ ഇടയ്ക്കിടയ്ക്കു് അവർ വെയിത്സിലും സ്കോട്ടുലണ്ടിലും ആക്രമണങ്ങൾ നടത്തുകയും അക്കാലത്തു് പ്രചാരത്തിലിരുന്ന അടിമവ്യാപാരത്തിൽഏർപ്പെടുകയും ചെയ്തിരുന്നു. മററു രാജ്യങ്ങളുമായി പുലർത്തിയിരുന്ന ഈദൃശബന്ധങ്ങൾ മുഖേനയായിരിക്കണം ഐർലണ്ടുകാർ ക്രിസ്തുമതത്തെപ്പററി അറിയുവാൻ ഇടയായതും ക്രിസ്തീയവിശ്വാസം ആ ദ്വീപിൽ പ്രവേശിച്ചതും.

ഏതായാലും അഞ്ചാം ശതാബ്ദത്തിന്റെ മദ്ധ്യഘട്ടത്തിനു മുൻപു ഐർലണ്ടിൽ ക്രൈസ്തവസമൂഹങ്ങൾ ഉണ്ടായിരുന്നു എന്നുള്ളതു് തർക്കമററ സംഗതിയാണു്. ഏ. ഡി. 431ൽ ഒന്നാം സെലസ്റ്റിൻ മാർപ്പാപ്പാ (St· Celestine I) പല്ലാദിയൂസ് (Palladius) എന്ന ശെമ്മാശനെ മെത്രാനായി വാഴിച്ചു് "ക്രിസ്തുവിൽ വിശ്വസിച്ചിരുന്ന ഐർലണ്ടുകാരുടെ" പക്കലേക്കു് അയക്കുകയുണ്ടായി. പല്ലാദിയൂസ് ഐറിഷ്ദ്വീപിലെ വിക്ലോ (Wicklow) എന്ന സ്ഥലത്തു് ഇറങ്ങുകയും അവിടെ മൂന്നു് ചെറിയ ക്രൈസ്തവസമൂഹങ്ങൾക്കു് അടിസ്ഥാനമിടുകയും ചെയ്തു. ഒരു വർഷക്കാലത്തെ പ്രേഷിതപ്രവർത്തനങ്ങൾക്കു ശേഷം തന്റെ പ്രയത്നങ്ങൾ പ്രതീക്ഷാനുസരണം വിജയിക്കുന്നില്ലെന്നു ബോദ്ധ്യമായതിനാൽ അദ്ദേഹം മടങ്ങിപ്പോകുകയാണുണ്ടായതു്.

പല്ലാദിയൂസിന്റെ അനന്തരഗാമിയായി നിയമിതനായതു് ഐർലണ്ടിന്റെ അപ്പോസ്തലനായി തദ്ദേശവാസികൾ ഇന്നും ആദരിച്ചുപോരുന്ന വി. പാട്രിക്കു് ആണു്. ഐറിഷ്ദ്വീപിൽ ആകമാനം ക്രിസ്തീയവിശ്വാസം പ്രചരിപ്പിക്കുകയും ക്രിസ്തുമതത്തിനു് അവിടെ സ്ഥിരപ്രതിഷ്ഠ നേടിക്കൊടുക്കുകയും ചെയ്തതു് പ്രശസ്തനായ ഈ പ്രേഷിതവര്യനാണു്.

വി. പാട്രിക്കു് ഏ. ഡി. 389-ാമാണ്ടോടടുത്തു ബ്രിട്ടണിലെ റോമൻ പ്രവിശ്യയിൽ ജനിച്ചു. പിതാവായ കാൽപേർണിയൂസ് (Calpurnius) അദ്ദേഹം അധിവസിച്ചിരുന്ന നഗരത്തിലെ മുനിസിപ്പൽ കൗൺസിലിൽ ഒരംഗമായിരുന്നു. തദ്ദേശഭരണത്തെ സംബന്ധിച്ചിടത്തോളം വളരെ ഉത്തരവാദിത്വമുള്ള ഒരു സ്ഥാനമായിരുന്നു അതു്. അക്കാലത്തു ഉയർന്ന സിവിൽ ഉദ്യോഗങ്ങൾ പ്രശസ്തമായി വഹിക്കുന്നവരെ വൈദികസ്ഥാനങ്ങളിലേക്കു നിയമിക്കുന്ന ഒരു പതിവുണ്ടായിരുന്നു. അതനുസരിച്ചു് പാട്രിക്കിന്റെ പിതാവിനു ശെമ്മാശുപട്ടം നൽകുകയുണ്ടായി. വിശുദ്ധന്റെ കുടുംബം കുലീനവും സമ്പൽസമൃദ്ധവുമായിരുന്നതിനാൽ അതിനു് സമുദായശ്രേണിയിൽ ഉന്നതമായ ഒരു നിലയുണ്ടായിരുന്നു.

അക്കാലത്തു് ബ്രിട്ടണിൽ റോമാസാമ്രാജ്യത്തിന്റെ ശക്തി ക്ഷയോന്മുഖമായി തീർന്നിരുന്നതിനാൽ ഐറിഷ്കാരായ കവർച്ചസംഘങ്ങൾ അവിടെ പലപ്പോഴും ആക്രമണങ്ങൾ നടത്തുകയും വിലപിടിച്ച വസ്തുവകകളെയും ആളുകളെയും അപഹരിച്ചു കൊണ്ടുപോവുകയും ചെയ്തിരുന്നു. ഈദൃശമായ ഒരാക്രമണവേളയിൽ ബാലനായ പാട്രിക്കു് കവർച്ചക്കാരുടെ കൈയിൽ പെടുകയും അവർ അദ്ദേഹത്തെ ഐർലണ്ടിൽ കൊണ്ടുചെന്നു് ഒരു പ്രഭുവിനു് വില്ക്കുകയും ചെയ്തു. അയാൾ പാട്രിക്കിനെ കന്നുകാലികളെ മേയ്ക്കുന്ന ജോലിയിൽ ഏർപ്പെടുത്തി. അന്നു് അദ്ദേഹത്തിനു് പതിനാറു വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ആറു സംവത്സരക്കാലം പാട്രിക്കു് പ്രഭുവിന്റെ അടിമയായി കഴിച്ചുകൂട്ടി. ഒരു ക്രിസ്ത്യാനിയായിട്ടാണു് ബാലൻ വളർന്നതെങ്കിലും അതുവരെയും അവനു് മതകാര്യങ്ങളിൽ വലിയ ശ്രദ്ധയില്ലായിരുന്നു. എന്നാൽ കേവലം ഒരടിമയായി കന്നുകാലിമേച്ചുകൊണ്ടു് കുന്നിൻപുറങ്ങളിൽ അലഞ്ഞു നടന്നിരുന്ന അക്കാലത്തു് അദ്ദേഹത്തിന്റെ ഹൃദയത്തിൽ വലിയ ഒരു പരിവർത്തനം സംഭവിച്ചു. ദൈവത്തോടും മതകാര്യങ്ങളോടും മുൻപുണ്ടായിരുന്ന മനോഭാവം പാടേ മാറി. ഈ ആന്തരികപരിവർത്തനത്തെപ്പററി വി. പാട്രിക്കു് തന്റെ ആത്മകഥയിൽ (Confessions) ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "എനിക്കു് അന്നു് ഏതാണ്ടു പതിനാറു വയസ്സു പ്രായമായിരുന്നു. സത്യമായ ദൈവത്തെ ഞാൻ അറിഞ്ഞിരുന്നില്ല. മററു അനേകായിരം ആളുകളോടുകൂടി അവർ എന്നെയും പിടിച്ചു അടിമയായി ഐർലണ്ടിലേക്കു കൊണ്ടുപോയി. അവിടെവച്ചു്, വിശ്വാസശൂന്യമായിരുന്ന എന്റെ ഹൃദയത്തിന്റെ ഗ്രഹണകവാടങ്ങളെ കർത്താവു തുറന്നു. അങ്ങിനെ, കുറെ വൈകിയിട്ടാണെങ്കിലും എന്റെ തെററുകൾ മനസ്സിലാക്കുന്നതിനും, എന്റെ ഹൃദയത്തെ പൂർണ്ണമായി ദൈവത്തിങ്കലേക്കു തിരിക്കുന്നതിനുമുള്ള കഴിവു് അവിടുന്നു് എനിക്കു നൽകി. പിതാവു പുത്രനെയെന്നപോലെ അവിടുന്നു എന്നെ സംരക്ഷിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തു. കാലിമേച്ചുകൊണ്ടു കുന്നിൻപുറങ്ങളിൽ നടന്നിരുന്നപ്പോൾ ഞാൻ ഇടവിടാതെ പ്രാർത്ഥിക്കുവാൻ തുടങ്ങി. ദൈവത്തോടുള്ള സ്നേഹവും ഭയവും എന്നിൽ വർദ്ധിച്ചുവന്നു. എന്റെ വിശ്വാസം കൂടുതൽ ദൃഢമായിത്തീരുകയും എന്റെ ആത്മാവു് ഒരു നവചൈതന്യം കൈക്കൊള്ളുകയും ചെയ്തു. പകൽ ഒരു നൂറു പ്രാർത്ഥനകൾ ഞാൻ ചൊല്ലിയിരുന്നു രാത്രിയിൽ വീണ്ടും അത്രയും ചൊല്ലും. വനാന്തരങ്ങളിലും പർവ്വതങ്ങളിലും പ്രാർത്ഥനാനിമഗ്നനായിഞാൻ ദിവസങ്ങൾ കഴിച്ചിരുന്നു. മഞ്ഞായാലും കൊള്ളാം മഴയായാലും കൊള്ളാം പ്രഭാതത്തിനു മുൻപു് ഞാൻ ഉണർന്നു് വീണ്ടും പ്രാർത്ഥനയിൽ ലയിക്കും. എന്റെ ആത്മാവിന്റെ തീക്ഷ്ണത എന്നെ ഉത്സാഹഭരിതനാക്കിത്തീർത്തു."

(തുടരും)

# പാപിയുടെ കടമ

(പള്ളിപ്രം സി. കെ. ചന്ദ്രശേഖരൻനായർ)

ഓമനക്കുട്ടൻ

രണ്ടു പുത്രരുമൊത്തു വാണിരു
പണ്ടൊരു വൃദ്ധകർഷകൻ.
തന്നുടെ മൂത്തപുത്രനോടച്ഛ-
നന്നൊരുദിന മോതിനാൻ
"പൊന്നുമോനേ, യാമുന്തിരി-
ത്തോപ്പി-
ലൊന്നുപോയിപ്പണിയുനീ."
"സമ്മതമില്ലെ"ന്നായിരുന്നതി-
ന്നമ്മകനുടെയുത്തരം
അച്ഛനോടിതു ചൊന്നതിലവൻ
പശ്ചാത്താപത്തിൽ മുങ്ങിനാൻ.
സന്തപിച്ചു പണിയുവാനെത്തി
മുന്തിരിത്തോപ്പിലാമകൻ.
മൂത്തപുത്രന്റെ വാക്കുകേട്ടിട്ടു
ഏത്തുരുകിയ കർഷകൻ,
തന്നിളയമകനോടും ചെന്നു
ചൊന്നു പോയിപ്പണിയുവാൻ.
"ഞാനിതാപോകു"ന്നെന്നവ-
നച്ഛ-
നാനന്ദം നൽകിയെങ്കിലും,
താതനോടു പറഞ്ഞതല്ലാതെ
ചെയ്തതില്ലവനത്തൊഴിൽ!
വാസ്തവത്തിൽ പിതാവിനി-
ഷ്ടമാ-
മൂത്തപുത്രനോടല്ലയോ?
ചെയ്തതെററിനു കേണു, കർത്ത-
വ്യം
ചെയ്യിലീശനുമിഷ്ടമാം!

ആഖ്യായിക

# ബറാബാസ്



അദ്ധ്യായം 9 (തുടർച്ച)

## 'നിങ്ങളുടെ പിതാവു കൃപാലുവാകുന്നതുപോലെ നിങ്ങളും കൃപാലുക്കളാകുവിൻ'

[വി. സി. ജോർജ്ജ് ബി. ഏ. എൽ. ററി]

രോഗിക്കുപ്രഥമശുശ്രൂഷചെയ്യുന്നതിൽ ജോസഫിനെ മർത്താസ സഹായിച്ചിരുന്നതിന്നിടയിൽ, "ഇയാളുടെ സ്ഥിതി അത്യപകടകരമാണോ?" എന്നവൾ ചോദിച്ചു.

"വളരെ! കരളിനു കേടുപാറിയിട്ടുണ്ടെന്നു മാത്രമല്ലാ ഒട്ടുവളരെ രക്തധാരയുമുണ്ടായി. ഇത്രയൊക്കെയായിട്ടും ജീവിക്കുന്നതു് അയാളുടെ ശരീരഘടനയുടെ മേന്മകൊണ്ടത്രെ."

"ഗുരു ഇവിടെ ഇല്ലാത്തതു് മഹാ കഷ്ടംതന്നെ. അവിടുന്നു ഈ സാധുവിനെ രക്ഷിക്കുമായിരുന്നു."

ജോസഫ് യാതൊരഭിപ്രായവും പുറപ്പെടുവിച്ചില്ല. തൊട്ടതിനും തൊടുന്നതിനുമൊക്കെ നസ്രായനായ ഈശോ 'അത്ഭുതം പ്രവർത്തിച്ചുകൊള്ളട്ടെ'യെന്ന മനസ്ഥിതി ജോസഫിന്റെ ദൃഷ്ടിയിൽ ആദരണീയമല്ലായിരുന്നു. അതിലുമുപരിയായ സ്ഥാനമായിരുന്നു നസ്രായന്റെ അത്ഭുതകൃത്യങ്ങൾക്കു ജോസഫ് കല്പിച്ചതു്.

മുറിവേററവൻ ഉഗ്രമായ പനിയോടുകൂടി കഴിഞ്ഞു. അയാളുടെ അടുക്കൽ ജോസഫും, ലാസറസും, സഹോദരിമാരും മാറിമാറി ഉറക്കമിളച്ചു് കാവലിരുന്നു. എസ്രാസ്സു് അനങ്ങുവാൻ സാധിച്ചില്ല. മാംസരഹിതമായ അയാളുടെ കൈകളും വിരലുകളും കിടക്കയിലെ വെളുത്ത വിരിപ്പിനുപരി ചിലപ്പോഴൊക്കെ ഇഴയുകയും വലിയുകയും ചെയ്തിരുന്നു. വാ പൊളിഞ്ഞിരുന്നു. വേർപെട്ടിരുന്ന അധരങ്ങൾ അർത്ഥഹീനമായ ശബ്ദം ചിലപ്പോഴൊക്കെ പുറപ്പെടുവിക്കുകയും ചെയ്തു.

സംസ്കാരസമ്പന്നന്മാരായ എല്ലാവർക്കുംതന്നെ അക്കാലത്തു അല്പസ്വല്പം ചികിത്സമുറ അറിയാമായിരുന്നു. ആകയാൽ ലാസറസും ജോസഫുമായി ആലോചിക്കുകയും രോഗിക്കു് ആയുസ്സു കിട്ടിയില്ലെങ്കിലും ആശ്വാസം ലഭിക്കുമാറു്, വേദന കുറയുമാറു്, ചില പ്രയോഗങ്ങൾ നിശ്ചയിക്കുകയും ചെയ്തു. ഇന്ത്യയിൽനിന്നു കിട്ടിയ ഏതോ ഒരു വൃക്ഷത്തൊലി വളരെ ഫലപ്രദമായ ഒരൗഷധമായി ലാസറസ് സൂക്ഷിച്ചിരുന്നു. അതു ചതച്ചു് വെള്ളത്തിൽ വെന്തു് രോഗിയുടെ ഉപയോഗത്തിനുള്ള കഷായമാക്കി. ദ്രാവകം രോഗിയുടെ ഉള്ളിലാക്കുവാൻ വളരെ ബുദ്ധിമുട്ടവക്ക വേണ്ടിവന്നു. ബലംപ്രയോഗിച്ചു് വായ്പൊളിച്ചു്, തൊണ്ടയിലൊഴിച്ചു് കുറെയൊക്കെ അകത്തുചെലുത്തി. മുറിവുകളിൽ ഏതോ പച്ചമരുന്നു പുരട്ടി കെട്ടുകൾ ഭദ്രമാക്കുന്നതിൽ ജോസഫ് വ്യാപൃതനായിരുന്നു. ഇതിന്റെയൊക്കെ ഫലമായി പ്രഭാതമായപ്പോഴേക്കും രോഗിയുടെ നില ആശാവഹമായിത്തീർന്നു. സ്നേഹിതന്മാരിരുവരും എസ്രായുടെ സമീപത്തുണ്ടായിരുന്നു.

"ലാസറസ്, ഇന്നു ശാബതയാണെന്നുള്ള കാര്യം വിസ്മരിച്ചോ?" ജോസഫ് മന്ദസ്മിതപൂർവ്വം ചോദിച്ചു.

"നിങ്ങളുടേയും ശാബതയാണല്ലോ" ലാസറസ് സമാധാനം നൽകി.

"സാദുസ്സികളായ ഞങ്ങൾ ശാബതകാര്യത്തിൽ ഫരിസേയരായ നിങ്ങളെപ്പോലെ നിഷ്കർഷയുള്ളവരല്ലാ."

ലാസറസ് സ്നേഹിതന്റെ തോളിൽ കൈവച്ചുകൊണ്ടു് സംസാരം തുടർന്നു: "നമുക്കിരുവർക്കും പ്രമാണവാക്യം നമ്മുടെ രക്തത്തിലുള്ളതാണെങ്കിലും ഗുരുവിന്റെ ഉപദേശം നമ്മെ അനുസ്മരിപ്പിക്കുവാൻ കവർച്ചക്കാരനായ ബറാബാസ് വേണ്ടിവന്നുവെന്നുള്ളതു് വിചിത്രമത്രെ. ഏതായാലും സ്നേഹിതാ, പ്രമാണത്തെക്കാൾ അധികം കാര്യമായിട്ടുള്ളതു് സ്നേഹമാണെന്നുള്ള സംഗതി മേലിലെങ്കിലും നമ്മുടെ ഹൃത്തടങ്ങളിൽ ആഴത്തിൽ പതിയേണ്ടതാണു്."

വിശ്രമത്തിനുള്ള അടുത്ത മുറ ജോസഫിന്റേതായിരുന്നു. വിശ്രമാനന്തരം ജോസഫ് രാവിലെതന്നെ ജറുസലേമിലേക്കു മടങ്ങി. മാർഗ്ഗമദ്ധ്യേ മഞ്ഞു് നിശ്ശേഷം നീങ്ങിയതായി കണ്ടു. കടൽക്കാററു്, അന്തരീക്ഷത്തെ ചൂടുപിടിപ്പിച്ചു ഊതിക്കൊണ്ടുമിരുന്നു.

എസ്രായെ പരിചരിക്കുക ലാസറസിനേയും സഹോദരിമാരേയും സംബന്ധിച്ചിടത്തോളം ക്ലേശരഹിതമായിരുന്നില്ല. രോഗലക്ഷണങ്ങൾ കുറഞ്ഞു്, ബോധം തെളിഞ്ഞതോടുകൂടി അയാളെ സമാധാനപ്പെടുത്തുക പ്രയാസമായിത്തീർന്നു. മൂന്നുപേരിലും കൂടുതൽ ദൃഢനിശ്ചയത്തോടുകൂടിയ പ്രകൃതി മർത്താസ്സായിരുന്നു. മർത്താ


# മലബന്ധവും മററു രോഗങ്ങളും.

രണ്ടും മൂന്നും ദിവസംവീതം കൂടുമ്പോഴായും, അല്പമായും, വളരെ താമസത്തോടുകൂടിയും, വളരെ വരണ്ടും മലം പോകുന്നതുകാരണം ഉദരത്തിങ്കലുള്ള വായുവിന്റെ കീഴ്പോട്ടുള്ള ഗതി കുറയുകയും (വായുസ്തംഭനം-ഗ്യാസ്ട്രബിൾ-അനുഭവപ്പെടുകയും), തദ്വാര ദേഹത്തിലെ ഉഷ്ണാംശം (പിത്തം) ക്രമംവിട്ടു് വർദ്ധിക്കുകയും, കഫവും രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ സപ്തധാതുക്കളും ഉരുകുകയും ദുഷിക്കുകയും വരണ്ടുപോവുകയും ചെയ്യുന്നു. മലത്തിന്റേയും വായുവിന്റേയും തടസ്സംമൂലം ഇങ്ങനെ ഉരുകിയും ദുഷിച്ചും സ്വസ്ഥാനങ്ങളിൽനിന്നിളകി ഉദരത്തിങ്കലേക്കു് ചെന്നുകൊണ്ടിരിക്കുന്ന കഫത്തിന്റേയും ധാതുക്കളുടേയും അംശങ്ങൾക്കു് മലത്തോടുകൂടി യഥാസമയം പുറത്തുപോകുവാൻ സാധിക്കാതെ വരിക നിമിത്തം ആ ദുർനീരുകൾ കുടലുകൾക്കുള്ളിൽ തന്നെ പററിച്ചേർന്നുനിന്നുകൊണ്ടു് തടിപ്പുകളായും കുരുക്കളായും (അർശസ്സ്-മൂലക്കുരു) രൂപാന്തരപ്പെടുന്നു. ഇതുമുതൽ മലം നാടപോലെ കനംകുറഞ്ഞു് പോവുക, രക്തംകലർന്നു് പോവുക മുതലായ ലക്ഷണങ്ങളോടുകൂടി മലബന്ധവും, വായുസ്തംഭനവും, ചൂടും പുവ്വാധികം വർദ്ധിക്കുകയും ഇവയിൽനിന്നുത്ഭവിക്കുന്നവകളായ നീർവീഴ്ച, ചുമ, നീരിറക്കം, പനി, ക്ഷയം, ഏമ്പക്കൽ, നെഞ്ചുവേദന, വയറുവേദന, അസ്ഥിസ്രാവം, പ്രമേഹം, രക്തദൂഷ്യം മുതലായ നാനാവിധ രോഗങ്ങൾ പിടിപെടുകയും ചെയ്യുന്നു.

നീർവീഴ്ച, ചുമ മുതലായ രോഗങ്ങളുടെ ഉത്ഭവം ഇപ്രകാരമാണെന്നുള്ള വസ്തുത മനസ്സിലാക്കി ചികിത്സിക്കാത്തതുകൊണ്ടാണു് ഔഷധങ്ങൾ പലതും മാറിമാറി ഉപയോഗിച്ചുകൊണ്ടിരുന്നിട്ടും രോഗമാകുന്ന മഹാസമുദ്രത്തിൽനിന്നുകരകയറുവാൻ സാധിക്കാതെ പലരും തങ്ങളുടെ ആയുഷ്കാലം മുഴുവനും നിരാശയോടെ കഴിച്ചുകൂട്ടേണ്ടിവരുന്നതു്

# മലബന്ധവും കാളൻ'സ് ദ്രാക്ഷാഘൃതവും

മലബന്ധവും മററു രോഗങ്ങളും തമ്മിലുള്ള ബന്ധം മേൽവിവരിച്ചപ്രകാരമാണെന്നുള്ളതിന്റെ ദൃഷ്ടാന്തമാണു് മലബന്ധം, അർശസ്സ്, വായുസ്തംഭനം, ഉഷ്ണാധിക്യം എന്നീ മൂലരോഗങ്ങളേയും, വാതത്തേയും, പിത്തത്തേയും ശമിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും, രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ സപ്തധാതുക്കളേയും (ഓജസ്സിനേയും), ജാഠരാഗ്നിയേയും വർദ്ധിപ്പിക്കുന്നതിനും, രക്തത്തെ ശുദ്ധീകരിക്കുന്നതിനും, തടസ്സപ്പെട്ടു് നില്ക്കുന്ന വായു, മലം, മൂത്രം ആർത്തവരക്തം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിനും കഴിവുള്ള ഒരു ഔഷധമാകുന്ന ദ്രാക്ഷാഘൃതം ഉപയോഗിക്കുമ്പോൾ മലബന്ധം, അർശസ്സ്, വായുസ്തംഭനം, ഉഷ്ണാധിക്യം എന്നീ മൂലരോഗങ്ങൾക്കും, ഇവയിൽനിന്നുത്ഭവിക്കുന്നവകളായ നീർവീഴ്ച, ചുമ, പനി, ക്ഷയം മുതലായ നാനാവിധ രോഗങ്ങൾക്കും ശമനം സിദ്ധിച്ചുകൊണ്ടിരിക്കുന്നതായി കാണുന്നതു്. ഈ ഔഷധം പ്രത്യേക പത്ഥ്യം കൂടാതെ ഉപയോഗിക്കാവുന്നതാണെങ്കിലും കൂടുതൽ ഫലസിദ്ധിക്കുവേണ്ടി പയറു്, കടല, മോരു്, മുളകു് മുതലായ രൂക്ഷദ്രവ്യങ്ങളെ സാധിക്കുന്നേടത്തോളം ഉപേക്ഷിക്കുന്നതു് വളരെ ഉത്തമമാണു്

ദ്രാക്ഷാഘൃതം 5/8 (അരേമുക്കാൽ) റാ കുപ്പി 1ക്കു് 4–0–0

5ക. മുതൽ അയക്കുന്നവക്കു് റജിസ്റ്റേർഡു പാർസലായി (പോസ്റ്റൽമാർഗ്ഗം) അയച്ചുകൊടുക്കുന്നതാണു്

N. B. ഈ ഔഷധം കണ്ണൂർ, തലശ്ശേരി, കോഴിക്കോടു്, പാലക്കാടു്, കോയമ്പത്തൂർ, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരു-കൊച്ചിയിലും മദ്രാസ് സംസ്ഥാനത്തിലുമുള്ള 160-ൽപരം ഏജൻസികൾ വഴിയായും, ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും, സിലോൺ, ബർമ്മ, പേർഷ്യ മുതലായ വിദേശങ്ങളിലും റെയിൽവെ മാർഗ്ഗമായും, തപാൽ മാർഗ്ഗമായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

# കാളൻ, നെല്ലായി.


എറണാകുളം സെൻറു് മേരീസ് കോൺവൻറു് ഹൈസ്കൂളിൽ പതിവായി പൂജാ ഒഴിവുദിവസങ്ങളിൽ നടത്തിവരാറുള്ള മുതിർന്ന കുട്ടികൾക്കായുള്ള ഏകാന്തധ്യാനം അടുത്ത ഒക്ടോബർ 13-ാംനു വൈകുന്നേരം ആരംഭിക്കുന്നതും 17-ാം തീയതി രാവിലെ അവസാനിക്കുന്നതും ആണു്.

സുപ്രസിദ്ധ ധ്യാനപ്രാസംഗികനായ റവ. ഫാദർ ഫെലിക്സ് ഒ. സി. ഡി. അവർകളാണു് ധ്യാനഗുരു.

ഭക്ഷണച്ചിലവു് 5 ക.

ടെ നിർബന്ധംമൂലം എസ്രാ ഒരു വിധം ശാന്തമായിക്കഴിഞ്ഞു. അയാൾ സംസാരിക്കുകയാകട്ടെ അനുഭവിച്ച സഹായശുശ്രൂഷകൾക്കു നന്ദിപ്രകടിപ്പിക്കുകയാകട്ടെ ഉണ്ടായില്ല. തന്നെ അത്ര കാര്യമായി പരിചരിച്ച അപരിചിതരെ ചിലപ്പോഴൊക്കെ അയാൾ തുറിച്ചുനോക്കിയിരുന്നു. കൂട്ടിലാണെങ്കിലും സർവ്വവിധ പരിരക്ഷണവും അനുഭവിക്കുന്ന ഒരു വന്യമൃഗം അതിൻെറ ബന്ധനാവസ്ഥയെപ്പററിമാത്രം ചിന്തിക്കുന്ന രീതിയിൽ എസ്രാ അവിടെ ജീവിച്ചു. എസ്രായുടെ അനാരോഗ്യദിവസങ്ങളിൽ രാത്രിതോറും ബറാബാസിൻെറ അനുചരന്മാരിൽ രണ്ടുപേർ അവിടെയെത്തി വിവരങ്ങൾ ഗ്രഹിച്ചിരുന്നു. വാരമദ്ധ്യത്തിൽ ബറാബാസ് വേഷപ്രച്ഛന്നനായി ഒരു സന്ദർശനം നടത്തുകയും കാര്യങ്ങൾ നേരിട്ടു ഗ്രഹിക്കുകയും ചെയ്തുപോന്നു. ഒരിക്കൽ മർത്താ ബറാബാസിനെ എസ്രായുടെ മുറിയിലേക്കാനയിച്ചപ്പോൾ മറിയ ഏതോ പോഷകദ്രാവകം രോഗിക്കു കൊടുത്തശേഷം അയാളുടെയടുത്തു് ഇരിക്കുകയായിരുന്നു. ആ കുമാരിയെ മന്ദസ്മിതത്തിൽ അഭിവാദ്യം ചെയ്തശേഷം കുശലപ്രശ്നത്തിനായി ബറാബാസ് എസ്രായെ സമീപിച്ചു: "എസ്രാ, എന്നെ മനസ്സിലായോ?"

രോഗി മനസ്സിലായ ഭാവത്തിൽ ആംഗ്യംകാണിച്ചു. തല അനക്കുവാൻ കഴിയാതിരുന്നതിനാൽ കണ്ണുകാണിച്ചുവെന്നു വേണമെങ്കിൽ പറയാം.

"തൻെറ സുഖക്കേടിനു വളരെ കുറവുണ്ടു്. തനിക്കു സുഖകരമായ ആഹാരവും പരിപാലനവും ലഭിക്കുന്നുമുണ്ടു്. പാളയത്തിലുള്ളവരെല്ലാവരും, ഞാനും താൻ വേഗത്തിൽ തിരിച്ചുവരുവാൻ കാത്തിരിക്കുകയാണു്. ഒരു കാര്യംകൂടെ അറിയുവാൻ തനിക്കു സന്തോഷമുണ്ടാകും. നമ്മെ അന്നാക്രമിച്ച റോമൻപട്ടികളിലൊരുവനെങ്കിലും അവിടെനിന്നു ജീവനോടുകൂടി പിരിഞ്ഞില്ല."

എസ്രായുടെ കൺപോളകൾ അടഞ്ഞു. എങ്കിലും ആനന്ദത്തിൻെറ വേലിയേററം അയാളുടെ ആനനത്തിൽ കാണാമായിരുന്നു.

"ആളുകൾ കൊല്ലപ്പെട്ടുവെന്നറിഞ്ഞപ്പോൾ ഇയാൾ ആനന്ദിക്കുവാനെന്താണു ബന്ധം?" മറിയ മെല്ലെ ചോദിച്ചു.

വിസ്മയപൂർവ്വം ബറാബാസ് അവരെ നോക്കി: "അവർ, കൊല്ലപ്പെട്ടവർ, ഞങ്ങളുടെ കൊടിയ ശത്രുക്കളാണു്," എന്നിങ്ങനെ ഉത്തരം നൽകി.

"ഗുരു പറയുന്നതു് നിങ്ങൾ കേട്ടിട്ടില്ലേ. ശത്രുക്കളെ സ്നേഹിക്കുവിൻ, നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ, നിങ്ങളെ വെറുക്കുന്നവർക്കു നന്മചെയ്യുവിൻ, ദ്രോഹബുദ്ധിയോടുകൂടി പ്രവർത്തിച്ചു നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ" എന്നിങ്ങനെയാണു് അവിടത്തെ ഉപദേശം." (തുടരും)






# പുനരൈക്യപ്രത്യവലോകനം

## 1930-ാമാണ്ടിനു മുമ്പ്

[കെ. എം. ഈശോ, ഓമല്ലൂർ]

(തുടർച്ച)

### പുനരൈക്യപിന്മാററം

കൂനൻകുരിശു സത്യത്തിനുശേഷം തങ്ങളുടെ നിലപാടിനെപ്പററിയുള്ള ആശങ്കയുടെ ഫലമായി 1-ാം മാർത്തോമ്മാ മുതൽ 150 കൊല്ലം മുമ്പുവരെയുള്ള സഭാദ്ധ്യക്ഷന്മാർ പുനരൈക്യത്തിനു അതിയായി അഭിലഷിക്കയും ശക്തിയായി ശ്രമിക്കയും ചെയ്തിരുന്നെങ്കിലും സ്വാർത്ഥപരമായ അവരുടെ ഉദ്ദേശങ്ങൾ സാധിക്കാത്തതുകൊണ്ടു് പുനരൈക്യവേദിയിൽ കയറുന്നതിനു അവർക്കാർക്കും ഭാഗധേയം സിദ്ധിച്ചില്ല. മറ്റിനുമായുള്ള യാക്കോബായബന്ധം ക്രമേണ മുറുകിക്കൊണ്ടുമിരുന്നു. 6-ാം മാർത്തോമ്മ 1772-ൽ നിരണത്തു പള്ളിയിൽവച്ചു മാർ ഗ്രിഗോരിയോസ്, മാർ ഈവാനിയോസ് എന്നീ യാക്കോബായ മെത്രാന്മാരിൽനിന്നും മെത്രാൻപട്ടമുൾപ്പെടെ എല്ലാ പട്ടങ്ങളുമേററു് 1-ാം മാർ ദിവന്നാസ്യോസായി ഭരണവുംതുടങ്ങി. 1-ാം മാർത്തോമ്മാ മുതൽക്കുള്ള സഭാദ്ധ്യക്ഷന്മാർ പട്ടത്വത്തിൻെറ അസാധുതയെപ്പററി ബോദ്ധ്യമുണ്ടായിരുന്നതിൻെറ ഫലമായി ക്രമാനുസൃതമായ പട്ടമേൽക്കുന്നതിനു പലവിധ ശ്രമങ്ങൾ ചെയ്തിരുന്നു. 6-ാം മാർത്തോമ്മായാണു് ഇതു പരിഹരിച്ചു വാസ്തവമായ പട്ടമേററതു്. മാർത്തോമ്മാശ്ലീഹായുടെ പിൻഗാമികളായി 1-ാം നൂററാണ്ടുമുതൽ ഇവിടെ ഭരണംനടത്തിയിരുന്നുവെന്നു അഭിമാനിക്കുന്ന യാക്കോബായസഹോദരങ്ങൾ തങ്ങൾക്കു മാർത്തോമ്മാ എന്ന പേരിൽ സഭാദ്ധ്യക്ഷന്മാരെ സൃഷ്ടിക്കുന്നതു് 1653 ലെ കൂനൻകുരിശു സത്യത്തിനുശേഷമാണെന്നുള്ളതു് ചിന്താർഹമായ വസ്തുതയാണു്. ഇതു നവീകരണസഭ, "മാർത്തോമ്മാസഭ"യായി നാമാന്തരപ്പെട്ടു് സംതൃപ്തിയടഞ്ഞിരിക്കുന്നതുപോലെയല്ലേ? യാക്കോബായ കുർബ്ബാനതക്സാ ഇവിടെ കൊണ്ടുവന്നു നടപ്പാക്കിയതു് 1772 നുശേഷം മാർ ഈവാനിയോസായിരുന്നു. എന്നാൽ ആരാധനക്കു കൽദായസുറിയാനിയാണു് ഇതിനുശേഷവും പലരും പലയിടത്തും ഉപയോഗിച്ചുകൊണ്ടിരുന്നതു്. പട്ടക്കാർ അവിവാഹിതരുമായിരുന്നു. പിന്നീടു് സി. എം. എസ്. കാരുടെ കൂട്ടുകെട്ടാണു് അതിനെ ഭേദപ്പെടുത്തിയതു്.

പട്ടത്വത്തിൻെറ കുറവു പരിഹരിച്ചശേഷവും 1-ാം മാർ ദിവന്നാസ്യോസ് മുൻഗാമികളേക്കാൾ കൂടുതലായി പുനരൈക്യത്തിനു ആഗ്രഹിച്ചു പ്രവർത്തിച്ചിരുന്നതായും കരിയാററിൽ ജോസഫ് മല്പാൻവശം മാർപ്പാപ്പാക്കു അപേക്ഷകൊടുത്തു റോമിലയച്ചതായും മററും ചരിത്രരേഖകൾ തെളിയിക്കുന്നു. ഈ ദൗത്യവുംകൊണ്ടു റോമ്മായാത്ര ചെയ്ത ജോസഫ്മല്പാൻ, കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്താസ്ഥാനവുമേററു്, ഗോവാ പാത്രിയർക്കീസിൻെറ പ്രതിപുരുഷൻെറ മുമ്പിൽവച്ചു വലിയ മാർ ദിവന്നാസ്യോസിനെ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുന്നതിനുള്ള അധികാരപത്രവും വഹിച്ചുകൊണ്ടു് പോർട്ടുഗലിൻെറ തലസ്ഥാനമായ ലിസ്ബണിൽനിന്നു തിരിച്ചുവരവേ മാർഗ്ഗമദ്ധ്യേ 1786-ൽ ഗോവയിൽവച്ചു അകാലമരണം പ്രാപിച്ചു. തുടർന്നു അഡ്മിനിസ്ട്രേററായി നിയമിക്കപ്പെട്ട പാറേമ്മാക്കൽ തോമ്മാകത്തനാർക്കു അദ്ദേഹത്തെ സ്വീകരിക്കുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനു കാലതാമസം നേരിട്ടു. വീണ്ടും തച്ചിൽ മാത്തുതരകൻേറയും മററും ശ്രമഫലമായി ഇരുകൂട്ടരും ചേർന്നു ഒരു പടിയോലയെഴുതി ഒപ്പിട്ടശേഷം 1799 ജൂൺ 21-ാംനു- ആലപ്പുഴ തത്തംപള്ളി പള്ളിയിൽ വച്ചു് 1-ാം മാർ ദിവന്നാസ്യോസ് പുനരൈക്യപ്പെട്ടെങ്കിലും, ഉദ്ദേശശുദ്ധിയില്ലാതെയുള്ള യോജിപ്പായിരുന്നതിനാൽ അധികം താമസിയാതെ അതിലിടപെട്ടിരുന്നവരെയെല്ലാം നിരാശാഭരിതരാക്കിക്കൊണ്ടു് അദ്ദേഹം പിന്മാറിക്കളഞ്ഞു.

അനന്തരം ഇൻഡ്യയിൽ പ്രാബല്യത്തിൽവന്ന ബ്രിട്ടീഷ് ആധിപത്യത്തിൻെറ ശീതളച്ഛായയിൽ, സി. എം. എസ്. മിഷനറിമാരുടെ വേഴ്ചയും സഹായസഹകരണങ്ങളും മറ്റിൻബന്ധവും ശക്തിപ്പെട്ടുവരികയും ഈസ്റ്റിന്ഡ്യാക്കമ്പനിക്കാർ 8 ശതമാനം പലിശയ്ക്കിട്ട വട്ടിപ്പണത്തിൻെറ—3000 പൂവരാഹൻെറ—10500 രൂപയുടെ ആധാരം റസിഡൻറായിരുന്ന കണ്ണൽ മെക്കാളെയിൽനിന്നു ലഭിക്കയും ചെയ്തതോടുകൂടി സഭാദ്ധ്യക്ഷന്മാരുടെ പുനരൈക്യശ്രമത്തിനു ഒരു വിരാമം നേരിട്ടു. ക്രമേണ സാഹചര്യങ്ങളുടെ സമ്മർദ്ദവും സാമൂഹ്യപ്രശ്നങ്ങളുടെ ഏററുമുട്ടലുകളും ഈ വഴിക്കുള്ള ശ്രമത്തെ അടച്ചുകളഞ്ഞുവെന്നു പറയാം.

### ആധുനിക പുനരൈക്യശ്രമം

ഈവിധം മറ്റിൻബന്ധത്തിലും വട്ടിപ്പണത്തിലും സി. എം. എസ്. സഹായഹസ്തത്തിലും ആശയടഞ്ഞിരുന്ന യാക്കോബായസഭ, തീരാത്ത വ്യവഹാരങ്ങളും ഭിന്നതകളുമുള്ള ഒരു സഭയായി വളർന്നുവന്നു. ഏതാണ്ടു് 75 കൊല്ലംമുമ്പ്, പത്രോസ് പാത്രിയർക്കീസിൻെറ ആഗമനത്തോടുകൂടി യാക്കോബായസഭ, ബാവാ മെത്രാൻ കക്ഷികളായി പിരിഞ്ഞു് പ്രോട്ടസ്റ്റൻറുവിശ്വാസമുടലെടുത്ത ഒരു നവീകരണസഭ ജാതമായി. വീണ്ടും 1910-ാമാണ്ടോടുകൂടി അബ്ദുള്ളാ പാത്രിയർക്കീസിൻെറ മലങ്കരസഭാ സന്ദർശനംമൂലമുണ്ടായ ബാവാമെത്രാൻ കക്ഷിവഴക്കിൽനിന്നും മലങ്കരെ ഒരു ഓർത്തഡോക്സു സഭയും ഉത്ഭവിച്ചു. മതബോധവും തദനുസരണമായ പ്രബുദ്ധതയും വർദ്ധിച്ചിരുന്ന കാലമായിരുന്നു അതു്. പൂർവ്വികവിശ്വാസാചാരങ്ങളിലുള്ള വ്യതിചലനത്തെ സമചിത്തതയോടുകൂടി വീക്ഷിക്കുന്നതിനു മതബോധം യഥാർത്ഥ യാക്കോബായക്കാരെ അനുവദിച്ചിരുന്നില്ല.

നവീകരണസഭയുടെ ആവിർഭാവത്തോടുകൂടി യാഥാസ്ഥിതികന്മാരായ യാക്കോബായക്കാർക്കു അതിൻെറ വിശ്വാസാചാരങ്ങളോടു പടവെട്ടേണ്ടതായിവന്നു. പല പ്രോട്ടസ്റ്റൻറുസഭകൾക്കും ഇവിടം സ്വാഗതമരുളിക്കൊണ്ടിരുന്നു. ഇവയോടുള്ള വെല്ലുവിളിയുടെ ഫലമായി സഭാചരിത്രവും പൂർവ്വികസഭയുടെ വിശ്വാസാചാരങ്ങളും ആരായുന്നതിനും പഠിക്കുന്നതിനും അതിൻെറ തണലിൽ നവീകരണവിശ്വാസാചാരങ്ങളെ എതിർക്കുന്നതിനും ചിലർ മുതിർന്നു. ആ ഉദ്യമത്തിൽ കത്തോലിക്കാ വിശ്വാസാചാരങ്ങളെ പ്രതിപാദിക്കുന്ന ചില ഗ്രന്ഥങ്ങൾ യാക്കോബായ തീവ്രവാദികളായ ചില ചിന്തകന്മാർ വായിക്കാനിടയായി. പണ്ഡിതവരേണ്യനായ ഗിബ്ബൺസ് കർദ്ദിനാളിനാൽ വിരചിതവും പരേതനായ സി. അന്തപ്പായിയാൽ ഭാഷാന്തരീകരണം ചെയ്യപ്പെട്ടതുമായ "നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം അഥവാ സുമാർഗ്ഗപ്രകാശിക" എന്ന വിശിഷ്ടഗ്രന്ഥപാരായണംമൂലം, റോമ്മാസഭയുടെ വിശ്വാസാചാരങ്ങൾ യാക്കോബായസഭയുടേതിൽനിന്നു ഭിന്നമല്ലെന്നു ധരിക്കാനിടയായി. അതിലെ ന്യായവാദങ്ങൾ നവീകരണപഠനങ്ങളെ സുശക്തമായി എതിരിടുന്നതിനു സഹായിച്ചു. ഈ പുസ്തകം വായനയോഗങ്ങളിലും മററും വായിക്കയും അതിലെ പ്രതിപാദനരീതിയും വാദഗതികളും ന്യായങ്ങളും യുക്തികളുമെല്ലാം, കേൾവിക്കാരെ ആകർഷിക്കയും പലർക്കും റോമൻകത്തോലിക്കാസഭയെപ്പററി ജിജ്ഞാസ വർദ്ധിക്കയുംചെയ്തു. ഇത്തരുണത്തിൽ കത്തോലിക്കാ വൈദികരുമായി ഇടപെടുന്നതിനും അവരിൽനിന്നു ലഭിച്ച ഉപദേശങ്ങളും ലഘുലേഖകളും മററു പ്രസിദ്ധീകരണങ്ങളുംവഴിയായി കത്തോലിക്കാസഭയേയും കത്തോലിക്കരേയുംപററി ഒരു മതിപ്പുണ്ടാകുന്നതിനുമിടയായി. അതു വിഗ്രഹാരാധകരുടേയും വിദ്യാവിഹീനരായ അപരിഷ്കൃതരുടേയും സമൂഹമല്ലെന്നും പൂർവ്വികക്രൈസ്തവവിശ്വാസാചാരങ്ങളെ പാലിച്ചുകൊണ്ടിരിക്കുന്ന സഭയാണെന്നും പാണ്ഡിത്യവും ആഭിജാത്യവും സംസ്കാരസമ്പത്തുമുള്ള കോടിക്കണക്കിനാളുകൾ ഭൂലോകത്തിൻെറ വിവിധഭാഗങ്ങളിൽ അതിൻെറ സന്താനങ്ങളായുണ്ടെന്നും കേരളത്തിലെ സുറിയാനിക്കാരിൽ ഭൂരിപക്ഷവും ആ സഭയുടെ സന്താനങ്ങളാണെന്നും മനസ്സിലായി. വാശിയും മത്സരവും വ്യവഹാരങ്ങളുംകൊണ്ടു കലുഷിതമായ ഒരു ക്രൈസ്തവാന്തരീക്ഷത്തിൽനിന്നും കത്തോലിക്കാസഭയോടു യോജിക്കയല്ലേ വേണ്ടതെന്നുള്ള ഒരു ആഹ്വാനം സത്യാന്വേഷികളുടെ അന്തരാത്മാവിൽ കുടികൊണ്ടു.

1925-ാമാണ്ടോടടുത്തു യാക്കോബായസഭയിൽ നിലയും വിലയും പാണ്ഡിത്യവുമുള്ള ചില വൈദികർ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുകയുണ്ടായി. കുന്നംകുളത്തു പനയ്ക്കൽ യാക്കോബു കത്തനാർ, കോട്ടയത്തു പുലയൻകാട്ടിൽ ജോൺഅച്ചൻ, മാവേലിക്കര വീട്ടിനാൽ നയിനാൻ അച്ചൻ, കുടശ്ശനാട്ടു മുളപ്പോമണ്ണിൽ യാക്കോബു കത്തനാർ, മല്ലപ്പള്ളിൽ പഴയപള്ളിൽ ദാവീദുകത്തനാർ മുതലായവരുടെ പേരുകൾ ആ കൂട്ടത്തിൽ പ്രസ്താവ്യങ്ങളാണു്. ഇവരിൽ ദാവീദുകത്തനാർ ഭരണപരമായ ഒരു പിണക്കംമൂലം തിരിച്ചുപോയെങ്കിലും, കത്തോലിക്കാസഭയേയും അതിൻെറ വിശ്വാസാചാരങ്ങളേയുംപററി യാതൊരു ശങ്കയ്ക്കും അവകാശമില്ലെന്നും, ഒററയ്ക്കു ചേരുന്നതിനേക്കാൾ, റീത്തു അനുവദിപ്പിച്ചുകൊണ്ടു സമൂഹമായി നമ്മുടെ മെത്രാന്മാരോടുകൂടി പുനരൈക്യപ്പെടുകയാണു വേണ്ടതെന്നും മററും, ഈ ലേഖകൻ പുനരൈക്യത്തിനു ആഗ്രഹിച്ചു ശ്രമിച്ചു് അദ്ദേഹം തിരിച്ചുപോരാനുള്ള കാരണമറിയുന്നതിനു ചെന്നപ്പോൾ അദ്ദേഹത്തിൽനിന്നു നേരിട്ടറിയുന്നതിനിടയായിട്ടുണ്ടു്. കൂടാതെ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് മുതലായ യാക്കോബായ സഭയിലെ സുപ്രസിദ്ധന്മാരും പണ്ഡിതവര്യന്മാരുമായ ചിലരുടെ പ്രസംഗങ്ങളിലും സംഭാഷണങ്ങളിലും തങ്ങളുടെ നിലപാടിനെ ഉറപ്പിക്കുന്നതിനുവേണ്ടി "1653 ലെ കൂനൻകുരിശു സത്യത്തിനുശേഷമാണു് മലങ്കരയാക്കോബായ ബന്ധമുണ്ടായതെന്നും, എ. ഡി. 451-ൽ കൽക്കദോനിയായിൽ 630 മെത്രാന്മാർ സൂനഹദോസു ചേർന്നു മുടക്കിയതു്, സാധുവായ മുടക്കല്ലെന്നു വാദിച്ചു അനുസരിക്കാതിരുന്നവരുടെ വിരസന്താനങ്ങളാണോ, ഇന്നു ഒരു പാത്രിയർക്കീസിൻെറ—ഈ അബ്ദുള്ളാ ബാവായുടെ മുടക്കു അനുസരിക്കേണ്ടതെന്നും" മററും ഓമല്ലൂർപള്ളിയിൽ ഒരു വമ്പിച്ച ജനക്കൂട്ടത്തിൻെറ മദ്ധ്യത്തിൽനിന്നുകൊണ്ടു് സ്പഷ്ടമായ ഭാഷയിൽ പരസ്യമായി വികാരാവേശത്തോടുകൂടി പ്രസംഗിക്കയുണ്ടായി. ഈ ലേഖകനുൾപ്പെടെ ആയിരക്കണക്കിനാളുകൾ ഇതു കേട്ടതാണു്. മതബോധമുള്ളവർക്കു ഇതു ചിന്താവിഷയമായി. മാർത്തോമ്മാശ്ലീഹായുടെ കാലംമുതൽ കൂനൻകുരിശുസത്യം നടന്നതുവരെ ഇവിടെ ഉണ്ടായിരുന്ന സഭ ഏതെന്നറിയുന്നതിനു് സഭാചരിത്രത്തിൻെറ ഏടുകളിലേക്കു ദൃഷ്ടിപതിപ്പിച്ചു. മദ്ധ്യതിരുവിതാംകൂറിലെ മതബോധമുള്ള യാക്കോബായക്കാരിൽ ഈ ചിന്ത പ്രബലപ്പെട്ടു്, കാതോലികവും ശ്ലൈഹികവും വിശുദ്ധവുമായ ഏകസത്യസഭയെ ആരാ

(ശേഷം 4-ാംപേജിൽ)

ചോദ്യോത്തരപംക്തി

II

# മതനവീകരണം

[കെ. ഇ. ജോബ്ബ് എം. എ. എൽ ററി.]

16-ാം ശതകത്തിൽ ഒരു മതനവീകരണം അത്യാവശ്യമായിരുന്നില്ലേ? ലൂഥർ നടത്തിയ മതനവീകരണം പാശ്ചാത്യക്രൈസ്തവലോകത്തിൻെറ സന്മാർഗ്ഗസ്വരത്തെ ഗണ്യമായി ഉയർത്തിയില്ലേ? കത്തോലിക്കാസഭയുടെ ദൂഷ്യം ഒന്നുകൊണ്ടു മാത്രമായിരുന്നില്ലേ ലൂഥർ നയിച്ച നവീകരണപ്രസ്ഥാനത്തോടു യൂറോപ്പിലെ ബഹുജനങ്ങൾ പൂർണ്ണമായി സഹകരിച്ചതു?

16-ാം ശതകാരംഭത്തിൽ പാശ്ചാത്യക്രൈസ്തവലോകത്തിൽ അയോഗ്യരും അധർമ്മികളുമായ പല പട്ടക്കാരും മേല്പട്ടക്കാരും സാമാന്യജനങ്ങളും പ്രഭുക്കളും രാജാക്കന്മാരും ഉണ്ടായിരുന്നുവെന്നുള്ളതു് ഇന്നത്തെ കത്തോലിക്കർ തലയുംകുലുക്കി സമ്മതിക്കുന്ന ഒരു ചരിത്രവസ്തുതയാണു്. വൈദികവിഭാഗത്തിൽ തന്നേയും പ്രാപഞ്ചികതാവും അധാർമ്മികജീവിതവും സ്വജനപക്ഷപാതവും ദ്രവ്യാഗ്രഹവും ധാരാളം ദൃശ്യമായിരുന്നുവെന്നു് പാസ്റ്റർ മുതലായ കത്തോലിക്കാ ചരിത്രകാരന്മാർ സ്പഷ്ടമായി പറഞ്ഞിട്ടുണ്ടു്. പക്ഷെ അതേയവസരത്തിൽതന്നെ നിസ്തുല്യരായി പുണ്യജീവിതം നയിച്ച അനേകം പുണ്യാത്മാക്കളും യൂറോപ്പിലുണ്ടായിരുന്നുവെന്നുള്ള വസ്തുതയും പാസ്റ്റർ ചൂണ്ടിക്കാണിക്കുന്നുണ്ടു്. 1400 നും 1529 നും ഇടയ്ക്കു് ഇററലിരാജ്യത്തിൽതന്നെ വിശുദ്ധന്മാരും ധന്യന്മാരുമായി 88 പുണ്യാത്മാക്കൾ ജീവിച്ചിരുന്നതായി പാസ്റ്റർ വിവരിക്കുന്നു. അക്രമികളുടേയും കുററവാളികളുടേയും പേരുകൾ എപ്പോഴും കുപ്രസിദ്ധി ആർജ്ജിക്കുകയും, സത്യസന്ധന്മാരുടേയും മര്യാദക്കാരുടേയും പേരുകൾ വലിയ ഒച്ചപ്പാടൊന്നും ഉണ്ടാക്കാതെയിരിക്കുകയുമാണല്ലോ പതിവു്.

പാശ്ചാത്യക്രൈസ്തവലോകത്തിലെ നടപടിദൂഷ്യങ്ങളെ പരിഹരിക്കുന്നതിനുവേണ്ടി തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്തിട്ടുള്ള അനേകം വിശുദ്ധന്മാരുണ്ടു്. അവരിൽ ഒരുവനാണു് വിശുദ്ധ ചാൾസ് ബൊറോമിയോ എന്ന ദേഹം. 1538 നും 1584 നും ഇടയ്ക്കു് ജീവിച്ചിരുന്ന ഇദ്ദേഹം മിലാനിലെ മെത്രാപ്പോലീത്തായും സഭാനവീകരണത്തിൽ അത്യന്തം ശ്രദ്ധാലുവും അഗാധപണ്ഡിതനും തികഞ്ഞ ഭക്തനും ഔദാര്യനിധിയും ത്യാഗസമ്പന്നനുമായിരുന്നു. അദ്ദേഹത്തെപ്പോലെയുള്ള വേറൊരു പുണ്യദേഹമായിരുന്നു പീററർ കനീസിയസ്. അദ്ദേഹം 1521 മുതൽ 1597 വരെ ജർമ്മനിയിൽ ജീവിച്ചു. 1543-ൽ ജസ്വിററ് സഭയിൽ പ്രവേശിച്ചശേഷം ബവേറിയാ, ബൊഹീമിയാ, സ്വാബിയാ, ടിറോൾ, ഹംഗറി മുതലായ പ്രദേശങ്ങളിൽ ഊർജ്ജസ്വലമായി സഭാനവീകരണം അനുഷ്ഠിച്ചു. ഇങ്ങനെ പറഞ്ഞുതുടങ്ങിയാൽ അത്യന്തം തീക്ഷ്ണമതികളായ ഒട്ടനേകം നവീകരണമനോഭാവികളായ വിശുദ്ധന്മാർ 16-ാം ശതകത്തിൽ ജീവിച്ചിരുന്നതായി പ്രത്യക്ഷപ്പെടും. ഇഗ്നേഷ്യസ് ലയോള, ഫ്രാൻസീസ് സേവ്യർ, അവിലായിലെ ത്രേസ്യ, കുരിശിൻെറ യോഹന്നാൻ, തോമസ് മൂർ, സ്റ്റനിസ്ലോസ് കോസ്റ്റ്കാ, പീയൂസ് പഞ്ചമൻ ഇവരൊക്കെ അതിൽ പെടും.

പക്ഷെ അവരുടെ ഉദ്ദേശ്യങ്ങളും മാർട്ടിൻ ലൂഥർ, സ്വിംഗ്ലി, കാൽവിൻ, ഹെൻറി എട്ടാമൻ എന്നിവരുടെ ഉദ്ദേശ്യങ്ങളും തമ്മിൽ വളരെ അന്തരമുണ്ടായിരുന്നു. ക്രിസ്തീയസഭയുടെ ദൃശ്യതലവനും, പത്രോസിൻെറ പിൻഗാമിയുമായ റോമ്മാമാർപ്പാപ്പായുടെ അധികാരത്തെ ധിക്കരിച്ചുകൊണ്ടും, കാതലായ ക്രൈസ്തവവിശ്വാസങ്ങളെ അവഗണിച്ചുകൊണ്ടും, ക്രൈസ്തവധാർമ്മികതത്വങ്ങളിൽ വ്യതിയാനം ചെയ്തുകൊണ്ടും വിപ്ലവമാർഗ്ഗങ്ങളെ സ്വീകരിച്ചുകൊണ്ടുമാണു് ലൂഥറും മററും തങ്ങളുടെ "മതനവീകരണ"പരിപാടികൾ ആസൂത്രണം ചെയ്തതു്. അവരുടെ മതനവീകരണഫലമായി പാശ്ചാത്യലോകം, ബുദ്ധിപരമായും, സാമൂഹ്യമായും, ധാർമ്മികമായും ആദ്ധ്യാത്മികമായും അധഃപതിക്കുകയാണുണ്ടായതെന്നു്, അനേകം പ്രോട്ടസ്റ്റൻറു് ചരിത്രകാരന്മാരുടെ അഭിപ്രായങ്ങളെ ഉദ്ധരിച്ചുകൊണ്ടു്, ഡോളിഞ്ജർ എന്ന ചരിത്രകാരൻ തെളിയിച്ചിട്ടുണ്ടു്. ലൂഥർതന്നേയും ഇക്കാര്യം തുറന്നു പറയുവാൻ മടിച്ചിട്ടില്ല. "ഇപ്പോഴാകട്ടെ ജനങ്ങൾ വളരെ വഷളന്മാരും അത്യാഗ്രഹികളും ക്രൂരന്മാരും ചാരിത്രരഹിതന്മാരുമായിട്ടുണ്ടു്, അവർ പാപ്പായുടെ കീഴിലായിരുന്ന കാലത്തെ അപേക്ഷിച്ചു്" എന്നിങ്ങനെയാണു് അദ്ദേഹം പ്രോട്ടസ്റ്റൻറു മതനവീകരണത്തിൻെറ ഫലത്തെക്കുറിച്ചു പറയുന്നതു്. ലൂഥർ, തൻെറ സ്വന്തനഗരമായ വിററൻബർഗ്ഗിനെ വിളിക്കുന്നതു് Sodom of Immorality "സന്മാർഗ്ഗവിഹീനതയുടെ സോദോം" എന്നാണു്. ഈ പട്ടണവാസികളിൽ പകുതിയോളം വ്യഭിചാരത്തിലും അന്യായപലിശവാങ്ങലിലും മോഷണത്തിലും വഞ്ചനയിലും മുഴുകിയിരുന്നെങ്കിലും, ആരും അവിടെ നിയമങ്ങൾ നടപ്പിലാക്കുവാൻ ശ്രമിക്കാത്തതിൽ അദ്ദേഹം അത്ഭുതപ്പെടുകയാണു ചെയ്തിട്ടുള്ളതു്. മേൽ വിവരിച്ചവയിൽനിന്നും നമുക്കു സ്പഷ്ടമായി കാണാവുന്ന സംഗതി, പ്രോട്ടസ്റ്റൻറുമതനവീകരണംമൂലം 16-ാം ശതകത്തിലെ പാശ്ചാത്യക്രൈസ്തവലോകത്തിൻെറ സാന്മാർഗ്ഗികസ്വരം ഗണ്യമായി താഴ്കയാണു ചെയ്തതെന്നുള്ളതാണു്. കത്തോലിക്കാ ഐക്യവും, പാപ്പായുടെ ആധിപത്യവും പാശ്ചാത്യലോകത്തെ അധഃപതിപ്പിച്ചുവെന്നും, പ്രോട്ടസ്റ്റൻറു് നവീകരണവും തന്മൂലമുണ്ടായ അനൈകമത്യവും യൂറോപ്പിനെ പുനരുദ്ധരിച്ചുവെന്നുമുള്ള വാദം കേവലം പൊള്ളയാണെന്നു് ഉവണ്ണം ഇതിൽനിന്നു ഗ്രഹിക്കുവാൻ.

16-ാംശതകത്തിലെ മതപരമായ ദുരവസ്ഥയ്ക്കുള്ള യഥാർത്ഥ കാരണം പാപ്പാസ്ഥാനത്തിനു പാശ്ചാത്യലോകത്തിൽ സംഭവിച്ച ശക്തിക്ഷയമായിരുന്നു. 14-ാംശതകത്തിൽ ബോണിഫാസ് എട്ടാമൻ എന്ന മാർപ്പാപ്പായും ഫ്രാൻസിലെ ഫിലിപ്പ് ദി ഫെയർ എന്ന രാജാവും തമ്മിലുണ്ടായ വഴക്കു മൂത്തതിൻെറ ഫലമായി, 1309-നും 1376-നും ഇടയ്ക്കു വാണ മാർപ്പാപ്പാമാർ റോമ്മാനഗരം വിട്ടു് ഫ്രാൻസിലുള്ള ആവിഞ്ഞോൺനഗരത്തിൽ പോയി വസിച്ചതുമൂലം, പൊതുജനമദ്ധ്യത്തിൽ, പാപ്പാസ്ഥാനത്തോടുണ്ടായിരുന്ന മതിപ്പു വളരെ കുറഞ്ഞു.

കുറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടംകൊടുക്കുന്നതാകുന്നു.
ബാങ്ക് ഓഫ്
കൊച്ചിൻ
ലിമിററഡ്
എറണാകുളം, തൃശ്ശൂർ,
മട്ടാഞ്ചേരി, ചാലക്കുടി,
വില്ലിംഗ്ഡൺ ദ്വീപു്.

ബാബിലോണിലേക്കു് യഹൂദജനങ്ങളെ അടിമകളായി പിടിച്ചുകൊണ്ടു പോയതിനോടാണു് പാശ്ചാത്യക്രിസ്ത്യാനികൾ മാർപ്പാപ്പാമാരുടെ ഈ വിപ്രവാസത്തെ തുലനം ചെയ്തതു്. അതിനെ തുടർന്നു, 1378 മുതൽ 1417 വരെ നടന്ന പാശ്ചാത്യശീഷ്മം എന്നറിയപ്പെടുന്ന ലജ്ജാകരമായ സംഭവങ്ങൾ, പാപ്പാസ്ഥാനത്തോടു ജനങ്ങൾക്കുണ്ടായിരുന്ന ബാക്കി മതിപ്പിനെയും ബഹുമാനത്തേയും വളരെ അധികം ക്ഷയിപ്പിച്ചു. ഈ സംഭവങ്ങളെ തുടർന്നു 1348നും 1350നും ഇടയ്ക്കു് ബ്ളാക്കു്ഡെത്തു് എന്നു ചരിത്രകാരന്മാർ വ്യവഹരിച്ചുവരുന്ന ഒരു മഹാവ്യാധിമൂലം പാശ്ചാത്യയൂറോപ്പിലെ ജനങ്ങളിൽ മൂന്നിലൊരു ഭാഗം ചത്തൊടുങ്ങി. പെട്ടെന്നുണ്ടായ ഈ മഹാമാരിയാൽ അനേകം വൈദികർ മൃതിയടഞ്ഞതുമൂലം, വേണ്ടത്ര പരിപ്പം യോഗ്യതയുമില്ലാത്ത ഒട്ടനേകം ആളുകളെ വൈദികവൃത്തിയിൽ സ്വീകരിക്കേണ്ട ആവശ്യം നേരിട്ടു. ഇതേ അവസരത്തിൽ തന്നെ ബഹുജനങ്ങളുടെ ഇടയിലും ആദ്ധ്യാത്മികവും ധാർമ്മികവുമായ ഒരു അധഃപതനം സംഭവിച്ചു. ഇതിൻെറ ഫലമായി ജനങ്ങളുടെ ഇടയിൽ വൈദികരുടെ നേരെ ഒരു വിരോധമനോഭാവം ആവിർഭവിച്ചു. ഈ വിരുദ്ധമനോഭാവത്തോടു കൂടി, അച്ചടിയന്ത്രത്തിൻെറ കണ്ടുപിടുത്തവും, പൗരാണികയവനവിജ്ഞാനത്തിൻെറ പുനരുദ്ധാരണവും, നവീനഭൂഭാഗങ്ങളുടെ കണ്ടുപിടുത്തവും, വാണിജ്യവികാസംകൊണ്ടുണ്ടായ സമ്പൽസമൃദ്ധിയും, ഇതിൻെറ ഫലമായി സംഭവിച്ച അതിരു കടന്ന സുഖഭോഗാസക്തിയും, ദേശീയമാത്സര്യങ്ങളും വ്യക്തിസ്വാതന്ത്ര്യത്തിൻെറ ശക്തിമത്തായ അലതല്ലലും, എല്ലാംകൂടി സമ്മേളിച്ചപ്പോഴാണു് മാർട്ടിൻ ലൂഥർ, സഹായസ് സ്വിംഗ്ലി, ജോൺ കാൽവിൻ, ഹെൻറി എട്ടാമൻ, ജോൺഹസ്സ് എന്നിങ്ങനെയുള്ള മതവിപ്ലവനേതാക്കന്മാരുടെ പിറകെ, യൂറോപ്പിലെ സാമാന്യജനങ്ങളിൽ വലിയൊരു ഭാഗം ഓടിയതു ക്രൈസ്തവസഭയുടെ ഐക്യത്തെ അവർ ഭഞ്ജിക്കുകയും വിശ്വാസാചാരങ്ങളെ ലംഘിക്കുകയും ചെയ്യുവാനിടയായതും. ആകയാൽ 16-ാംശതകത്തിലെ പ്രോട്ടസ്റ്റൻറുമതനവീകരണത്തിൻെറ യഥാർത്ഥഹേതു, മിശിഹാ സ്ഥാപിച്ച വിശുദ്ധവും കാതോലികവും അപ്പസ്തോലികവും ആയ ഏകസത്യസഭയുടെ ദൂഷ്യമല്ല, പ്രത്യുത അതു് അക്കാലത്തെ പട്ടക്കാരിലും ജനങ്ങളിലും വ്യക്തികളെന്ന നിലയിൽ പ്രത്യക്ഷമായ ധാർമ്മികശിക്ഷണത്തിൻെറ അധഃപതനം മാത്രമായിരുന്നു എന്നു് നിഷ്പക്ഷചരിത്രപഠിതാക്കൾക്കു് വേഗം മനസ്സിലാക്കാവുന്നതാണു്. തൽഫലമായി അവർ തങ്ങളുടെ ദൈവദത്തമായ മതവിശ്വാസമനുസരിച്ചുള്ള ജീവിതനൈർമ്മല്യത്തെ ആദ്യമേ പരിത്യജിച്ചു. പിന്നീടു് അവർ ശാസ്ത്രോക്തമായ സത്യവിശ്വാസത്തെത്തന്നെയും ധിക്കരിച്ചു.


(തുടരും)

---

വിശുദ്ധ യൗസേപ്പിതാവിൻെറയും, പരി. ദേവമാതാവിൻെറയും, അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥരായ വിശുദ്ധ യൂദാ തദ്ദേവൂസിൻെറയും, വിശുദ്ധ റീത്തായുടേയും, വി. പത്താംപീയൂസിൻെറയും മാദ്ധ്യസ്ഥത്താലും ബ. അൽഫോൻസാമ്മയുടേയും ശുദ്ധീകരാത്മാക്കളുടേയും സഹായത്താലും അപേക്ഷിച്ചകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

വിശ്വാസി

---




ബ. അൽഫോൻസാമ്മയുടെ സഹായത്താലും വി. പത്താംപീയൂസിൻെറ മദ്ധ്യസ്ഥതയാലും, എൻെറ കുഞ്ഞിൻെറ സുഖക്കേടു ഭേദമായതിനു് ഉപകാരസ്മരണ.

മറിയക്കുട്ടി ഐസക്കു്
മാവേലിക്കര

---

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കു പുറമെ 8—12—0

FAMOUS FOR
All kinds of Leather goods
Handbags, Shoes, Chapals Etc.
Mayor Leather Works
M. O. ROAD, TRICHUR

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്.

ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | " | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | " | 5,97,150—0—0 |
| പ്രവർത്തനമൂലധനം. | " | 36,50,100—0—0 |

ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. ഏ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. " കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്നു്
3. " ഡോമിനിക്കു് ജോസഫ് കുരുവിനാക്കുന്നേൽ, ഇടമററം, ഭരണങ്ങാനം
4. " മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടൂപറമ്പിൽ, വിളക്കുമാടം
5. " തോമസ് ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
6. " കുഞ്ചെറിയാ ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി (മാനേജിംഗ് ഡയറക്ടർ)

Reg. No. M. 2295

# Sathya Deepam

Vol. 29 Ernakulam, October 5, 1955 No. 9

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം



## "കൊച്ചുപുണ്യവാൻ"

### വിശുദ്ധ ഡോമിനിക്ക് സാവിയോ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

നിങ്ങളുടെ പ്രാണപ്രിയനായ കുഞ്ഞുഡോമിനിക്കിന്റെ ലോക ജീവിതത്തിലെ അന്ത്യരംഗമായി. വിശുദ്ധൻ മരിച്ചു. സങ്കടകരമായ ഒരു സംഭവം. പതിനഞ്ചു വയസ്സു ഇനിയും തികയാത്ത ആ നല്ല ബാലൻ ലോകത്തിൽനിന്നു മറയുകയാണ്. ആരുടെ കണ്ണുകളാണ് നിറയാത്തതു്! ആരുടെ ഹൃദയമാണ് തുടിക്കാത്തതു്! 1842 ഏപ്രിൽ 2-ാംനു ജനിച്ചു; 1857 മാർച്ച് 9-ാംനു മരിച്ചു! ഈ ജീവിതം ഒരു വിജയമായിരുന്നോ, ഒരു പരാജയമായിരുന്നോ? അതാണ് പ്രശ്നം. ലോകത്തിന്റെ അളവുകോൽകൊണ്ടളക്കുന്നവർ "കഷ്ടം" എന്നു പറയും; ആദ്ധ്യാത്മികതയുടെ അളവുകോൽകൊണ്ടളക്കുന്നവരോ, "അത്ഭുതം" എന്നു പറയും! ഇത്ര ചുരുങ്ങിയ ജീവിതം മതി ഒരു മനുഷ്യവ്യക്തിയിൽ പുണ്യപൂർണ്ണത വികസിക്കുവാൻ—ഒരാൾ പുണ്യവാനാകാൻ. വല്യേട്ടൻ.




41-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

"മഹാരണം"

നാലുവർണ്ണമതിനാൽ
"മഹാരണം"
നാലുമൊന്നുമിണയാക്കിലോ
"മണം"
ചേലൊഴിഞ്ഞ മുറിവൈദ്യരിൽ രണ്ടാം
കാലുവെക്കിൽ "മരണം" വരും ക്ഷണം.

### പ്രശ്നം നമ്പ്ര് 42

(ജെയ്ക്കബ് വടക്കുംചേരി ആലുവാ, വയസ്സ് 9)

ഞാനും നിങ്ങളും തമ്മിൽ ഏററം അടുത്ത ബന്ധമാണുള്ളതു്. എന്റെ പേരിനു മൂന്നക്ഷരം. ആദ്യക്ഷരം മാനത്തിലുണ്ട്, വാനത്തിലില്ല; രണ്ടാമത്തെ അക്ഷരം താമരയിലുണ്ട്, ആമ്പലിലില്ല; മൂന്നാമത്തെ അക്ഷരം ദാതാവിലുണ്ട്, ദാനത്തിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## അമ്മ സാധിച്ചുതരും

(സെബാസ്റ്റ്യൻ ജെ. ആലപ്പാട്ട്, കരാഞ്ചിറ)

"അപ്പച്ചാ, ഒന്നു കുമ്പസാരിച്ചു വിശുദ്ധകുർബാന കൈക്കൊണ്ടു് ഒടുക്കത്തെ ഒപ്രുശുമാ സ്വീകരിക്കാൻ കഴിവില്ലാതായല്ലോ?" ആനി വൃദ്ധനായ അവളുടെ പിതാവിനോടു് സങ്കടത്തോടെ അറിയിച്ചു.

"അതെന്റെ അമ്മ സാധിച്ചുതരും. നിങ്ങൾ വിഷമിക്കാതിരിക്കു എന്റെ മക്കളെ" വൃദ്ധൻ സമാധാനം പറഞ്ഞു.

ഇപ്രകാരമുള്ള ചോദ്യോത്തരങ്ങൾ ആ ചെറുവീട്ടിൽ ഇടയ്ക്കിടയ്ക്കു ഉണ്ടാകാറുണ്ട്. വൃദ്ധനു് രണ്ടു പെൺമക്കൾ മാത്രമേ ഉള്ളു—ആനി, മേരി. രണ്ടുപേരും അവിവാഹിതരാണ്. വൃദ്ധന്റെ ചെറുപ്പകാലത്തു് എന്നും പള്ളിയിൽ പോയിരുന്നു. പരിശുദ്ധകന്യകമറിയത്തിന്റെ വലിയ ഭക്തനുമാണ്.

വൻകാടുകളുടെ മദ്ധ്യത്തിൽ ഒരു മുതലാളിയുടെ കൃഷിസ്ഥലം കാവലാണ് വൃദ്ധന്റെ തൊഴിൽ. ആയതുകൊണ്ടു് ആ കാട്ടിൽതന്നെ അയാളുടെ കുടുംബവും. വിജനമായ ആ വനമദ്ധ്യത്തിൽ രോഗക്കിടക്കയിൽ ജീവിതനിമിഷങ്ങൾ എണ്ണിക്കഴിയുകയാണ് ആ സാധുവൃദ്ധൻ. എങ്കിലും അയാൾ പ്രശാന്തനാണ്. നിരാലംബരായ മക്കളുടെ ഉൽക്കണ്ഠ അനുനിമിഷം വർദ്ധിക്കുകയാണ്. അപ്പനു ആത്മരക്ഷയ്ക്കുവേണ്ട അന്ത്യകൂദാശകൾ നൽകുന്നതിനുപോലും കഴിവില്ലല്ലോ എന്നായിരുന്നു അവരുടെ വലിയ ഖേദം. അവർ പ്രാർത്ഥിച്ചു.

* * *

ആ മിഷ്യനിലെ മെത്രാൻ ഒരു രൂപതാസന്ദർശനയാത്ര ആരംഭിച്ചിരിക്കുകയാണ്. കാട്ടിൽക്കൂടിയും, മൈതാനങ്ങളിൽക്കൂടിയും അദ്ദേഹം അജഗണങ്ങളുടെ ഓരോ വീടും സന്ദർശിച്ചു. ചിലപ്പോൾ സഹായത്തിനു വൈദികർ കൂട്ടത്തിലുണ്ടാകും; ചിലപ്പോൾ ഉപദേശിമാരാകും കൂട്ടത്തിൽ. ചുരുക്കം ചില അവസരങ്ങളിൽ സംഗതിവശാൽ തനിച്ചായെന്നും വരും. ഒരു ദിവസം സന്ധ്യയോടടുത്തപ്പോൾ അദ്ദേഹം തനിച്ചു ഒരു കാടുകടന്നു അപ്പുറത്തുള്ള ഗ്രാമത്തിലേക്കു പോവുകയായിരുന്നു. കുറെ അധികം നടന്നപ്പോൾ വഴിതെററി എന്നു അദ്ദേഹം മനസ്സിലാക്കി. നേരം ഇരുട്ടി. അന്തരീക്ഷം ആകപ്പാടെ പ്രതികൂലമായി. മഴക്കാറുകൊണ്ടു ആകാശം മൂടി. ശക്തിയായ മഴ, ഇടിവെട്ട്. വഴികാണുവാൻ ദൈവം നൽകുന്ന വെളിച്ചംപോലെ ഇടക്കിടയ്ക്കു ഓരോ മിന്നൽപ്പിണരുകൾമാത്രം തെളിയുന്നുണ്ട്. അദ്ദേഹം ദൈവത്തിൽ ശരണപ്പെട്ടു യാത്രതുടർന്നു.

"അപ്പച്ചാ, അപ്പച്ചനു വേണ്ടുന്നതു തരാൻ ഒരു വൈദികനില്ലാതെ പോയല്ലോ അപ്പച്ചാ," എന്ന ഒരു വിലാപശബ്ദം അദ്ദേഹത്തിന്റെ ശ്രവണപുടങ്ങളിൽ വന്നലച്ചു. താൻ ഒരു കുടിലിന്നരികെ എത്തിയിരിക്കുന്നു എന്നു അദ്ദേഹത്തിനു മനസ്സിലായി. അണയാറായ ഒരു വിളക്കിൽനിന്നു വന്ന നേരിയവെളിച്ചത്തിന്റെ സഹായത്താൽ അദ്ദേഹം അകത്തുകടന്നു. "എന്താ, നിങ്ങളുടെ പിതാവിനു സുഖമില്ല എന്നു പറഞ്ഞതു്?" അദ്ദേഹം ആ പെൺകുട്ടികളോടു ചോദിച്ചു.

കുട്ടികൾ അവരുടെ അപ്പച്ചന്റെ സകല വിവരങ്ങളും അതിഥിയെ അറിയിച്ചു.

അദ്ദേഹം ആ വൃദ്ധന്റെ അരികിൽ ചെന്നു് "രോഗം കുറച്ചുവിഷമമാണ് അല്ലേ? ഇവിടെ വൈദികരാരും എത്തിയില്ലായിരിക്കാം." എന്നു പറഞ്ഞു.

"എന്റെ കാര്യം ദൈവം നടത്തിത്തരും. മരിക്കാറാകുമ്പോൾ എനിക്കു കുമ്പസാരിക്കാനും മററും എന്റെ അമ്മ അച്ചനെ കൊണ്ടുവരും." വൃദ്ധൻ പറഞ്ഞു.

"അപ്പൂപ്പാ അതെങ്ങിനെയാണ് അറിയുക?" മെത്രാൻ ചോദിച്ചു.

"ഞാൻ എന്നും...... എന്റെ മാതാവിനോടു്...... ഞാൻ മരിക്കുമ്പോ...... ഒരു അച്ചൻ... എന്റെ അരികെവേണം... എന്നു് പറഞ്ഞു അപേക്ഷിച്ചിട്ടുണ്ട്. അതു അമ്മ നിറവേററിത്തരാതിരിക്കയില്ല." വൃദ്ധൻ സമാധാനം പറഞ്ഞു.

അദ്ദേഹം ഒരു മെത്രാനാണെന്നും, വഴിതെററി അവിടെ വന്നതാണെന്നും വൃദ്ധനെ അറിയിച്ചു.

"എന്നാൽ പിതാവേ, എന്റെ ...മരണ... സമയമായി... എനിക്കു്.... കുമ്പസാരിക്കണം... അവിടുന്നു അന്ത്യകൂദാശകളെല്ലാം തരണം...."

ആ സഹോദരികൾ അത്ഭുതപ്പെട്ടു. ദുഃഖവും ആനന്ദവും അവരിൽ അലതല്ലി.

വൃദ്ധൻ കുമ്പസാരിച്ചു. ഒടുക്കത്തെ ഒപ്രുശുമ കൈക്കൊണ്ടു.

"എന്റെ... മക്കളേ.... നിങ്ങൾക്കു്... മന....സ്സിലായോ... നിങ്ങൾ... മാതാവിനോടു... അപേക്ഷിക്കു... ആ അമ്മ... നമ്മുടെ അപേക്ഷ... സാധിച്ചുതരും." വൃദ്ധൻ അവസാനമായി പറഞ്ഞു.

ഒന്നു രണ്ടു നിമിഷത്തിനുള്ളിൽ മെത്രാൻ ആശീർവ്വദിച്ചുകൊണ്ടു നില്ക്കേ, ആ വൃദ്ധന്റെ ആത്മാവു് ശരീരത്തിൽനിന്നും വിമുക്തമായി സ്വർഗ്ഗത്തിലേക്കു പറന്നുപോയി.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1